## പതിമൂന്നാം കേരള നിയമസഭ

### പതിനാലാം സമ്മേളനം

2015 ജൂലൈ 7, ചൊവ്വ

നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങൾ

**[ആകെ ചോദ്യങ്ങൾ--220]**

| മറുപടി നൽകുന്ന മന്ത്രിമാർ | ചോദ്യ നമ്പർ |
|---|---|
| ഊർജ്ജ വകുപ്പുമന്ത്രി | : 1989 മുതൽ 2055 വരെ |
| സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി | : 2056 മുതൽ 2087 വരെ |
| ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി | : 2088 മുതൽ 2135 വരെ |
| വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി | : 2136 മുതൽ 2178 വരെ |
| പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി | : 2179 മുതൽ 2208 വരെ |

#### പുതുതായി നൽകിയ ഗാർഹിക കാർഷിക കണക്ഷനുകൾ

1989. **ശ്രീ.അബ്ദുറഹിമാൻ രണ്ടത്താണി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പുതുതായി നൽകിയ ഗാർഹിക കാർഷിക കണക്ഷനുകൾ എത്രയെന്ന് വ്യക്തമാക്കാമോ;

(ബി) ഇതു മൂലം വൈദ്യുതി ഉപഭോഗത്തിൽ എത്ര ശതമാനം വർധനവ് ഉണ്ടായിട്ടുള്ളതായി കണക്കാക്കിയിട്ടുണ്ട്; വ്യക്തമാക്കാമോ;

(സി) വിവിധ വിഭാഗം ഉപഭോക്താക്കളിൽ നിന്നും ഈടാക്കുന്ന നിരക്കുകൾ വിശദമാക്കാമാ ?

#### വൈദ്യുതി ചാർജ്ജ് കുടിശ്ശിക

1990. **ശ്രീ.എസ്.ശർമ്മ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ചാർജ്ജ് ഇനത്തിൽ കുടിശ്ശികയായി പിരിഞ്ഞു കിട്ടാനുള്ള തുക പിരിച്ചെടുക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ ;

(ബി) ഈ ഇനത്തിൽ കുടിശ്ശിക നൽകാനുള്ള സ്ഥാപനങ്ങളുടെയും വകുപ്പുകളുടെയും പേരുവിവരങ്ങൾ ജില്ല തിരിച്ച് വ്യക്തമാക്കാമോ ;

(സി) എറണാകുളം ജില്ലയിൽ കുടിശ്ശിക ഇനത്തിൽ എത്ര തുക ലഭിക്കുവാനുണ്ടെന്ന് സെക്ഷൻ തിരിച്ച് വ്യക്തമാക്കാമോ ?

## വൈദ്യുത പദ്ധതികൾ

1991. ശ്രീ.സി.കെ സദാശിവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011-2012, 2012-2013, 2013-2014, 2014-2015 സാമ്പത്തിക വർഷങ്ങളിൽ കായംകുളം മണ്ഡലത്തിൽ അനുമതി നൽകിയിട്ടുളള വൈദ്യുത പദ്ധതികൾ ഏതെല്ലാമാണ്;

(ബി) ഓരോ പദ്ധതിക്കും അനുവദിച്ചിട്ടുള്ള തുക എത്ര വീതമെന്നും ഇവയിൽ ഏതൊക്കെ പൂർത്തീകരിച്ചുവെന്നും, നടന്നുവരുന്ന പ്രവൃത്തികൾ ഏതെല്ലാമെന്നും വിശദമാക്കാമോ?

## സ്ട്രീറ്റ് ലൈറ്റുകൾക്ക് മീറ്റർ

1992. ശ്രീ.ബി.സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ മേൽനോട്ടത്തിലുള്ള സ്ട്രീറ്റ് ലൈറ്റുകൾക്ക് മീറ്റർ സ്ഥാപിക്കുന്ന പദ്ധതി നടപ്പിൽ വരുത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഇത് സംബന്ധിച്ച വിശദവിവരം ലഭ്യമാക്കാമോ ;

(ബി) പദ്ധതിക്ക് എത്ര തദ്ദേശ ഭരണ സ്ഥാപനങ്ങൾ കെ.എസ്.ഇ.ബി യ്ക്ക് പണമടച്ചിട്ടുണ്ടെന്നും ആകെ എന്തു തുക ഇതുവഴി ലഭിച്ചിട്ടുണ്ടെന്നും വിശദമാക്കാമോ ;

(സി) പണമടച്ച സ്ഥാപനങ്ങൾക്ക് അടിയന്തരമായി മീറ്ററുകൾ സ്ഥാപിച്ചു നൽകാൻ നടപടി സ്വീകരിക്കാമോ ?

## വൈദ്യുതീകരിച്ച വീട്ടുകൾ

1993. ശ്രീ.സി.കെ സദാശിവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളം മണ്ഡലത്തിലെ വൈദ്യുതീകരിച്ച വീട്ടുകളുടെ എണ്ണം എത്രയാണ്;

(ബി) ഇനി എത്ര വീട്ടുകൾ വൈദ്യുതീകരിക്കാൻ ബാക്കിയുണ്ട് ;വ്യക്തമാക്കാമോ;

(സി) അവ ഏതൊക്കെ പഞ്ചായത്തുകളിലാണ് ;വിശദാംശങ്ങൾ ലഭ്യമാക്കാമോ?

## അപകടത്തിൽപ്പെട്ട് മരണമടഞ്ഞ കെ.എസ്.ഇ.ബി ജീവനക്കാർ

1994. ശ്രീ.കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അധികാരത്തിൽ വന്ന് നാളിതുവരെ എത്ര കെ.എസ്.ഇ.ബി ജീവനക്കാർ ജോലിക്കിടെ അപകടത്തിൽപ്പെട്ട് മരണമടഞ്ഞെന്ന് വെളിപ്പെടുത്താമോ ;

(ബി) അപകടത്തിൽപ്പെട്ട് മരണപ്പെട്ടവരുടെ ഓരോ കുടുംബത്തിനും സർക്കാർ എത്ര രൂപ വീതം ധനസഹായം നൽകിയിട്ടുണ്ടെന്ന് വിശദമാക്കാമോ ?

## കുടിയൊഴിപ്പിക്കപ്പെട്ട ആദിവാസകൾക്ക് ഭൂമി

1995. **ശ്രീ.തോമസ് ഉണ്ണിയാടൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി,മാങ്കുളം വൈദ്യുത പദ്ധതികൾക്കായി കുടിയൊഴിപ്പിക്കപ്പെട്ട ആദിവാസികൾക്ക് ഭൂമി വാങ്ങി വിതരണം ചെയ്തിട്ടുണ്ടോ ;

(ബി) കൃഷിയെ ആശ്രയിച്ച് കഴിഞ്ഞിരുന്ന ആദിവാസികൾക്ക് പാറക്കല്ലുകളും മലഞ്ചരിവുകളുമുള്ള ഭൂമി വാങ്ങി നൽകിയതായും തന്മൂലം അവരുടെ ജീവിതം ദുരിതത്തിലായെന്നുമുള്ള വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) എങ്കിൽ അവർക്ക് കൃഷിയോഗ്യമായ ഭൂമി നൽകുന്നതിന് നടപടി സ്വീകരിക്കുമോ ?

## എ.പി.റ്റി.എസ് സ്ക്വാഡുകളുടെ പ്രവർത്തനം

1996. **ശ്രീമതി.കെ.എസ്.സലീഖ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ കാലയളവിൽ ഓരോ വർഷവും എത്ര യൂണിറ്റ് വൈദ്യുതി മോഷണം തെഫ്റ്റ് സ്ക്വാഡ് കണ്ടുപിടിച്ചു;എത്ര ഫൈൻ ഈടാക്കി;കണ്ടുപിടിച്ചതിൽ എത്രപേരെ ഒഴിവാക്കി;ഇവയിൽ എത്ര കേസ്സുകൾ കോടതിയുടെ പരിഗണനയിലുണ്ട്; പ്രസ്തുത കേസ്സുകളിൽ വൈദ്യുതി ബോർഡ് എന്തു നടപടികൾ സ്വീകരിച്ചു; വിശദാംശം വ്യക്തമാക്കുമോ;

(ബി) ഇതുമായി ബന്ധപ്പെട്ട് ഏതെല്ലാം സ്വകാര്യ സ്ഥാപനങ്ങൾ, വ്യക്തികൾ, ഗാർഹിക ഉപഭോക്താക്കൾ, സർക്കാർ സ്ഥാപനങ്ങൾ എന്നിവർക്കെതിരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചു;

(സി) ഈ സർക്കാർ കാലയളവിൽ എത്ര കാർഷിക വൈദ്യുതി കണക്ഷൻ സംസ്ഥാനത്ത് 2012 മുതൽ 2015 വരെ ഓരോ വർഷവും ഉണ്ടായിരുന്നു; പ്രസ്തുത മേഖലയിൽ എത്ര വൈദ്യുതി മോഷണ കേസ്സുകൾ പിടികൂടി; എത്ര കണക്ഷനുകൾ റദ്ദാക്കി; എത്ര ഫൈൻ തുക ഇവയിൽ നിന്നും ലഭിച്ചു;വിവിധ കോടതികളിൽ എത്ര കേസ്സുകൾ നിലവിലുണ്ട്;ജില്ല തിരിച്ച് വിശദാംശം ലഭ്യമാക്കുമോ;

(ഡി) ഇതിനായി നിയോഗിച്ച എ.പി.റ്റി.എസ് സ്ക്വാഡുകൾക്ക് ഈ സർക്കാർ കാലയളവിൽ ഓരോ വർഷവും എത്ര തുകയുടെ ഉപകരണങ്ങൾ വാങ്ങി ;, ഇനിയും വാങ്ങേണ്ട ഉപകരണങ്ങൾ ഏതെല്ലാം ; ഇതിനായി എത്ര തുക ചെലവാക്കി;ഇനിയും എത്ര തുകയുടെ ആവശ്യകതയുണ്ട്; ജീവനക്കാർക്ക് ശമ്പളം, റ്റി.എ/ഡി.എ, വാഹന ചെലവുകൾ എന്നിവക്കായി എത്ര തുക ചെലവാക്കി എന്നു വ്യക്തമാക്കുമോ;

(ഇ) എ.പി.റ്റി.എസ് സ്ക്വാഡുകളുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ എന്തു നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നു എന്ന് വ്യക്തമാക്കുമോ?

## ജല വൈദ്യുതപദ്ധതികൾ

1997. പ്രൊഫ. സി.രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യത്തിന് ഊർജ്ജ വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം എത്ര ജല വൈദ്യുതപദ്ധതികൾ കമ്മീഷൻ ചെയ്തു എന്ന് വിശദമാക്കാമോ?

## കെ. എസ്. ഇ. ബി . ലിമിറ്റഡിലെ നിയമനം

1998. ശ്രീമതി.പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ. എസ്. ഇ. ബി .ലിമിറ്റഡിൽ പി .എസ്. സി .യെ മറികടന്ന് സ്വന്തം നിലയിൽ നിയമനം നടത്താൻ നീക്കങ്ങൾ നടക്കുന്നുണ്ടോ ; നിയമനങ്ങൾ പി .എസ്. സി മുഖാന്തരം നടത്താൻ നടപടികൾ സ്വീകരിക്കുമോ;

(ബി) സംസ്ഥാന വൈദ്യുതി ബോർഡിനെ സർക്കാരിതര കമ്പനിയാക്കാൻ ശ്രമങ്ങൾ നടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;വിശദാംശം വ്യക്തമാക്കുമോ;

(സി) കെ. എസ്. ഇ. ബി . ലിമിറ്റഡ്എന്ന പുതിയ കമ്പനി മൂന്ന് വിഭാഗങ്ങളാകുമെങ്കിലും ഒരു കുടക്കീഴിൽ സർക്കാർ കമ്പനിയായി നിലനിൽക്കുമെന്ന ഉറപ്പ് പാലിക്കാൻ നടപടികൾ സ്വീകരിക്കുമോ?

## കെ. എസ്. ഇ. ബി. ചാർജ്ജ് കുടിശ്ശിക

1999. ശ്രീ.പി.കെ.ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി.ക്ക് പിരിഞ്ഞുകിട്ടാനുള്ള വൈദ്യുതി ചാർജ്ജ് കുടിശ്ശികയൽ എത്ര തുക പിരിച്ചെടുത്തിട്ടുണ്ട്;

(ബി) ഇത്തരത്തിൽ കുടിശ്ശിക തുക അടയ്ക്കേണ്ട കേന്ദ്ര-സംസ്ഥാന-അർദ്ധസർക്കാർ-പൊതുമേഖലാ സ്ഥാപനങ്ങൾ-ബോർഡുകൾ എന്നിവ ഏതെല്ലാം എന്നും; കുടിശ്ശിക തുക എത്രയെന്നും വ്യക്തമാക്കാമോ;

(സി) കുടിശ്ശികയിനത്തിൽ എന്തു തുക സ്വകാര്യ സ്ഥാപനങ്ങളും വ്യക്തികളും അടയ്ക്കുവാനുണ്ട്;

(ഡി) കുടിശ്ശിക വരുത്തിയവർക്കെതിരെ എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കുമേ?

## കെ.എസ്.ഇ. ബി യിൽ പെൻഷൻ ഫണ്ടും മാസ്റ്റർ ട്രസ്റ്റും

2000. ശ്രീ.ജി.എസ്.ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ. എസ്. ഇ. ബി. ലിമിറ്റഡിൽ പെൻഷൻ നൽകുന്നതിനായി ഒരു പെൻഷൻ ഫണ്ടും പ്രസ്തുത ഫണ്ട് മാനേജ് ചെയ്യുന്നതിനായി ഒരു മാസ്റ്റർ ട്രസ്റ്റും രൂപീകരിക്കുമെന്ന കമ്പനിവൽക്കരണ കൈമാറ്റ പദ്ധതിയിലെയും കെ.എസ്.ഇ.ബി. പുനഃസംഘടനയോടനുബന്ധിച്ച് ഉണ്ടാക്കിയ ത്രികക്ഷി കരാറിലെയും വ്യവസ്ഥകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ പെൻഷൻ ഫണ്ട് രൂപീകരണത്തിന്റെയും മാസ്റ്റർട്രസ്റ്റ് രൂപീകരണത്തിന്റെയും പുരോഗതി അറിയിക്കുമോ ;

(സി) നാളിതുവരെ എത്ര തുക പെൻഷനിൽ നിക്ഷേപിച്ചിട്ടുണ്ട് ;

(ഡി) മാസ്റ്റർ ട്രസ്റ്റ് രൂപീകരിക്കുന്നതിലേക്ക് സ്വീകരിച്ചിട്ടുള്ള മാനദണ്ഡങ്ങൾ എന്തെല്ലാം ; പ്രസ്തുത ട്രസ്റ്റിലെ അംഗങ്ങൾ ആരൊക്കെയാണ് ; വ്യക്തമാക്കുമോ ?

## കെ.എസ്.ഇ.ബി. യിലെ ജീവനക്കാർ

2001. ശ്രീ.ജി.എസ്.ജയലാൽ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി.യിൽ ആകെ എത്ര ജീവനക്കാരാണ് നിലവിലുള്ളതെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത ജീവനക്കാർക്ക് ശമ്പളം നൽകുന്നതിനായി പ്രതിമാസം എന്ത് തുക വേണ്ടിവരുമെന്ന് വ്യക്തമാക്കുമോ;

(സി) ആകെയുള്ള ജീവനക്കാരിൽ ഓഫീസർമാരുടെയും വർക്കർമാരുടെയും എണ്ണം എത്ര വീതമാണെന്ന് പ്രത്യേകമായി വ്യക്തമാക്കുമോ?

## കെ.എസ്.ഇ.ബി. യിലെ വിരമിക്കൽ പ്രായം

2002. ശ്രീ.പി.സി. ജോർജ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി. യെ സർക്കാരിന്റെ ഭാഗമല്ലാതെ മാറ്റുന്നതിനായി സർക്കാരോ ബോർഡോ എന്തെങ്കിലും നടപടികൾ സ്വീകരിയ്ക്കുകയോ ഉത്തരവ് ഇറക്കുകയോ ചെയ്തിട്ടുണ്ടോ ; എങ്കിൽ ഇതിന്റെ പകർപ്പ് ലഭ്യമാക്കി വിശദമാക്കുമോ ;

(ബി) ബോർഡിലെ വിരമിക്കൽ പ്രായം കൂട്ടാൻ എന്തെങ്കിലും നടപടികളോ ശിപാർശകളോ ഉണ്ടോ ; വിശദമാക്കാമോ ;

(സി) ബോർഡിൽ ഇപ്പോൾ ഇലക്ട്രിക്കൽ, സിവിൽ , എഞ്ചിനീയറിംഗ്, മിനിസ്റ്റീരിയൽ വിഭാഗങ്ങളിലായി എത്ര ഉദ്യോഗസ്ഥർ ജോലി ചെയ്യുന്നുണ്ട് ; വിശദമാക്കാമോ ;

(ഡി) നിലവിൽ ഏതൊക്കെ തസ്തികകളിൽ ഒഴിവുണ്ട് ; ഇനം തിരിച്ച് വിശദമാക്കാമോ ;

(ഇ) കരാർ അടിസ്ഥാനത്തിൽ എത്ര ജീവനക്കാർ ജോലി ചെയ്യുന്നുവെന്ന് കണക്കെടുത്തിട്ടുണ്ടോ ; വിശദമാക്കുമോ ?

## കെ.എസ്.ഇ.ബി. യുടെ പ്രവർത്തനം

2003. ശ്രീ.സാജു പോൾ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ. എസ്. ഇ. ബി. യിൽ നിലവിൽ എത്ര മസ്ദൂർ, ലൈൻമാൻ, ഓവർസിയർ, സബ്എഞ്ചിനീയർ, അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നുണ്ടെന്ന് ജില്ല തിരിച്ച് അറിയിക്കുമോ; ഇതിൽ എത്ര എണ്ണം പി. എസ്. സി. യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ഒഴിവുകൾ നികത്താൻ അടിയന്തര നടപടി സ്വീകരിക്കുമോ?

## കെ.എസ്.ഇ.ബി. മസ്ദൂർ നിയമനം

2004. ശ്രീ.റ്റി.വി.രാജേഷ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി. മസ്ദൂർ തസ്തികയിലേയ്ക്കുള്ള പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിൽ വന്നതെപ്പോൾ; ലിസ്റ്റിന്റെ കാലാവധി എന്ന് അവസാനിക്കും; ഇതുവരെ എത്ര ഉദ്യോഗാർത്ഥികൾക്ക് നിയമനം നല്കി; എത്ര ഒഴിവുകൾ നിലവിലുണ്ട്; ജില്ല തിരിച്ച് വിശദാംശം നൽകുമോ;

(ബി) ലൈൻമാൻ, ഓവർസിയർ തസ്തികകളിലേയ്ക്ക് യഥാസമയം പ്രമോഷൻ നല്കാത്തതിനാൽ മസ്ദൂർ തസ്തികയിൽ ഒഴിവുണ്ടാകുന്നില്ല എന്നുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) ഒഴിവുകൾ യഥാസമയം പി.എസ്.സി ക്ക് റിപ്പോർട്ട് ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ?

## കെ.എസ്.ഇ.ബി.യുടെ ആസ്തി

2005. ശ്രീമതി.കെ.എസ്.സലീഖ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ കാലയളവിൽ ഓരോ വർഷവും കെ. എസ്. ഇ. ബി. യുടെ ആഡിറ്റ് പ്രകാരം ഉള്ള ഫിക്സഡ് അസറ്റുകളുടെ ഗ്രോസ് വാല്യൂ എത്രയെന്നും തേയ്മാനം കഴിഞ്ഞുള്ള നെറ്റ് വാല്യൂ എത്രയെന്നും മൊത്തം ആസ്തി എത്രയെന്നും വ്യക്തമാക്കുമോ ;

(ബി) 2011-12 ൽ കെ. എസ്. ഇ. ബി.യുടെ വസ്തുവകകൾ എത്ര തുകയുടേതായിരുന്നുവെന്നും കഴിഞ്ഞ നാലുവർഷമായി എത്ര തുകയുടെ വസ്തുവകകൾ വൈദ്യുതി ബോർഡിന് നഷ്ടപ്പെട്ടുവെന്നും ജില്ല തിരിച്ച് വിശദാംശം ലഭ്യമാക്കുമോ ;

(സി) 2011-12 മുതൽ 2015-16 വരെ ഓരോ വർഷവും കെ. എസ്. ഇ. ബി.യുടെ മൂലധന വായ്പ എത്രയെന്നും വർക്കിംഗ് ക്യാപ്പിലിനുവേണ്ടിയുള്ള ലോൺ എത്രയെന്നും മറ്റു വായ്പകൾ ഏതെല്ലാം എത്ര തുകയ്ക്ക് എന്നും വ്യക്തമാക്കുമോ ;

(ഡി) കെ.എസ്.ഇ.ബി.-യുടെ പ്രവർത്തനങ്ങൾക്കായി 2011-12മുതൽ 2015-16വരെ ഓരോ വർഷവും ചെലവായ തുക (വിവിധയിനങ്ങൾക്കുള്ള വിശദീകരണമുൾപ്പെടെ) എത്ര എന്ന് വ്യക്തമാക്കുമോ ?

ഡാം സുരക്ഷാ- പുനരധിവാസ പദ്ധതികൾ

2006. ശ്രീ.വി.ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യത്തിന് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡാം സുരക്ഷാ- പുനരധിവാസ പദ്ധതികൾക്കായി 2014-15 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ 32 കോടി രൂപ വകയിരുത്തിയിരുന്നത് വിനിയോഗിച്ചു നടപ്പിലാക്കിയ പ്രവൃത്തികളെ സംബന്ധിച്ചുള്ള എല്ലാ വിശദാംശങ്ങളും ലഭ്യമാക്കുമോ?

കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് എന്ന കമ്പനി

2007. ശ്രീ.ജി.എസ്.ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് കൈമാറ്റ പദ്ധതിയുടെ ഭാഗമായി കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് എന്ന കമ്പനി രൂപീകരിച്ചകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇതിൻപ്രകാരം കെ.എസ്.ഇ.ബി. കൈമാറ്റ പദ്ധതിയുടെ ഭാഗമായി പുറത്തിറക്കിയ സർക്കാർ വിജ്ഞാപനം കൈമാറ്റ പദ്ധതിയും ത്രികക്ഷി കരാറും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) പ്രസ്തുത സർക്കാർ വിജ്ഞാപന പ്രകാരവും ത്രികക്ഷികരാർ വ്യവസ്ഥ പ്രകാരവും കെ.എസ്.ഇ.ബി. ലിമിറ്റഡ് എന്ന കമ്പനിയിൽ പെൻഷൻ ബാദ്ധ്യത നിറവേറ്റുന്നതിന് ഒരു പെൻഷൻ ഫണ്ട് രൂപീകരിക്കണമെന്നും ടി ഫണ്ട് രൂപീകരിക്കുന്നതിന് സർക്കാർ വിഹിതം നൽകുമെന്നും വ്യവസ്ഥ ചെയ്തിട്ടുള്ളതായി അറിയുമോ; എത്ര തുകയാണ് പെൻഷൻ ഫണ്ടിലേക്ക് നൽകാമെന്ന് ധനകാര്യവകുപ്പ് സമ്മതിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ഡി) പ്രസ്തുത വകുപ്പിലെ ജീവനക്കാർക്ക് പെൻഷൻ മുടക്കം കൂടാതെ നൽകുന്ന കാര്യത്തിൽ സർക്കാർ ഗ്യാരന്റി നൽകിയിട്ടുള്ളതായി പ്രസ്തുത വിജ്ഞാപനത്തിലും ത്രികക്ഷി കരാറിലും വ്യവസ്ഥയുണ്ടെന്നുള്ള കാര്യം അറിവുള്ളതാണോ; ഈ കാര്യത്തിൽ ധനകാര്യ വകുപ്പ് അനുമതി നൽകിയിട്ടുണ്ടോ ; എന്തൊക്കെ ഗ്യാരന്റി വ്യവസ്ഥകളാണ് ധനകാര്യ വകുപ്പ് അംഗീകരിച്ചിട്ടുള്ളത് ;

(ഇ) പെൻഷൻ ഫണ്ട് ഇനത്തിൽ സർക്കാർ വിഹിതമായി നാളിതുവരെ എത്ര തുകയ്ക്ക് ധനകാര്യ വകുപ്പ് അനുമതി നൽകിയിട്ടുണ്ട്; കെ.എസ്.ഇ.ബി. ലിമിറ്റഡിന് എത്ര തുക നാളിതുവരെ കൈമാറ്റം ചെയ്തിട്ടുണ്ട്; വിശദാംശം അറിയിക്കുമോ ?

വിതരണ ശൃംഖലയുമായി ബന്ധപ്പെട്ട് സംഭവിക്കുന്ന അപകടങ്ങൾ

2008. ശ്രീ.കെ.ശിവദാസൻ നായർ

,, എം.പി.വിൻസെന്റ്

,, ജോസഫ് വാഴയ്ക്കൻ

,, സി.പി.മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിതരണ ശൃംഖലയുമായി ബന്ധപ്പെട്ട് സംഭവിക്കുന്ന അപകടങ്ങൾക്ക് എന്തെല്ലാം നഷ്ടപരിഹാരങ്ങളാണ് നൽകിവരുന്നത്;

(ബി) ഈ സർക്കാരിന്റെ കാലത്ത് നഷ്ട പരിഹാര തുക വർദ്ധിപ്പിച്ചിട്ടുണ്ടോയെന്നും ഉണ്ടെങ്കിൽ ആയത് ലഭിക്കുന്നതിന് എന്തെല്ലാം വ്യവസ്ഥകളാണ് നിലവിലുള്ളതെന്നും വിശദമാക്കുമോ;

(സി) പ്രസ്തുത നഷ്ടപരിഹാരത്തുക സമയബന്ധിതമായി വിതരണം ചെയ്യുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ?

## പുതിയ ഇലക്ട്രിക്കൽ സെക്ഷൻ ആഫീസ്

2009. **ശ്രീമതി.പി. അയിഷാ പോറ്റി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയതായി എത്ര ഇലക്ട്രിക്കൽ സെക്ഷൻ ആഫീസുകൾ ആരംഭിക്കാനാണ് കെ.എസ്.ഇ.ബി, ഊർജ്ജ വകുപ്പിന് ശിപാർശ നൽകിയിട്ടുള്ളത്;

(ബി) കൊല്ലം ജില്ലയിൽ കുഴിമതിക്കാട് ആസ്ഥാനമാക്കി പുതിയ ഇലക്ട്രിക്കൽ സെക്ഷൻ ആഫീസ് ആരംഭിക്കുന്നതിനുള്ള ശിപാർശ ഊർജ്ജ വകുപ്പിന് ലഭിച്ചിട്ടുണ്ടോ; പ്രസ്തുത ശിപാർശയിൽ സ്വീകരിച്ച തുടർ നടപടികൾ വിശദമാക്കുമോ?

## രാജീവ് ഗാന്ധി ഗ്രാമീൺ വൈദ്യുതി കിരൺ യോജന പദ്ധതി

2010. **ശ്രീ.വി.ശിവൻകുട്ടി :** താഴെ കാണുന്ന ചോദ്യത്തിന് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രാജീവ്ഗാന്ധി ഗ്രാമീൺ വൈദ്യുതി കിരൺ യോജന -ആർ.ജി.ജി.വി.വൈ- എന്ന പദ്ധതി നടപ്പിലാക്കുന്നതിനായി 2014-15 സാമ്പത്തിക വർഷത്തെ സംസ്ഥാന ബഡ്ജറ്റിൽ 26 കോടി രൂപ വകയിരുത്തിയിരുന്നത് വിനിയോഗിച്ച് ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള എത്ര ഉപഭോക്താക്കൾക്ക് വൈദ്യുതി കണക്ഷൻ നൽകി എന്നുള്ളതിന്റെ വിശദാംശങ്ങൾ ജില്ല തിരിച്ച് ലഭ്യമാക്കുമോ ?

## സൗജന്യ വൈദ്യുതി കണക്ഷൻ

2011. **ശ്രീ.ബാബു എം. പാലിശ്ശേരി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി കണക്ഷന് ആവശ്യമായിവരുന്ന പോസ്റ്റുകൾക്ക് ഓരോന്നിനും എത്ര രൂപ വീതമാണ് നിലവിൽ ഈടാക്കിവരുന്നത്;

(ബി) സാമ്പത്തികശേഷി ഇല്ലാത്തവരും, വൈദ്യുതി കണക്ഷന് 4ഉം 5ഉം പോസ്റ്റുകൾ വേണ്ടിവരുന്ന ഉൾപ്രദേശങ്ങളിൽ താമസിക്കുന്നവരുമായ കുടുംബങ്ങൾക്ക് സൗജന്യമായി വൈദ്യുതി നൽകുന്നതിന് എന്തെങ്കിലും പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കുമോ?

## മടവൂർ സെക്ഷന് കീഴിലെ വൈദ്യുതി വിതരണം

2012. ശ്രീ.ബി.സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ. എസ്. ഇ. ബി. മടവൂർ സെക്ഷന് കീഴിൽ എത്ര ജീവനക്കാർ ജോലി നോക്കുന്നുണ്ടെന്ന് തസ്തിക തിരിച്ച് വ്യക്തമാക്കാമോ;

(ബി) മടവൂർ സെക്ഷന് കീഴിൽ പോങ്ങനാട്, പഴയചന്ത മേഖലയിൽ സ്ഥിരമായി വൈദ്യുതി സപ്ലൈ ഇല്ലാതാകുന്നതും ജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ടും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതൊഴിവാക്കുന്നതിന് നടപടി സ്വീകരിയ്ക്കുമോ;

(സി) വൈദ്യുതി തടസ്സം ഓഫീസിൽ വിളിച്ചറിയിച്ചാൽ ജീവനക്കാർ ഇതുസംബന്ധിച്ച് ആവശ്യമായ സത്വര നടപടി സ്വീകരിയ്ക്കാതിരിയ്ക്കുന്ന സാഹചര്യം ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

## ഊർജ്ജ പ്രതിസന്ധി പരിഹരിക്കുവാൻ സോളാർ പദ്ധതികൾ

2013. ശ്രീ.കെ.കെ.നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഊർജ്ജ പ്രതിസന്ധി പരിഹരിക്കുവാൻ എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പാക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) അതത് പ്രദേശത്തെ പൊതുസ്ഥാപനങ്ങൾ, സഹകരണ സ്ഥാപനങ്ങൾ എന്നിവയുമായി സഹകരിച്ച് സോളാർ പദ്ധതികൾ നടപ്പാക്കുന്നതിനെക്കുറിച്ച് എന്തെങ്കിലും സാധ്യതാപഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(സി) ജനപങ്കാളിത്തം ഉറപ്പുവരുത്തുവാൻ ഇത്തരം സ്ഥാപനങ്ങൾ വഴി പരമാവധി സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിന് ഉതകുന്ന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുവാൻ നടപടി സ്വീകരിക്കുമോ?

## ഇടുക്കി ജലവൈദ്യുതി പദ്ധതി

2014. ശ്രീ.പി.സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി ജലവൈദ്യുതി പദ്ധതിയിൽ നിന്നും 2014-15 സാമ്പത്തിക വർഷം എത്ര യൂണിറ്റ് വൈദ്യുതി ഉല്പാദിപ്പിച്ചു ;

(ബി) ഇവിടെ നിന്നും ഉല്പാദിപ്പിക്കുന്ന വൈദ്യുതിയുടെ ഇപ്പോഴത്തെ ഉല്പാദനച്ചെലവ് യൂണിറ്റ് ഒന്നിന് എത്ര പൈസ ആകുമെന്ന് വെളിപ്പെടുത്താമോ ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ഇടുക്കി ജലവൈദ്യുത പദ്ധതിയുടെ അറ്റകുറ്റപ്പണിക്കായി എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്ന് വർഷം തിരിച്ച് വിവരിക്കാമോ ;

(ഡി) അറ്റകുറ്റപ്പണി നടത്തിയിട്ടുണ്ടോ ; എങ്കിൽ ഇത് നിർവഹിച്ച കമ്പനി ഏതെന്ന് വ്യക്തമാക്കുമോ ?

**മാങ്കുളം , പള്ളിവാസൽ , തൊട്ടിയാർ, ചെങ്കുളം പദ്ധതികളുടെ പുരോഗതി**

2015. **ശ്രീ.എസ്.രാജേന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാങ്കുളം , പള്ളിവാസൽ , തൊട്ടിയാർ, ചെങ്കുളം എന്നീ വൈദ്യുത പദ്ധതികളുടെ പുരോഗതി വിശദമാക്കുമോ;

(ബി) ഏതെങ്കിലും പദ്ധതിയിൽ കാലതാമസം ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;എങ്കിൽ ഏത് പദ്ധതിയിലാണ്;

(സി) ആയത് പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ?

**വൈദ്യുതി മോഷണം**

2016. **ശ്രീ.അബ്ദുറഹിമാൻ രണ്ടത്താണി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര വൈദ്യുത മോഷണ കേസ്സുകൾ പിടിക്കപ്പെട്ടിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) വൈദ്യുത മോഷണം പിടികൂടിയത് മുഖേന പിഴയായി എത്ര തുക സർക്കാരിന് ലഭ്യമായിട്ടുണ്ടെന്ന് വിശദമാക്കാമോ;

(സി) വൈദ്യുത മോഷണവും അനധികൃത ഉപയോഗവും തടയുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ?

**വൈദ്യുതി ബിൽ ഓൺലൈനായി അടയ്ക്കുന്നതിനുള്ള സംവിധാനം**

2017. **ശ്രീ.സി.പി.മുഹമ്മദ്**
**,, തേറമ്പിൽ രാമകൃഷ്ണൻ**
**,, കെ.ശിവദാസൻ നായർ**
**,, എം.എ. വാഹീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ബിൽ ഓൺലൈനായി അടയ്ക്കുന്നതിനുള്ള സംവിധാനം വഴി ഉപഭോക്താക്കൾക്ക് ലഭിക്കുന്ന സൗകര്യങ്ങൾ വിശദമാക്കുമോ;

(ബി) പ്രസ്തുത സംവിധാനം നടപ്പാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടി വിശദമാക്കുമോ?

**അങ്കമാലി നിയോജക മണ്ഡലത്തിൽ കാർഷികാവശ്യങ്ങൾക്കുള്ള വൈദ്യുതി കണക്ഷൻ**

T 2018. **ശ്രീ.ജോസ് തെറ്റയിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അങ്കമാലി നിയോജക മണ്ഡലത്തിലെ വിവിധ പഞ്ചായത്തുകളിലും നഗരസഭയിലുമായി എത്രപേർക്ക് കാർഷികാവശ്യങ്ങൾക്കുള്ള വൈദ്യുതി കണക്ഷൻ നല്കിയിട്ടുണ്ടെന്നും അതിൽ എത്ര കണക്ഷൻ നിലനില്ക്കുന്നുവെന്നും പഞ്ചായത്ത് തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ;

(ബി) കൃഷി ആവശ്യത്തിന് വൈദ്യുതി കണക്ഷൻ ലഭിച്ചവരിൽ എത്രപേർ നിലവിൽ കൃഷി ചെയ്യുന്നുവെന്നും ഇവരിൽ എത്രപേർക്ക് നിലവിൽ നിശ്ചിത അളവ് കൃഷിഭൂമിയുണ്ടെന്നും പറയാമോ;

(സി) കാർഷികാവശ്യത്തിന് വൈദ്യുതി കണക്ഷൻ അനുവദിച്ച കേസുകളിൽ സർക്കാർ വൈദ്യുത ബോർഡിന് നൽകേണ്ട തുക കുടിശ്ശികയുണ്ടോ;

(ഡി) ഉണ്ടെങ്കിൽ അങ്കമാലിയിലെ ഗുണഭോക്താക്കൾക്ക് വൈദ്യുതി കണക്ഷൻ നല്കിയ ഇനത്തിൽ സർക്കാർ കെ.എസ്.ഇ.ബി ക്ക് നല്കേണ്ട കുടിശ്ശിക എത്രയെന്ന് വ്യക്തമാക്കാമോ?

## ഊർജ്ജ സംരക്ഷണം

2019. ശ്രീ.അബ്ദുറഹിമാൻ രണ്ടത്താണി
,, കെ.മുഹമ്മദുണ്ണി ഹാജി
,, എം.ഉമ്മർ
,, പി.ബി. അബ്ദുൾ റസാക് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഊർജ്ജ സംരക്ഷണ പ്രവർത്തനത്തിന്റെ ഭാഗമായി ഭാഗമായി ഫ്ലൂറസെന്റ്, സി.എഫ്.എൽ, എൽ.ഇ.ഡി ലൈറ്റുകളുടെ ഉപയോഗം വ്യാപകമാക്കിയിട്ടുണ്ടോ ;

(ബി) എങ്കിൽ ഉപയോഗശൂന്യമായ ഇത്തരം ഉപകരണങ്ങളുടെ ശേഖരണം, സംസ്കരണം തുടങ്ങിയ കാര്യങ്ങളിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ ബന്ധപ്പെട്ട വകുപ്പുകളുമായി ചേർന്ന് നടപടി സ്വീകരിക്കുമോ ?

## വൈദ്യുതി സെക്ഷൻ ഓഫീസുകൾ

2020. ശ്രീ.സി.കൃഷ്ണൻ **:** താഴെ കാണുന്ന ചോദ്യത്തിന് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വൈദ്യുതി സെക്ഷൻ ഓഫീസുകൾ വിഭജിച്ച് പുതുതായി സെക്ഷൻ ഓഫീസുകൾ അനുവദിക്കാനുള്ള പ്രൊപ്പോസലുകൾ പരിഗണനയിലുണ്ടോ; വിശദമാക്കാമോ?

## വൈദ്യുത പദ്ധതികൾ

2021. ശ്രീ.എം. ഹംസ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011 ജൂൺ മാസം മുതൽ 2015 മേയ് മാസം വരെ സംസ്ഥാനത്ത് ഏതെല്ലാം വൈദ്യുതപദ്ധതികൾ കമ്മീഷൻ ചെയ്യുകയുണ്ടായി; വിശദാംശം ലഭ്യമാക്കാമോ;

(ബി) കേരളത്തിൽ ഏതെല്ലാം പദ്ധതികൾക്ക് നിർമ്മാണപ്രവർത്തനങ്ങൾ നടന്നുവരുന്നു ;

വിശദാംശം നൽകാമോ; അവ എന്നത്തേക്ക് കമ്മീഷൻ ചെയ്യുവാൻ കഴിയും;

(സി) കാറ്റിൽനിന്നും സൗരോർജ്ജത്തിൽ നിന്നും വിദ്യുച്ഛക്തി ഉല്പാദിപ്പിക്കുന്നതിനായുള്ള ഏതെല്ലാം പദ്ധതികൾ ആണ് നിർമ്മാണത്തിലിരിക്കുന്നത്; എന്നത്തേക്ക് കമ്മീഷൻ ചെയ്യുവാൻ കഴിയും?

<u>കാസർഗോഡ് വൈദ്യുതി ഭവൻ നിർമ്മാണം</u>

2022. **ശ്രീ. എൻ .എ.നെല്ലിക്കുന്ന് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് വൈദ്യുതി ഭവന്റെ നിർമ്മാണം എപ്പോൾ ആരംഭിക്കാനാണ് ഉദ്ദേശിക്കുന്നത് ; ഇതിന് എവിടെയാണ് സ്ഥലം കണ്ടെത്തിയിട്ടുള്ളത് ; ഇതിനുവേണ്ടി എത്ര രൂപയുടെ എസ്റ്റിമേറ്റ് ആണ് തയ്യാറാക്കിയിട്ടുള്ളത് ;

(ബി) വൈദ്യുതി ഭവൻ നിർമ്മാണത്തിന്റെ കരാർ ആരെ ഏൽപ്പിക്കാനാണ് ഉദ്ദേശിക്കുന്നത് ; ഇതിന്റെ നിർമ്മാണം പൂർത്തിയായാൽ ഏതെല്ലാം ഓഫീസുകളാണ് ഇവിടെ പ്രവർത്തിക്കുക എന്ന് വിശദമാക്കാമോ ;

(സി) വൈദ്യുതി ഭവൻ ഇല്ലാത്തതുകൊണ്ട് കാസർഗോഡ് ജില്ലയിൽ ഏതെല്ലാം ഓഫീസുകളാണ് ഇപ്പോൾ വാടകകെട്ടിടത്തിൽ പ്രവർത്തിക്കുന്നത് ; വൈദ്യുതി ഭവൻ നിലവിൽ വന്നാൽ പ്രസ്തുത ഇനത്തിൽ സർക്കാരിന് എത്ര രൂപ ലാഭമുണ്ടാകും എന്ന് കണക്കാക്കിയിട്ടുണ്ടോ ?

<u>ജലവൈദ്യുത പദ്ധതികൾ</u>

2023. **ശ്രീ.ഇ.പി.ജയരാജൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാന വൈദ്യുതി ബോർഡ് നടപ്പിലാക്കുന്ന ജലവൈദ്യുത പദ്ധതികൾക്കായി 2014-2015 ബഡ്ജറ്റിൽ എത്ര തുക നീക്കിവയ്ക്കുകയുണ്ടായി; എത്ര തുക ചെലവഴിക്കുകയുണ്ടായി;

(ബി) ഏതെല്ലാം പദ്ധതികൾക്ക് എന്തെല്ലാം ആവശ്യങ്ങൾക്കായി എത്ര തുക വീതം ചെലവഴിച്ചുവെന്നും വ്യക്തമാക്കുമോ?

<u>കുടിവെള്ള പദ്ധതിക്ക് വൈദ്യുതി കണക്ഷൻ</u>

2024. **ശ്രീ.മോൻസ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടുത്തുരുത്തി നിയോജക മണ്ഡലത്തിലെ പൂഴികോൺ പട്ടികജാതി കുടിവെള്ള പദ്ധതിക്ക് വൈദ്യുതി കണക്ഷൻ നൽകുന്നത് സംബന്ധിച്ച് നൽകിയിരുന്ന പരാതിയിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത കണക്ഷൻ നൽകുന്നതിന് ഭരണപരമോ സാങ്കേതികമോ ആയ തടസ്സങ്ങൾ എന്താണെന്ന് വ്യക്തമാക്കാമോ ; ഈ ഫയൽ ഇപ്പോൾ ആരുടെ പക്കലാണ് ; ഇതിന്റെ

തുടർ നടപടികൾ അറിയിക്കാമോ ?

<u>വൈപ്പിൻ മണ്ഡലത്തിലെ വൈദ്യുതീകരിക്കാത്ത വീടുകൾ</u>

2025. **ശ്രീ.എസ്.ശർമ്മ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ മണ്ഡലത്തിൽ വൈദ്യുതീകരിച്ച വീടുകൾ എത്രയാണെന്ന് വ്യക്തമാക്കുമോ ;

(ബി) വൈദ്യുതീകരിക്കാത്ത എത്ര വീടുകൾ ഉണ്ടെന്ന് വ്യക്തമാക്കാമോ ;

(സി) അവ ഏതൊക്കെ പഞ്ചായത്തുകളിലാണെന്ന് വിശദമാക്കാമോ ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വൈപ്പിൻ മണ്ഡലത്തിൽ ഏതൊക്കെ വിഭാഗത്തിൽപ്പെട്ട എത്ര വീടുകൾക്ക് വൈദ്യൂതി കണക്ഷൻ അനുവദിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ ?

<u>വൈദ്യുതി മോഷണക്കേസ്സുകൾ</u>

2026. **ശ്രീ.എം. ഹംസ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1.7.2011 മുതൽ 31.5.2015 വരെ എത്ര വൈദ്യുതി മോഷണക്കേസ്സുകൾ ശ്രദ്ധയിൽപ്പെടുകയുണ്ടായി ; പ്രസ്തുത കേസുകളിൽപ്പെട്ടവർക്ക് വൈദ്യുതബോർഡ് എന്തു ശിക്ഷയാണ് നൽകുന്നത് ;

(ബി) 1.7.2011 മുതൽ 31.5.2011 വരെ ശ്രദ്ധയിൽപ്പെട്ടതും കേസെടുത്തതുമായ എല്ലാ കേസുകളിലുമായി ആകെ എത്ര തുക ബോർഡിലേക്ക് മുതൽ കൂട്ടാനായി എന്ന് വെളിപ്പെടുത്താമോ ;

(സി) വൈദ്യുതി മോഷണം തടയുന്നതിന് മുൻകരുതലായി സ്വീകരിച്ചുവരുന്ന നടപടികൾ വ്യക്തമാക്കാമോ ;

(ഡി) സ്ഥാപനങ്ങൾ, ഭവനങ്ങൾ, മറ്റ് സ്വകാര്യ പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ ബോർഡുദ്യോഗസ്ഥർ പരിശോധന നടത്തി വരുന്നുണ്ടോ ; ഇല്ലെങ്കിൽ ആയതിനുള്ള സംവിധാനം ഉണ്ടാക്കുമോ ; വിശദാംശം നൽകാമോ?

<u>കടിയങ്ങാട് കെ.എസ്.ഇ.ബി. സെക്ഷൻ ഓഫീസ്</u>

2027. **ശ്രീ.കെ.കുഞ്ഞമ്മത് മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പേരാമ്പ്ര മണ്ഡലത്തിലെ കടിയങ്ങാട് കെ.എസ്.ഇ.ബി. സെക്ഷൻ ഓഫീസ് ആരംഭിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ സെക്ഷൻ ഓഫീസ് ആരംഭിക്കുന്നതിനുള്ള നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ്; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

## സൗരോർജ്ജ സംസ്കാരം

2028. ശ്രീ.വി.ഡി.സതീശൻ

,, എം.എ. വാഹീദ്

,, ലൂഡി ലൂയിസ്

,, എ.പി.അബ്ദുള്ളക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഊർജ്ജ പ്രതിസന്ധി രൂക്ഷമാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) എങ്കിൽ ഇത് പരിഹരിക്കുന്നതിനായി സംസ്ഥാനത്ത് ഒരു സൗരോർജ്ജ സംസ്കാരം വളർത്തുന്നതിന് സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വിശദമാക്കാമോ ; പുതുതായി നിർമ്മിക്കുന്ന വീടുകളിൽ സൗരോർജ്ജപാനൽ നിർബന്ധമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ; വ്യക്തമാക്കുമോ ;

(സി) സൗരോർജ്ജം കൂടുതലായി ഉപയോഗിക്കാവുന്ന മേഖലകൾ കണ്ടെത്തുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കുമോ ;

(ഡി) ചെലവ് കുറഞ്ഞ സൗരോർജ്ജ പാനലുകൾ ഉൽപ്പാദിപ്പിക്കുന്നതിനുള്ള സാങ്കേതിക വിദ്യ വികസിപ്പിക്കുന്നതിന് പദ്ധതി ഉണ്ടോ ; വ്യക്തമാക്കുമോ ?

## സൗരോർജ്ജ പദ്ധതികൾ

2029. ശ്രീ.ഇ.പി.ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2014-15 ലെ ബഡ്ജറ്റിൽ സൗരോർജ്ജ പദ്ധതികൾ വികസിപ്പിക്കുന്നതിനായി എത്ര തുക നീക്കിവയ്ക്കുകയുണ്ടായി ;

(ബി) 2014-2015 ൽ വിവിധ സൗരോർജ്ജ പദ്ധതികൾക്കായി എത്ര തുക ചെലവഴിച്ചു ;

(സി) ഏതെല്ലാം സൗരോർജ്ജ പദ്ധതികൾക്കാണ് തുക ചെലവഴിച്ചതെന്നും ഓരോ പദ്ധതിക്കും എത്ര തുക വീതം ചെലവഴിച്ചുവെന്നും വ്യക്തമാക്കുമോ ?

## അനെർട്ട് ഏറ്റെടുത്തു നടപ്പാക്കിയ പദ്ധതികൾ

2030. ശ്രീ.വി.എം.ഉമ്മർ മാസ്റ്റർ

,, കെ.എൻ.എ.ഖാദർ

,, പി.ഉബൈദുള്ള

,, എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം അനെർട്ട് ഏറ്റെടുത്തു നടപ്പാക്കിയ പദ്ധതികളുടെ വിശദവിവരം നല്കാമോ;

(ബി) മാലിന്യ നിർമ്മാജ്ജനത്തിന് സബ്സിഡി നിരക്കിൽ നല്കിയ ബയോഗ്യാസ് പ്ലാന്റുകളുടെ പ്രവർത്തനക്ഷമത പിരശോധിക്കാറുണ്ടോ ;

(സി) അവയുടെ സർവ്വീസിംഗിനായി ഏർപ്പെടുത്തിയിട്ടുള്ള സംവിധാനമെന്താണെന്നും , അതിനുള്ള ഏജൻസികളെ നിശ്ചയിച്ചിട്ടുണ്ടോ എന്നും വ്യക്തമാക്കുമോ ?

മാവേലിക്കര മണ്ഡലത്തിൽ ഊർജ്ജ വകുപ്പ് നടപ്പിലാക്കിയ പ്രവൃത്തികൾ

2031. **ശ്രീ.ആർ. രാജേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം ഊർജ്ജ വകുപ്പ് മാവേലിക്കര മണ്ഡലത്തിൽ നടപ്പിലാക്കിയ പ്രവൃത്തികൾ വിശദമാക്കുമോ;

(ബി) മാവേലിക്കരയിലെ പ്രധാന ജംഗ്ഷനുകളായ മിച്ചൽ ജംഗ്ഷൻ, ചാരുംമൂട്, പടനിലം എന്നിവിടങ്ങളിൽ ഭൂഗർഭ ലൈൻ സ്ഥാപിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ടെലസ്കോപിക് വൈദ്യുതി നിരക്ക്

2032. **ശ്രീ.പി.സി. ജോർജ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗാർഹിക ഉപഭോക്താക്കൾക്ക് അവർ ഉപയോഗിച്ചിരുന്ന വൈദ്യുതി നിരക്ക് ടെലസ്കോപിക് നിരക്കിലാണോ ഇപ്പോൾ കണക്കാക്കുന്നത്; അല്ലെങ്കിൽ എന്തുകൊണ്ട് ഇങ്ങനെ ചെയ്യുന്നില്ലെന്ന് വിശദമാക്കുമോ;

(ബി) ടെലസ്കോപിക് നിരക്കിലല്ലാ ഇപ്പോൾ വൈദ്യുതി ചാർജ്ജ് കണക്കാക്കുന്നതെങ്കിൽ, ഇത് ടെലസ്കോപിക് നിരക്കിൽ ആക്കുവാൻ നടപടി സ്വീകരിക്കുമോ;

(സി) വൈദ്യുതി ബോർഡിൽ എത്ര തരം ഉപഭോക്താക്കളുണ്ട്; ഇവർ ഓരോരുത്തർക്കും ഓരോ യൂണിറ്റ് വൈദ്യുതിയ്ക്കും ഈടാക്കുന്ന തുക എത്രയെന്ന് വിശദമാക്കുമോ;

(ഡി) ഇവർ ഓരോ വിഭാഗവും 2014-15 വർഷം ഉപയോഗിച്ച വൈദ്യുതി എത്ര യൂണിറ്റെന്ന് വിശദമാക്കുമോ;

(ഇ)

(എഫ്)

സമ്പൂർണ്ണ വൈദ്യുതീകരണം

2033. **ശ്രീ.എ.കെ.ബാലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തെ സമ്പൂർണ്ണ വൈദ്യുതീകൃത സംസ്ഥാനമെന്ന പദവിയിലെത്തിക്കാൻ തീരുമാനിച്ചിട്ടുണ്ടോ ; എന്നത്തേക്ക് ഈ ലക്ഷ്യം കൈവരിക്കാൻ കഴിയും ; വിശദാംശങ്ങൾ

നൽകുമോ ;

(ബി) വൈദ്യുതി കണക്ഷന് വേണ്ടി എത്ര അപേക്ഷകളാണ് നിലവിൽ ബോർഡിന് ലഭിച്ചിട്ടുള്ളത് ; ഈ അപേക്ഷകർക്കെല്ലാം എന്നത്തേക്ക് കണക്ഷൻ നൽകാൻ കഴിയും ; അപേക്ഷകരുടെ എണ്ണം ജില്ല തിരിച്ച് വ്യക്താമാക്കുമോ ;

(സി) ഇതിൽ സൗജന്യ വൈദ്യുതികണക്ഷന് അർഹതയുള്ള അപേക്ഷകരുടെ എണ്ണം എത്രയാണ് ;

(ഡി) ഈ അപേക്ഷകർക്കെല്ലാം വൈദ്യുതി നൽകാൻ എത്ര ദശലക്ഷം യൂണിറ്റ് വൈദ്യുതി അധികമായി വേണ്ടിവരും ; ഈ വൈദ്യുതി എങ്ങനെ ലഭ്യമാക്കുമെന്ന് വ്യക്തമാക്കുമോ ?

<u>സൺഷിഫ്റ്റ് പദ്ധതി</u>

2034. ശ്രീ.ആർ . സെൽവരാജ്

,, വി.ഡി.സതീശൻ

,, ഡൊമിനിക് പ്രസന്റേഷൻ

,, എ.റ്റി.ജോർജ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ബോർഡിന്റെ സൺഷിഫ്റ്റ് പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതി വഴി എന്തെല്ലാം ലക്ഷ്യങ്ങളാണ് കൈവരിക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ;

(സി) സൗരോർജ്ജത്തിൽ നിന്ന് വൈദ്യുതി ഉൽപാദനം പ്രോൽസാഹിപ്പിക്കുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്;

(ഡി) പദ്ധതി നടപ്പാക്കുന്നതിന് ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

<u>വാതകാധിഷ്ഠിത വൈദ്യുതി ഉൽപാദനം</u>

2035. ശ്രീ.ഇ.പി.ജയരാജൻ **:** താഴെ കാണുന്ന ചോദ്യത്തിന് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാതകാധിഷ്ഠിത വൈദ്യുതി ഉൽപാദന പ്രവർത്തനങ്ങൾക്കായി 2014-2015 ബഡ്ജറ്റിൽ എത്ര തുക നീക്കിവയ്ക്കുകയുണ്ടായി;

<u>അതിരപ്പിള്ളി വൈദ്യുതപദ്ധതി</u>

T 2036. ശ്രീമതി.ഗീതാ ഗോപി **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിർത്തിവച്ച അതിരപ്പിള്ളി വൈദ്യുത പദ്ധതി പുനരാവിഷ്ക്കരിക്കാൻ ആലോചനകൾ ഉണ്ടോ ;

(ബി) എങ്കിൽ, പദ്ധതി പ്രാവർത്തികമാക്കാൻ ഇപ്പോൾ എന്തെല്ലാം പ്രവർത്തനങ്ങളാണ്

ആസൂത്രണം ചെയ്തുകൊണ്ടിരിക്കുന്നത് എന്ന് വിശദമാക്കുമോ ;

(സി) അതിരപ്പിള്ളി വൈദ്യുത പദ്ധതി സംബന്ധിച്ച് സർക്കാരിന്റെ നയമെന്തെന്ന് വിശദമാക്കുമോ ?

പെരുവണ്ണാമൂഴി ചെറുകിട ജല വൈദ്യുത പദ്ധതി

2037. ശ്രീ.കെ.കുഞ്ഞമ്മത് മാസ്റ്റർ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരുവണ്ണാമൂഴി ചെറുകിട ജല വൈദ്യുത പദ്ധതി അനുവദിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ എപ്പോഴാണ് അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിക്കാവശ്യമായ ഭൂമി ഏറ്റെടുത്തിട്ടുണ്ടോ; നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ്;

(സി) ഭൂമി ഏറ്റെടുക്കൽ നടപടികൾ വൈകുന്നതിന് കാരണങ്ങൾ എന്തൊക്കെയാണ് വ്യക്തമാക്കുമോ?

കാറ്റാടിപ്പാടം പദ്ധതി

2038. ശ്രീ.കെ.അച്ചുതൻ
,, എ.റ്റി.ജോർജ്
,, പി.എ.മാധവൻ
,, സണ്ണി ജോസഫ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാറ്റാടിപ്പാടം സ്ഥാപിക്കുന്നതിനുള്ള പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി സംബന്ധിച്ച് സാദ്ധ്യതാപഠനം നടത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ;

(സി) പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിനായി ധാരണാപത്രം ഒപ്പിട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) പ്രസ്തുത പദ്ധതിയിലൂടെ എത്ര മെഗാവാട്ട് വൈദ്യുതിയാണ് ഉല്പാദിപ്പിക്കുവാൻ ലക്ഷ്യമിട്ടിട്ടുള്ളതെന്നു വിശദമാക്കുമോ;

(ഇ) പദ്ധതി നടത്തിപ്പിന് കണ്ടെത്തിയിട്ടുള്ള സ്ഥലങ്ങൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ?

കിളികൊല്ലൂർ, കരിക്കോട് എന്നിവിടങ്ങളിൽ ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസ്

2039. ശ്രീ.പി.കെ.ഗുരുദാസൻ **:** താഴെ കാണുന്ന ചോദ്യത്തിന് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം, കിളികൊല്ലൂർ ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസിന്റെ പരിധിയിൽ 31,000 ത്തോളം ഉപഭോക്താക്കളും കോർപ്പറേഷനും പഞ്ചായത്തുകളും ഉൾപ്പെടുന്ന ഓഫീസിന്റെ പ്രവർത്തന മേഖല വിഭജിച്ച് കിളികൊല്ലൂർ, കരിക്കോട് എന്നീ സ്ഥലങ്ങളിൽ ഇലക്ട്രിക്കൽ സെക്ഷൻ

ഓഫീസ് അനുവദിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ സ്വീകരിച്ച നടപടി വിശദമാക്കുമോ ?

<u>അണക്കെട്ടുകളുടെ നവീകരണം</u>

2040. **ശ്രീ.എ.കെ.ബാലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുത അണക്കെട്ടുകളുടെ നവീകരണത്തിന് ലോകബാങ്കിന്റെ സഹായത്തോടെ ഏതെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ, ഏതെല്ലാം അണക്കെട്ടുകളുടെ നവീകരണത്തിനാണ് ധനസഹായം അനുവദിച്ചിട്ടുള്ളത്; എത്ര രൂപയുടേതാണ് എന്ന് വ്യക്തമാക്കുമോ;

(സി) ഫണ്ട് അനുവദിക്കുന്നതിന് ലോകബാങ്ക് മുന്നോട്ടുവച്ചിട്ടുള്ള വ്യവസ്ഥകൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ഡി) പദ്ധതി ആരംഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ; എന്നാണ് പദ്ധതി ആരംഭിക്കേണ്ടിയിരുന്നത്;

(ഇ) ലോകബാങ്ക് വ്യവസ്ഥ പ്രകാരം എത്ര വർഷം കൊണ്ടാണ് പദ്ധതി പൂർത്തീകരിക്കേണ്ടത് എന്നു വ്യക്തമാക്കുമോ?

<u>കേരളാസ്റ്റേറ്റ് റഗുലേറ്ററി കമ്മീഷന് നൽകുന്ന എ.ആർ.ആർ. & ഇ.ആർ.സി.</u>

2041. **ശ്രീ.ജി.എസ്.ജയലാൽ :** താഴെ കാണുന്ന ചോദ്യത്തിന് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി. ലിമിറ്റഡ് രൂപീകൃതമായശേഷം കേരളാസ്റ്റേറ്റ് റഗുലേറ്ററി കമ്മീഷന് നൽകുന്ന എ.ആർ.ആർ. & ഇ.ആർ.സി. (Aggregated revenue requirment & Expected revenue collection) യിൽ കഴിഞ്ഞ ഓരോ പ്രവർത്തന വർഷവും ശമ്പളം, പെൻഷൻ എന്നീ ഇനങ്ങളിൽ എത്ര രൂപ ആവശ്യപ്പെട്ടിരുന്നു ; റഗുലേറ്ററി കമ്മീഷൻ അനുവദിച്ച് നലകിയ തുക എത്രയാണെന്നുമുള്ള വിശദാംശം അറിയിക്കുമോ ?

<u>തെരുവുവിളക്കുള്ള വൈദ്യുതി പോസ്റ്റിന് മീറ്റർ</u>

2042. **ശ്രീ.മോൻസ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പഞ്ചായത്തുകളിൽ തെരുവുവിളക്കുകൾ കത്തിക്കുന്നതു സംബന്ധിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും വൈദ്യുതി ബോർഡും തമ്മിലുള്ള തർക്കം പരിഹരിക്കുന്നതിന് തെരുവുവിളക്കുള്ള ഓരോ വൈദ്യുതി പോസ്റ്റിനും മീറ്റർ ഘടിപ്പിക്കുന്നതു സംബന്ധിച്ച് ബോർഡിന്റെ തീരുമാനം വ്യക്തമാക്കാമോ;

(ബി) പ്രസ്തുത മീറ്റർ ഘടിപ്പിച്ചാൽ തെരുവുവിളക്കുകൾ കത്തുന്നതിനു മാത്രം ചാർജ്ജ് ഈടാക്കി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പരാതി ഒഴിവാക്കുവാൻ നടപടി സ്വീകരിക്കുമോ?

കാർഷികവിളകൾക്കുള്ള ജലസേചനത്തിന് വൈദ്യുതി ചാർജ്ജ് വർദ്ധന

T 2043. ശ്രീ.കെ.കുഞ്ഞിരാമൻ **(ഉദുമ) :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് കാർഷികവിളകൾക്കുള്ള ജലസേചനത്തിന് വൈദ്യുതി സൗജന്യമായി നൽകിയിരുന്നുവോ ; വിശദാംശങ്ങൾ അറിയിക്കുമോ ;

(ബി) ഈ സർക്കാർ അധികാരമേറ്റതിനുശേഷം നാണ്യവിള ജലസേചനത്തിനുള്ള വൈദ്യുതി ചാർജ്ജ് വർദ്ധിപ്പിച്ചിട്ടുണ്ടോ ; എത്ര പ്രാവശ്യമാണ് വർദ്ധിപ്പിച്ചിട്ടുള്ളത് ; വിശദാംശങ്ങൾ അറിയിക്കാമോ ;

മറയൂർ **3**കെ.വി. വൈദ്യുതികരണം

2044. ശ്രീ.എസ്.രാജേന്ദ്രൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മറയൂർ 3കെ.വി. വൈദ്യുതീകരണത്തിന്റെ പ്രവർത്തനത്തെ സംബന്ധിച്ച് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിന്റെ ഇപ്പോഴത്തെ സ്ഥിതി എന്താണ്;

(ബി) ഇല്ലെങ്കിൽ ഇതിന്റെ പ്രവർത്തനത്തിനാവശ്യമായ നടപടി ഉടൻ സ്വീകരിക്കുമോ;

(സി) ആയതിന്റെ പ്രവർത്തനം എത്രകാലത്തിനുള്ളിൽ ആരംഭിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ?

രാജപുരത്ത് **33** കെ. വി. സബ് സ്റ്റേഷൻ

2045. ശ്രീ.ഇ.ചന്ദ്രശേഖരൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രാജപുരത്ത് 33 കെ. വി. സബ് സ്റ്റേഷൻ അനുവദിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ നടപടികൾ ഏതു വരെയായെന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത പദ്ധതിക്ക് എത്ര തുക ചെലവ് വരുമെന്നും പദ്ധതി എന്നത്തേക്ക് പൂർത്തിയാകുമെന്നും വിശദാംശങ്ങൾ ലഭ്യമാക്കാമോ ?

**KSEB** ലിമിറ്റഡ് കമ്പനി

2046. ശ്രീമതി.പി. അയിഷാ പോറ്റി **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) KSEB ലിമിറ്റഡ് കമ്പനി രൂപവൽക്കരിച്ചുകൊണ്ടുള്ള ഉത്തരവ് ഇറങ്ങിയത് എന്നാണ്;

(ബി) കമ്പനിവത്കരണ നടപടികളുടെ ഭാഗമായി 12,000 കോടി രൂപയുടെ മൂലധന നിക്ഷേപത്തോടെ മാസ്റ്റർ ട്രസ്റ്റ് രൂപീകരിക്കുമെന്ന് സർക്കാർ വ്യക്തമാക്കിയിരുന്നോ; ട്രസ്റ്റ് രൂപീകരണത്തിന്റെ നിലവിലെ സ്ഥിതി എന്താണ്?

(സി) പ്രസ്തുത കമ്പനിയിൽ പെൻഷന് പ്രത്യേക സംവിധാനം ഒരുക്കുമോ; ആയത് എന്നു മുതൽ പ്രാബല്യത്തിൽ വരും, വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

<u>ശബരി റെയിൽ പദ്ധതി</u>

2047. ശ്രീ.സാജു പോൾ

,, കെ.സുരേഷ് കുറുപ്പ്

,, എസ്.രാജേന്ദ്രൻ

,, ബി.ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരി റെയിൽ പദ്ധതിയുടെ നിലവിലെ അവസ്ഥയെന്താണെന്ന് വ്യക്തമാക്കുമോ ;

(ബി) ഇന്നത്തെ സ്ഥിതിയിൽ ശബരി റെയിൽ പദ്ധതി എത്രത്തോളം പ്രാവർത്തികമാണ് ; വിശദമാക്കുമോ ;

(സി) ശബരി റെയിൽ പദ്ധതി നടപ്പിലാകാത്തതിന് കാരണം വ്യക്തമാക്കുമോ?

<u>റെയിൽ വികസനപദ്ധതികൾ</u>

2048. ശ്രീ.ഇ.പി.ജയരാജൻ

,, പി.ടി.എ. റഹീം

,, എം. ഹംസ

,, ബി.ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റെയിൽ വികസനത്തിന് അത്യന്താപേക്ഷിതമായ പ്രഖ്യാപിത പദ്ധതികൾ നടപ്പിലാക്കുന്നതിൽ വീഴ്ചകൾ കാരണമാവുന്നുണ്ടോ ;

(ബി) റെയിൽ മേഖലയിൽ പദ്ധതികൾ നേടിയെടുക്കുന്നതിനും യഥാസമയം നടപ്പിലാക്കുന്നതിനും മറ്റ് സംസ്ഥാനങ്ങൾ കാണിക്കുന്ന ജാഗ്രത കേരളം കാണിക്കാത്തത് പദ്ധതികൾ പ്രാബല്യത്തിലാവുന്നതിന് വിഘാതമാകുന്നുണ്ടോയെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(സി) റെയിൽ വികസനത്തിനായി പ്രഖ്യാപിക്കുന്ന പദ്ധതികൾ യഥാസമയം പ്രാവർത്തിക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കുന്നതിന് സംസ്ഥാനത്തെ സംവിധാനം എത്രത്തോളം പ്രാപ്തമാണ് വിശദമാക്കുമോ?

<u>റെയിൽവേ വികസനം</u>

2049. ശ്രീ.പി.ശ്രീരാമകൃഷ്ണൻ

,, കെ.കുഞ്ഞമ്മത് മാസ്റ്റർ

,, ബാബു എം. പാലിശ്ശേരി

,, സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി

നൽകുമോ:

(എ) റെയിൽ വികസനത്തിനായി എന്തെല്ലാം പദ്ധതികളാണ് ഈ സർക്കാരിന്റെ കാലയളവിൽ ആവശ്യപ്പെട്ടതെന്ന് വ്യക്തമാക്കുമോ ;

(ബി) ഇതിൽ ഏതെല്ലാം പദ്ധതികൾ അനവദിക്കപ്പെട്ടു ;

(സി) ഈ സർക്കാരിന്റെ കാലത്ത് അനുവദിക്കപ്പെട്ട ഏതെല്ലാം പദ്ധതികൾ പ്രഖ്യാപനത്തിൽ മാത്രം ഒതുങ്ങിയെന്നും, ഈ പദ്ധതികൾ പ്രാവർത്തികമാക്കുന്നതിന് സംസ്ഥാന സർക്കാർ സ്വീകരിച്ച് നടപടികൾ എന്തൊക്കെയായിരുന്നുവെന്നും വ്യക്തമാക്കുമോ ?

<u>റെയിൽവെ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയ പദ്ധതികൾ</u>

2050. **ശ്രീ.കോടിയേരി ബാലകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2015-16 വർഷത്തെ റെയിൽവെ ബഡ്ജറ്റിൽ ഉൾപ്പെടുത്താൻ കേരളം ഏതൊക്കെ പദ്ധതികളാണ് നിർദ്ദേശിച്ചതെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത ബഡ്ജറ്റിൽ കേരളത്തിലെ ഏതൊക്കെ പദ്ധതികളാണ് ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വിശദമാക്കാമോ;

(സി) ഇതിനായി റെയിൽവെ എത്ര തുക നീക്കിവെച്ചെന്ന് അറിയിക്കുമോ?

<u>ഗുരുവായൂർ-തിരുനാവായ റെയിൽവെ ലൈൻ</u>

2051. **ശ്രീ.ബാബു എം. പാലിശ്ശേരി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുരുവായൂർ-തിരുനാവായ റെയിൽവെ ലൈൻ പ്രവൃത്തികളുടെ നടപടികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണ്;

(ബി) ഭൂമി ഏറ്റെടുത്ത് റെയിൽവെയ്ക്ക് കൈമാറിയിട്ടുണ്ടോ; വിശദമാക്കുമോ;

(സി) പ്രസ്തുത റെയിൽപ്പാത യഥാർത്ഥ്യമാക്കുന്നതിന് റെയിൽവെയുമായി ബന്ധപ്പെട്ട് സംസ്ഥാന ഗവൺമെന്റ് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ?

<u>ട്രെയിനുകളിലെ ഭക്ഷ്യവസ്തുക്കളുടെ ഗുണനിലവാരം</u>

2052. **ശ്രീ.പി.കെ.ബഷീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റെയിൽവേ സ്റ്റേഷനുകളിലും തീവണ്ടികളിലും വിൽപ്പന നടത്തുന്ന ഭക്ഷ്യ വസ്തുക്കൾ എല്ലാം തന്നെ തീരെ നിലവാരം കുറഞ്ഞവയാണെന്നും ആയവ തയ്യാറാക്കുന്നത് വൃത്തിഹീനമായ സാഹചര്യങ്ങളിലാണെന്നുമുള്ള കാര്യങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത ഭക്ഷ്യവസ്തുക്കളുടെ ഗുണമേന്മ ഉറപ്പുവരുത്തുന്നതിന് നിലവിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

സംസ്ഥാന മലിനീകരണ നിയന്ത്രണബോർഡിന്റെ പ്രവർത്തനങ്ങൾ

2053. ശ്രീ.ജോസഫ് വാഴയ്ക്കൻ

,, അൻവർ സാദത്ത്

,, വർക്കല കഹാർ

,, പി.എ.മാധവൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന മലിനീകരണ നിയന്ത്രണബോർഡിന്റെ പ്രവർത്തനങ്ങൾ എന്തെല്ലാമാണ്; വിശദമാക്കാമോ;

(ബി) ഇതിന്റെ പ്രവർത്തനങ്ങൾക്ക് എന്തെല്ലാം കേന്ദ്രസഹായങ്ങളാണ് ലഭിക്കുന്നതെന്ന് വിശദമാക്കാമോ;

(സി) വിവിധ മേഖലകളിലെ മലിനീകരണ നിയന്ത്രണത്തിൽ ബോർഡ് എങ്ങനെയെല്ലാമാണ് ഇടപെട്ട് പ്രവർത്തിക്കുന്നതെന്ന് വിശദമാക്കുമോ;

(ഡി) ബോർഡിനെ ശാക്തീകരിക്കാൻ എന്തെല്ലാം കർമ്മപരിപാടികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

മലിനീകരണ നിയന്ത്രണം

2054. ശ്രീ.പി.തിലോത്തമൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അന്തരീക്ഷ മലിനീകരണ തോത് മനസ്സിലാക്കുന്നതിനും മലിനീകരണം നിശ്ചിത അളവിൽ കൂടുന്നത് നിയന്ത്രിക്കുന്നതിനും എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത് എന്നു പറയാമോ;

(ബി) നിത്യജീവിതത്തിൻറെ ഭാഗമായി മാറിയ വൈവിധ്യമാർന്ന ഉപകരണങ്ങൾ, വാഹനങ്ങൾ തുടങ്ങി നമുക്കും ചുറ്റും പുതുതായി കാണപ്പെടുന്ന ഓരോ ഉല്പന്നവും പ്രകൃതിക്ക് എത്രമാത്രം ദോഷം വരുത്തുന്നുവെന്നും അതിലൂടെ മനുഷ്യന് എന്തെല്ലാം പ്രശ്നങ്ങൾ ഉണ്ടാക്കുന്നുവെന്നും പരിശോധിക്കപ്പെടുന്നുണ്ടോ;

(സി) ഗൃഹോപകരണങ്ങൾ നല്ലൊരു ശതമാനവും നിലവാരം കുറഞ്ഞതും പാരിസ്ഥിതിക പ്രശ്നങ്ങൾ സൃഷ്ടിക്കുന്നതുമായിരുന്നിട്ടും അവയുടെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനും നിലവാരമില്ലാത്തവ കർശനമായി നിയന്ത്രിക്കുന്നതിനും വേണ്ട ഇടപെടൽ നടത്താത്തത് എന്തുകൊണ്ടാണെന്നു വ്യക്തമാക്കുമോ? ?

പത്തനംതിട്ട ജില്ലയിലെ മൊബൈൽഫോൺ ടവറുകൾ

T 2055. ശ്രീ.ചിറ്റയം ഗോപകുമാർ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം മൊബൈൽ ഫോൺ ടവറുകളുമായി ബന്ധപ്പെട്ട് പത്തനംതിട്ട ജില്ലയിൽ നിന്നും എത്ര പരാതികൾ ലഭ്യമായിട്ടുണ്ടെന്നറിയിക്കുമോ;

(ബി) പ്രസ്തുത പരാതികളിൽ തീർപ്പാകാതെ അവശേഷിക്കുന്നവ എത്രയെന്നറിയിക്കുമോ;

(സി) പ്രസ്തുത പരാതികൾ തീർപ്പാക്കുന്നതിലുണ്ടായിട്ടുള്ള കാലവിളംബത്തിന്റെ കാരണം വിശദമാക്കുമോ;

(ഡി) പ്രസ്തുത ടവറുകളിൽ നിന്നുണ്ടാകുന്ന റേഡിയേഷന്റെ തോത് കാലാകാലങ്ങളിൽ പരിശോധിച്ച് ബോധ്യപ്പെടുന്നതിന് നിലവിലുള്ള സർക്കാർ ഔദ്യോഗിക ആധികാരിക ഏജൻസികൾ ഏതെല്ലാമെന്ന് അറിയിക്കുമോ;

(ഇ) ഇത്തരത്തിൽ മൊബൈൽ ടവറുകൾക്ക് വാർഷികാടിസ്ഥാനത്തിൽ റേഡിയേഷൻ പരിശോധന നടത്തിവരുന്നുണ്ടെന്ന് നിരീക്ഷിച്ചിട്ടുണ്ടോ;

(എഫ്) ഇല്ലെങ്കിൽ ആയത് നടപ്പിലാക്കുന്നതിനാവശ്യമായ നടപടി സ്വീകരിയ്ക്കുമോ?

<u>ആലില പദ്ധതി</u>

2056. ശ്രീ.കെ.മുരളീധരൻ

,, അൻവർ സാദത്ത്

,, ബെന്നി ബെഹനാൻ

,, സണ്ണി ജോസഫ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ വകുപ്പിന്റെ നേതൃത്വത്തിൽ ആലില പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം; വിശദമാക്കുമോ;

(സി) പദ്ധതിയുടെ കാലാവധി വ്യക്തമാക്കുമോ;

(ഡി) പദ്ധതി നടത്തിപ്പിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

<u>കേരള സ്റ്റേറ്റ് മെഡിക്കൽ ഷോപ്പ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയുടെ പ്രവർത്തനം</u>

2057. ശ്രീ. എൻ .എ.നെല്ലിക്കുന്ന് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സ്റ്റേറ്റ് മെഡിക്കൽ ഷോപ്പ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയുടെ പ്രവർത്തനത്തിൽ ക്രമക്കേടുകൾ കണ്ടെത്തിയിരുന്നുവോ; എങ്കിൽ അന്വേഷണം ഏർപ്പെടുത്തിയിട്ടുണ്ടോ; ആർക്കാണ് അന്വേഷണച്ചുമതല എന്ന് വ്യക്തമാക്കുമോ;

(ബി) അന്വേഷണത്തിന് ഉത്തരവ് ആയത് എന്നാണ് ; അന്വേഷണ കാലാവധി അവസാനിച്ചോ; അന്വേഷണ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ;വ്യക്തമാക്കുമോ?

<u>നന്മ സ്റ്റോറുകൾ</u>

2058. ശ്രീ.സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൺസ്യൂമർ ഫെഡിന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ ;

(ബി) സംസ്ഥാനത്ത് പുതുതായി നന്മ സ്റ്റോറുകൾ ആരംഭിക്കുവാനായി ലഭിച്ച അപേക്ഷകളിൽ എത്ര എണ്ണം നിരസിച്ചിട്ടുണ്ടെന്ന് കാരണം സഹിതം വിശദമാക്കുമോ ?

<u>വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന സഹകരണ സ്ഥാപനങ്ങൾ</u>

2059. ശ്രീ.കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അനവധി സഹകരണ സംഘങ്ങളുടെ ഓഫീസും അനുബന്ധ സ്ഥാപനങ്ങളും വാടക കെട്ടിടങ്ങളിലാണ് പ്രവർത്തിക്കുന്നതെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) സഹകരണ സ്ഥാപനങ്ങൾക്ക് ഓഫീസ് നിർമ്മിക്കുന്നതിന് നിലവിൽ എന്തെങ്കിലും ധനസഹായം നൽകുന്നുണ്ടോ ; എങ്കിൽ വ്യക്തമാക്കുമോ ;

(സി) സർക്കാരിന്റെയോ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയോ കെട്ടിടങ്ങൾ സഹകരണ സംഘങ്ങൾക്ക് വാടകയ്ക്ക് നൽകുമ്പോൾ ഇളവുകൾ നൽകുന്നതിന് ഉത്തരവ് നൽകുമോ ?

<u>സഹകരണ മേഖലയിൽ പബ്ലിക് റിസ്ക് ഫണ്ട്</u>

2060. ശ്രീ.ജോസഫ് വാഴയ്ക്കൻ
,, വർക്കല കഹാർ
,, സി.പി.മുഹമ്മദ്
,, ആർ . സെൽവരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ മേഖലയിൽ പബ്ലിക് റിസ്ക് ഫണ്ട് നടപ്പിലാക്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(ബി) പബ്ലിക് റിസ്ക് ഫണ്ട് നടപ്പിലാക്കുന്നത് മുഖേന എന്തെല്ലാം ലക്ഷ്യങ്ങളാണ് കൈവരിക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ ;

(സി) പ്രസ്തുത പദ്ധതിയനുസരിച്ച് എന്തെല്ലാം ആനുകൂല്യങ്ങളും സഹായങ്ങളുമാണ് നൽകിയിട്ടുള്ളതെന്ന് വിശദമാക്കുമോ ;

(ഡി) ഏതെല്ലാം തലത്തിലുള്ള സഹകരണ സംഘങ്ങളിലും ബാങ്കുകളിലുമാണ് പ്രസ്തുത പദ്ധതി നടപ്പാക്കിയതെന്ന് വിശദമാക്കുമോ ?

<u>സഹകരണ സമുച്ചയത്തിന്റെ നിർമ്മാണം</u>

2061. ശ്രീ.കെ.വി.അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരത്തെ സഹകരണ സമുച്ചയത്തിന്റെ നിർമ്മാണത്തിനായി സഹകരണസംഘങ്ങളിൽ നിന്നും ആകെ എത്ര തുക പിരിച്ചെടുത്തിട്ടുണ്ട് ; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ ;

(ബി) സഹകരണ സമുച്ചയ നിർമ്മാണത്തിന് പ്രതീക്ഷിക്കുന്ന തുക എത്രയാണെന്ന് വ്യക്തമാക്കുമോ ?

<u>റിസ്ക് ഫണ്ട് പദ്ധതി</u>

2062. ശ്രീ.ടി.എൻ. പ്രതാപൻ

,, വി.ഡി.സതീശൻ

,, എം.പി.വിൻസെൻറ്

,, ആർ . സെൽവരാജ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റിസ്ക് ഫണ്ട് പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം റിസ്ക് ഫണ്ട് പദ്ധതിയിൽ എന്തെല്ലാം മാറ്റങ്ങൾ വരുത്തി ; വിശദമാക്കുമോ ;

(സി) പ്രസ്തുത കാലയളവിൽ റിസ്ക് ഫണ്ട് പദ്ധതി പ്രകാരം എത്ര രൂപയുടെ ആനുകൂല്യങ്ങൾ നൽകിയിട്ടുണ്ട് ; മുൻ സർക്കാരിന്റെ കാലത്ത് എത്ര തുകയാണ് ഈ ഇനത്തിൽ നൽകിയത്; വിശദമാക്കുമോ ;

(ഡി) പദ്ധതി നടത്തിപ്പിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ ?

<u>ജില്ലാ സഹകരണ ബാങ്കുകളുടെ നെല്ല് സംഭരണം</u>

2063. ശ്രീ.എം. ഹംസ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെൽകൃഷിക്കാർക്ക്ഏതെല്ലാം ജില്ലാ സഹകരണ ബാങ്കുകൾ പലിശരഹിത വായ്പ നൽകിവരുന്നുണ്ട്;

(ബി) ഏതെല്ലാം ജില്ലാ സഹകരണ ബാങ്കുകൾ കർഷകരിൽ നിന്നും നെല്ല് സംഭരിക്കുന്നുണ്ട്; 1.7.2011 മുതൽ 31.5.2015 വരെയുള്ള കണക്ക് ലഭ്യമാക്കാമോ;

(സി) നെല്ല് സംഭരിച്ച വകയിൽ ഏതെല്ലാം ജില്ലാ സഹകരണ ബാങ്കുകൾ കർഷകർക്ക് വില നൽകുന്നതിന് കുടിശ്ശിക വരുത്തിയിട്ടുണ്ട്; വിശദാംശം നൽകാമോ?

<u>ശ്രീമതി സരള സമർപ്പിച്ച അപേക്ഷയിൽമേൽ നടപടി</u>

2064. ശ്രീ.ബി.ഡി. ദേവസ്സി **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇരിങ്ങാലക്കുട സഹകരണ സംഘം, അസി:രജിസ്ട്രാർ ഓഫീസിൽ ജോലി ചെയ്തുവരികെ 15 വർഷങ്ങൾക്കു മുമ്പ് കാണാതായ ശ്രീ സദാനന്ദന്റെ സർവ്വീസ് ആനുകൂല്യങ്ങളും മറ്റും ലഭിയ്ക്കുന്നതിനായി അദ്ദേഹത്തിന്റെ ഭാര്യ ശ്രീമതി സരള, മുണ്ടയ്ക്കുന്നുപറമ്പിൽ സമർപ്പിച്ച അപേക്ഷയിൽ എന്തു നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്നും, നടപടികൾ ഏതു ഘട്ടത്തിലാണ് എന്നും അറിയിക്കാമോ;

(ബി) പ്രസ്തുത അപേക്ഷയിൽ അടിയന്തിര നടപടികൾ സ്വീകരിക്കുമോ?

<u>സംസ്ഥാന സഹകരണ വിജിലൻസ്</u>

2065. ശ്രീ.വർക്കല കഹാർ

,, എം.എ. വാഹീദ്

,, എ.പി.അബ്ദുള്ളക്കുട്ടി

,, എം.പി.വിൻസെന്റ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സഹകരണ വിജിലൻസ് വിഭാഗത്തിന്റെ അധികാരങ്ങൾ എന്തൊക്കെയാണെന്ന് വിശദീകരിക്കുമോ;

(ബി) സഹകരണ വിജിലൻസ് വിഭാഗം നിലവിൽ വന്നശേഷം എത്ര കേസ്സുകൾ അന്വേഷിച്ചിട്ടുണ്ട്; വർഷം തിരിച്ച് വ്യക്തമാക്കുമോ;

(സി) ഇതിൽ എത്ര കേസ്സുകൾ ഇനിയും അന്വേഷണം പൂർത്തീകരിച്ച് റിപ്പോർട്ട് നൽകാനുണ്ട്; വിശദമാക്കുമോ;

(ഡി) വിജിലൻസ് വിഭാഗത്തിന്റെ ശമ്പളത്തിനും മറ്റാനുകൂല്യങ്ങൾക്കും വാഹനങ്ങളുടെ ഇന്ധന ചെലവിനും ഉൾപ്പെടെ നാളിതുവരെ എന്ത് തുക ചെലവഴിച്ചിട്ടുണ്ട്; ഒരു കേസ്സ് അന്വേഷണത്തിന് ശരാശരി എന്ത് തുക ചെലവ് വന്നിട്ടുണ്ട്;

(ഇ) നിലവിലെ സഹകരണ വിജിലൻസിന്റെ പ്രവർത്തനത്തിൽ പോരായ്മകളുണ്ടെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ; എങ്കിൽ സഹകരണ വിജിലൻസ് സംവിധാനം പുന:സംഘടിപ്പിക്കാൻ നടപടി സ്വീകരിക്കുമോ?

<u>ആലപ്പുഴ ജില്ലയിലെ കർഷക സേവന കേന്ദ്രങ്ങളുടെ പ്രവർത്തനം</u>

2066. ശ്രീ.ജി.സുധാകരൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജില്ലയിൽ സഹകരണ വകുപ്പിന്റെ കീഴിൽ എത്ര കർഷക സേവന കേന്ദ്രങ്ങളാണ് ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം രൂപീകരിച്ചിട്ടുള്ളത്; എവിടെയെല്ലാമാണ് ഇവ സ്ഥാപിച്ചിട്ടുള്ളത്;

(ബി) പ്രസ്തുത കർഷക സേവന കേന്ദ്രങ്ങൾ, ആലപ്പുഴ ജില്ലയിൽ എന്തെല്ലാം പ്രവർത്തനങ്ങളാണ് ഇതുവരെ നടത്തിയതെന്ന് വ്യക്തമാക്കാമോ?

## നിക്ഷേപ സുരക്ഷാഫണ്ട് ബോർഡ്

2067. ശ്രീ.എ.റ്റി.ജോർജ്

,, സണ്ണി ജോസഫ്

,, പി.എ.മാധവൻ

,, തേറമ്പിൽ രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിക്ഷേപ സുരക്ഷാഫണ്ട് ബോർഡ് രൂപീകരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദമാക്കുമോ ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പ്രസ്തുത ബോർഡിന്റെ പ്രവർത്തനങ്ങൾ മുഖേന കൈവരിക്കാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ നല്കുമോ;

(സി) സഹകരണ സംഘങ്ങളിലെ നിക്ഷേപങ്ങൾക്ക് സുരക്ഷിതത്വം ഉറപ്പാക്കാൻ എന്തെല്ലാം കാര്യങ്ങളാണ് ബോർഡിന്റെ പ്രവർത്തനങ്ങളിൽ ഉൾപ്പെടുത്തിയിരിക്കുന്നത് ; വിശദമാക്കുമോ ;

(ഡി) ഏതെല്ലാംതരം സഹകരണ സംഘങ്ങളിലെ നിക്ഷേപങ്ങൾക്കാണ് സുരക്ഷിതത്വം ഉറപ്പുവരുത്തുന്നത് ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

## കോട്ടയം-മരങ്ങാട്ട്പള്ളി സർവ്വീസ് കോ- ഓപ്പറേറ്റീവ് ബാങ്കിന്റെ ആഭിമുഖ്യത്തിൽ കേരളാ കോ-ഓപ്പറേറ്റീവ് ഡെപ്പോസിറ്റ് ഗ്യാരന്റി സ്കീമം

2068. ശ്രീ.മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയം-മരങ്ങാട്ട്പള്ളി സർവ്വീസ് കോ- ഓപ്പറേറ്റീവ് ബാങ്കിന്റെ ആഭിമുഖ്യത്തിൽ കേരളാ കോ-ഓപ്പറേറ്റീവ് ഡെപ്പോസിറ്റ് ഗ്യാരന്റി സ്കീമിൽ അധികമായി അടച്ച പ്രീമിയം തുക തിരികെ നൽകുന്നതു സംബന്ധിച്ച് നൽകിയിരുന്ന പരാതിയിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ഡെപ്പോസിറ്റ് തിരികെ നൽകുന്നതിന് എന്തെങ്കിലും നിയമ തടസ്സം ഉണ്ടോ; എങ്കിൽ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ; ഇതു പരിഹരിക്കുന്നതിന് സ്വീകരിക്കേണ്ട നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

## ത്രിവേണി നീതി നന്മ സ്റ്റോറുകളിലൂടെ നിത്യോപയോഗ സാധനങ്ങൾ ലഭ്യമാക്കാൻ നടപടി

2069. ശ്രീ.എം.വി.ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വയനാട് ജില്ലയിൽ എത്ര ത്രിവേണി, നീതി, നന്മ സ്റ്റോറുകൾ പുതുതായി ആരംഭിച്ചിട്ടുണ്ടെന്നും, അവ എവിടെയെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) ജില്ലയിലെ ത്രിവേണി, നീതി, നന്മ സ്റ്റോറുകളിൽ ആവശ്യത്തിന് സാധനങ്ങൾ

ലഭ്യമാകാത്തത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(സി) നിത്യോപയോഗസാധനങ്ങളുടെ വിലക്കയറ്റം നിയന്ത്രിക്കുന്നതിന്റെ ഭാഗമായി പ്രസ്തുത സ്റ്റോറുകളിൽ ആവശ്യത്തിന് സാധനങ്ങൾ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ;

## കേപ്പിലെ കോൺട്രാക്ട് നിയമനങ്ങൾ

2070. **ശ്രീ.ജി.സുധാകരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേപ്പിലെ ജീവനക്കാരെ ഏഴുവർഷ കോൺട്രാക്ട് വ്യവസ്ഥയിൽ നിയമിച്ചത് എന്നാണ്; അത്തരത്തിൽ എത്ര ജീവനക്കാർക്ക് നിയമനം നൽകി; അവരുടെ പേരും മേൽവിലാസവും അടങ്ങുന്ന പട്ടിക ലഭ്യമാക്കാമോ;

(ബി) പ്രസ്തുത വ്യവസ്ഥയിൽ ജീവനക്കാരെ നിയമിക്കുന്നതിന് തീരുമാനമെടുത്ത കേപ്പ് എക്സിക്യൂട്ടീവ് കമ്മിറ്റി തീരുമാനത്തിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(സി) ഏഴുവർഷ കോൺട്രാക്ടിൽ കേപ്പിൽ നിയമിച്ചിരുന്ന ജീവനക്കാർക്ക് ആർക്കെങ്കിലും സ്ഥിരം നിയമനം നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ?

## ഫയലുകളുടെ നിലവിലെ സ്ഥിതി

2071. **ശ്രീമതി.പി. അയിഷാ പോറ്റി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2444/ബി.2/2015/സഹകരണം, തീയതി 12/3/15, 2518/ബി. 2 / 2015 സഹകരണം, തീയതി 12/3/15 എന്നീ ഫയലുകളിൻമേൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ് ;

(ബി) പ്രസ്തുത ഫയലുകളുടെ നിലവിലെ സ്ഥിതി വെളിപ്പെടുത്തുമോ ?

## ചേർത്തല ചാലിൽനിവർത്തിൽ ശ്രീ.അപ്പുവിന്റെ ഭൂമി വിട്ടു നൽകുന്നത്

2072. **ശ്രീ.പി.തിലോത്തമൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചേർത്തല 1668-ാം നമ്പർ സർവ്വീസ് സഹകരണ ബാങ്കിന് നൽകാനുണ്ടായിരുന്ന വായ്പാ കുടിശികയ്ക്ക് വികലാംഗനും പട്ടികജാതിയിൽ പെട്ടയാളും നിർദ്ധനനുമായ ചേർത്തല ചാലിൽനിവർത്തിൽ ശ്രീ.അപ്പു എന്ന കക്ഷിയിൽ നിന്നും ബാങ്ക് ഏറ്റെടുത്ത കിടപ്പാടം ആവശ്യപ്പെട്ട തുക പൂർണ്ണമായും അടച്ചുതീർത്തിട്ടും മടക്കി നൽകാത്തത് എന്തുകൊണ്ടാണെന്നു പറയാമോ?

(ബി) മുഖ്യമന്ത്രിയുടെ 2013-ലെ ജനസമ്പർക്ക പരിപാടിയിൽ ഇതുസംബന്ധിച്ച് ശ്രീ.അപ്പു നൽകിയ നിവേദനത്തിന്മേൽ മുഖ്യമന്ത്രി നൽകിയ ഉറപ്പു പ്രകാരം കോ-ഓപ്പറേറ്റീവ് രജിസ്ട്രാർ വസ്തു മടക്കിനൽകാൻ ഉത്തരവ് നൽകാത്തത് എന്തുകൊണ്ടാണെന്നു പറയാമോ?

(സി) ഇതു സംബന്ധിച്ച് 25/07/2014-ൽ സഹകരണ സംഘം ജോയിൻറ് രജിസ്ട്രാർ, രജിസ്ട്രാർക്ക് അയച്ചിരുന്ന സിപി.2/4301/2014 നമ്പർ ഫയൽ സംബന്ധിച്ച തീർപ്പ് എന്താണെന്ന്

പറയാമോ; ഈ ഫയലിലെ തീരുമാനത്തിൻറെ പകർപ്പ് ലഭ്യമാക്കുമോ?

(ഡി) ശ്രീ.അപ്പുവിന് സ്വന്തം ഭൂമി മടക്കി നൽകാൻ ഇത്രയേറെ സാങ്കേതിക ബുദ്ധിമുട്ട് ഉണ്ടെങ്കിൽ എന്തിനുവേണ്ടിയായിരുന്നു അദ്ദേഹത്തിൽ നിന്നും സ്വന്തം കിടപ്പാടത്തിനു പുറമേ കുടിശിക തുകയും പലിശയും ഈടാക്കിയത് എന്നു പറയാമോ?

<u>പട്ടികജാതി / പട്ടികവർഗ്ഗ വിഭാഗത്തിൽപെട്ടവർക്കു സഹകരണബാങ്കുകൾ വഴി കടാശ്വാസം</u>

2073. **ശ്രീ.ബി.സത്യൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി / പട്ടികവർഗ്ഗ വിഭാഗത്തിൽപെട്ടവർക്കു സഹകരണബാങ്കുകൾ വഴി കടാശ്വാസം നൽകുന്നുണ്ടോ ; വിശദവിവരം നൽകാമോ ;

(ബി) സമയപരിധി ഏതു മുതൽ ഏതുവരെയെന്ന് വ്യക്തമാക്കാമോ ; സമയപരിധി നീട്ടുവാൻ തീരുമാനിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

<u>കേപ്പിന്റെ സാമ്പത്തികസ്ഥിതി</u>

2074. **ശ്രീ.ജി.സുധാകരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേപ്പ് സാമ്പത്തിക തകർച്ചയിലാണോ; ആണെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കാമോ;കേപ്പിന്റെ പൊതു സാമ്പത്തികസ്ഥിതി വിശദമാക്കാമോ;

(ബി) കേപ്പിലെ ജീവനക്കാർക്ക് ഒരു മാസത്തെ ശമ്പളം നൽകാൻ എന്തു തുക വേണ്ടിവരും, വ്യക്തമാക്കാമോ;

(സി) കേപ്പിലെ ജീവനക്കാർക്ക് 2015 മേയ് മാസത്തെ ശമ്പളം നല്കിയിട്ടുണ്ടോ ; എങ്കിൽ എന്നാണ് നൽകിയത്; ഇതിനാവശ്യമായ തുക എങ്ങനെയാണ് കണ്ടെത്തിയത്, വ്യക്തമാക്കുമോ?

(ഡി) കേപ്പ് ഏതെല്ലാം സ്ഥാപനങ്ങളിൽനിന്ന് വായ്പയും ഓവർഡ്രാഫ്റ്റും എടുത്തിട്ടുണ്ട്; വിശദമാക്കുമോ;

(ഇ) വായ്പയും ഓവർ ഡ്രാഫ്റ്റും എടുത്ത വകയിൽ എന്തു തുക ഇനിയും സ്ഥാപനങ്ങൾക്ക് തിരിച്ചടയ്ക്കുവാനുണ്ട്;

(എഫ്) കേപ്പിന്റെ കീഴിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ എത്ര സീറ്റുകൾ നിലവിൽ ഒഴിഞ്ഞുകിടപ്പുണ്ട്; പ്രസ്തുത സീററുകളിൽ അഡ്മിഷൻ നൽകാൻ കഴിയാതിരുന്നത് എന്തുകൊണ്ടെന്ന് വിശദമാക്കാമോ;

(ജി) കൊച്ചി സഹകരണ മെഡിക്കൽ കോളേജ് സർക്കാർ ഏറ്റെടുത്തശേഷം അവിടെയുള്ള ജീവനക്കാരുടെ ശമ്പളം, നിർമ്മാണ പ്രവർത്തനങ്ങൾ, ഉപകരണങ്ങൾ വാങ്ങൽ എന്നിവയ്ക്കായി കേപ്പ് എത്ര കോടി രൂപ ചെലവഴിച്ചു; വിശദമാക്കാമോ?

<u>പയ്യന്നൂർ ഖാദി വ്യവസായ കേന്ദ്രം</u>

2075. **ശ്രീ.കെ.കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ ഖാദി വ്യവസായ കേന്ദ്രത്തിൽ പുതുതായി എന്തെങ്കിലും പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ ;

(ബി) പ്രസ്തുത കേന്ദ്രത്തിൽ എത്ര തൊഴിലാളികളാണ് ജോലിചെയ്യുന്നതെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത കേന്ദ്രത്തിൽ പുതുതായി എത്ര പേർക്ക് തൊഴിൽ നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

<u>കൺസ്യൂമർ ഫെഡ് നല്കുന്ന സബ്സിഡി</u>

2076. **ശ്രീ.കെ.കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) :** താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കൺസ്യൂമർ ഫെഡ് വഴി വിതരണം ചെയ്യുന്ന ഏതൊക്കെ നിത്യോപയോഗ സാധനങ്ങൾക്കാണ് സബ്സിഡി നല്കുന്നതെന്ന് വ്യക്തമാക്കാമോ?

<u>കൺസ്യൂമർ ഫെഡ് സ്ഥാപനങ്ങൾ</u>

2077. **ശ്രീ.കെ.കുഞ്ഞിരാമൻ (ഉദുമ) :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കൺസ്യൂമർ ഫെഡ് പുതുതായി എന്തൊക്കെ സ്ഥാപനങ്ങൾ തുടങ്ങി; വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) എത്ര ജീവനക്കാരെ ഈ പുതിയ സ്ഥാപനങ്ങളിൽ നിയമിച്ചു; വിശദാംശങ്ങൾ അറിയിക്കാമോ ;

(സി) ഇതിൽ ഇതുവരെ എത്ര സ്ഥാപനങ്ങൾ പൂട്ടി; എത്ര ജീവനക്കാരെ പിരിച്ചുവിട്ടു; വിശദാംശങ്ങൾ അറിയിക്കാമോ;

(ഡി) കൺസ്യൂമർ ഫെഡിന്റെ നിലവിലുള്ള കടബാധ്യത എത്രയാണ്; സർക്കാരിൽ നിന്നും എത്ര തുക ലഭിക്കാനുണ്ട്; വിശദാംശങ്ങൾ അറിയിക്കാമോ ?

<u>കൺസ്യൂമർ ഫെഡിലെ ക്രമക്കേടുകൾ</u>

2078. **ശ്രീമതി.പി. അയിഷാ പോറ്റി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൺസ്യൂമർ ഫെഡിൽ നടത്തിയ ക്രമക്കേടുകളെ തുടർന്ന് കൊല്ലം ജില്ലയിൽ സസ്പെൻഷന് വിധേയരായ ഉദ്യോഗസ്ഥരുടെ പേരുവിവരം വെളിപ്പെടുത്തുമോ ;

(ബി) പ്രസ്തുത ഉദ്യോഗസ്ഥർ നടത്തിയ ക്രമക്കേടുകൾ എന്തെല്ലാമാണ് ; ക്രമക്കേടുകളെ തുടർന്ന് കൺസ്യൂമർഫെഡിന് ഉണ്ടായ നഷ്ടം എത്ര തുകയുടേതാണെന്ന് വ്യക്തമാക്കുമോ?

## കൺസ്യൂമർ ഫെഡിന്റെ നിലനിൽപ്പ്

2079. ശ്രീ.എസ്.ശർമ്മ
,, ബി.സത്യൻ
ഡോ.കെ.ടി.ജലീൽ
ശ്രീമതി.കെ.കെ.ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൺസ്യൂമർ ഫെഡിന്റെ നിലനിൽപുതന്നെ അപകടത്തിലാവും വിധം തകർച്ചയെ അഭിമുഖീകരിക്കുകയാണെന്ന കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) പൊതുവിപണികളിൽ വിലക്കയറ്റം തടയുന്നതിന് ഏറെ പ്രയോജനകരമായ രീതിയിൽ പ്രവർത്തിച്ചിരുന്ന കൺസ്യൂമർഫെഡ് ഇത്തരത്തിൽ തകർച്ചയിൽ എത്താനുണ്ടായ കാരണം വ്യക്തമാക്കുമോ;

(സി) പൊതുവിപണിയിൽ ഇടപെടേണ്ടുന്ന സഹകരണ സ്ഥാപനങ്ങൾ തകർക്കപ്പെട്ടാൽ സാധാരണക്കാർക്ക് ഏതെല്ലാം രീതിയിൽ പ്രതിസന്ധി സൃഷ്ടിക്കുമെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

## നിത്യോപയോഗ സാധനങ്ങളുടെ വില വർദ്ധനവ്

2080. ശ്രീ.രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അവശ്യ സാധനങ്ങളുടെ വില വർദ്ധിച്ചത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ;

(ബി) നിത്യോപയോഗ സാധനങ്ങൾ പലതും കൺസ്യൂമർ ഫെഡ് വഴി സബ്സിഡി നിരക്കിൽ വിതരണം ചെയ്യുന്നില്ല എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; അവശ്യ സാധനങ്ങളുടെ ലഭ്യത ഉറപ്പാക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട് വിശദമാക്കാമോ ;

(സി) കൺസ്യൂമർ ഫെഡ് വഴി അവശ്യസാധനങ്ങൾ വിതരണം ചെയ്ത വകയിൽ സബ്സിഡിയായി കൺസ്യൂമർ ഫെഡിന് സർക്കാരിൽ നിന്നും പണം ലഭിക്കാനുണ്ടോ ; ഉണ്ടെങ്കിൽ ഏതു വർഷം മുതൽ എത്ര തുക വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

(ഡി) ഈ തുക കൊടുത്തുതീർക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് ?

## കൺസ്യൂമർഫെഡ് സ്ഥാപനങ്ങൾ

T 2081. ശ്രീ.പി.സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ആകെ എത്ര കൺസ്യൂമർ ഫെഡ് സ്ഥാപനങ്ങൾ/സ്റ്റോറുകൾ നിലവിൽ ഉണ്ട് ; ഇവ എവിടെയൊക്കെയെന്ന് വിശദമാക്കുമോ ;

(ബി) ഈ സർക്കാർ അധികാരമേറ്റ ശേഷം കൺസ്യൂമർ ഫെഡിൽ എത്ര കോടി രൂപയുടെ ബിസിനസ്സ് നടത്തിയിട്ടുണ്ട് ; വർഷം തിരിച്ചുള്ള കണക്ക് നല്കുമോ ;

(സി) ഈ സ്ഥാപനത്തിന്റെ 2011 ജൂൺ മുതലുള്ള പ്രവർത്തന പുരോഗതി വെളിപ്പെടുത്തുമോ ;

(ഡി) കേരളത്തിൽ കൺസ്യൂമർ ഫെഡിന്റെ വണ്ടിയിൽ സഞ്ചരിക്കുന്ന സ്റ്റോറുകൾ/കടകൾ എത്ര എണ്ണം ഉണ്ട് ; ജില്ല തിരിച്ച് വിവരിക്കുമോ;

(ഇ) കൺസ്യൂമർ ഫെഡ് ഏതെങ്കിലും സ്ഥാപനങ്ങൾ/ബാങ്കുകൾ നിന്ന് ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ലോൺ എടുത്തിട്ടുണ്ടോ ;

(എഫ്) ഉണ്ടെങ്കിൽ ഇതിന്റെ വിശദാംശം നല്കുമോ; കഴിഞ്ഞ നാല് വർഷത്തെ ബഡ്ജറ്റുകളിൽ കൺസ്യൂമർ ഫെഡിന് പ്രത്യേകമായി തുക നീക്കിവച്ചിട്ടുണ്ടോ ; വിശദമാക്കുമോ ?

## കൺസ്യൂമർഫെഡ് സ്ഥാപനങ്ങളുടെ പ്രവർത്തനം

2082. **ശ്രീ.രാജു എബ്രഹാം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കൺസ്യൂമർഫെഡിനു കീഴിൽ പുതുതായി എത്ര സ്ഥാപനങ്ങൾ ആരംഭിച്ചിട്ടുണ്ട്; എവിടെയൊക്കെ ;

(ബി) മേൽ കാലയളവിൽ എത്ര കൺസ്യൂമർഫെഡ് സ്ഥാപനങ്ങളാണ് അടച്ചുപൂട്ടിയിട്ടുള്ളത് ; ഇതുമൂലം എത്ര പേർക്കാണ് തൊഴിൽ നഷ്ടപ്പെട്ടത് ;

(സി) ഈ കാലയളവിൽ കൺസ്യൂമർഫെഡിന്റെ വിവിധ സ്ഥാപനങ്ങളിൽ നിയമിച്ച താത്കാലിക ജീവനക്കാരുടെ ദിവസവേതനം എത്രയാണെന്ന് വ്യക്തമാക്കാമോ ;

(ഡി) പ്രസ്തുത സ്ഥാപനങ്ങൾ അടച്ചുപൂട്ടുന്നതുമൂലം തൊഴിൽ നഷ്ടപ്പെട്ടവരെ പുനരധിവസിപ്പിക്കാൻ സ്വീകരിച്ചിരിക്കുന്ന നടപടികൾ എന്തൊക്കെ?

## കൺസ്യൂമർഫെഡിലെ കുടിശ്ശിക

2083. **ശ്രീ.സി.കെ സദാശിവൻ :** താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൺസ്യൂമർഫെഡിൽ സാധനങ്ങൾ എത്തിക്കുന്നവർക്ക് കുടിശ്ശിക ഇനത്തിൽ തുക നൽകുവാനുണ്ടോ; എങ്കിൽ എത്ര രൂപ കുടിശ്ശിക ഉണ്ടെന്നും എന്നേക്ക് ഇത് പൂർണ്ണമായും വിതരണം ചെയ്യാൻ കഴിയും എന്ന് വ്യക്തമാക്കാമോ?

## ഖാദി ഗ്രാമ വ്യവസായ സംഘങ്ങൾ .

2084. **ശ്രീ.കെ.കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഖാദി ഗ്രാമവ്യവസായ സഹകരണസംഘങ്ങളിൽ എത്ര പേർ തൊഴിലെടുക്കുന്നുവെന്നു വ്യക്തമാക്കാമോ;

(ബി) ഇവർക്ക് മിനിമം കൂലി ഏർപ്പെടുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്രയെന്ന് വ്യക്തമാക്കാമോ?

## <u>ചെറുകിട സഹകരണ സംഘങ്ങൾ</u>

2085. **ശ്രീ.കെ.കെ.നാരായണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെറുകിട സഹകരണ സംഘങ്ങൾ സാമ്പത്തിക പരിമിതിമൂലം പുതിയ പദ്ധതികൾ ഏറ്റെടുക്കുന്നതിന് വിമുഖത കാണിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ചെറുകിട സംഘങ്ങൾക്ക് സഹകരണ ബാങ്കുകളിൽ നിന്നുപോലുംവേണ്ടത്ര വായ്പ നൽകുന്നില്ലായെന്നത് പരിശോധിച്ചിട്ടുണ്ടോ ;

(സി) സഹകരണ സംഘങ്ങളുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന് എന്തെങ്കിലും പദ്ധതികൾ ആലോചിക്കുന്നുണ്ടോ ; എങ്കിൽ വിശദമാക്കുമോ ?

## <u>റിബേറ്റ് ഇനത്തിൽ കുടിശ്ശിക</u>

2086. **ശ്രീ.കെ.കുഞ്ഞിരാമൻ (ഉദുമ) :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കൈത്തറി സഹകരണ സംഘങ്ങൾക്ക് റിബേറ്റ് ഇനത്തിൽ എത്ര തുക കുടിശ്ശികയായി നൽകാനുണ്ടെന്ന് അറിയിക്കാമോ ;

(ബി) റിബേറ്റ് അടക്കമുള്ള തുക നൽകാത്തതിനാൽ ഇത്തരം സംഘങ്ങൾ അടച്ച് പൂട്ടൽ ഭീഷണിയിലാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വ്യക്തമാക്കുമോ ?

## <u>സ്പിന്നിംഗ് മേഖലയിലെ പ്രതിസന്ധി</u>

2087. **ശ്രീ.കെ.എൻ.എ.ഖാദർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്പിന്നിംഗ് വ്യവസായം ഗുരുതരമായ പ്രതിസന്ധി നേരിടുകയാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിയ്ക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(ബി) സ്പിന്നിംഗ് മില്ലുകളിൽ ഉപയോഗിയ്ക്കുന്ന സാങ്കേതികവിദ്യയും ഉപകരണസാമഗ്രികളും പലതും കാലഹരണപ്പെട്ടതാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഇത്തരം മില്ലുകളുടെ നവീകരണത്തിനും ഈ മില്ലുകളുടെ വിറ്റുവരവ് വർദ്ധിപ്പിയ്ക്കുന്നതിനുമായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

## <u>തൊഴിൽ സംരംഭകർക്ക് പലിശ സബ്സിഡി</u>

2088. **ശ്രീ.സി.മോയിൻ കുട്ടി**

**,,** പി.കെ.ബഷീർ

**,,** സി.മമ്മൂട്ടി

,, കെ.എം.ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമ്പത്തിക വളർച്ചയും തൊഴിലവസരങ്ങളും ലക്ഷ്യമിട്ട് പരമ്പരാഗത തൊഴിൽ മേഖലയിലെ സംരംഭകർക്ക് വായ്പകളിന്മേൽ പലിശ സബ്സിഡി നൽകുന്നതിനു 2014-15 ൽ പ്രഖ്യാപിച്ച പദ്ധതിയുടെ വിശദ വിവരം വെളിപ്പെടുത്തുമോ;

(ബി) ഈ പദ്ധതി മുഖേന സാമ്പത്തിക, തൊഴിൽ അവസരങ്ങളിൽ കൈവരിക്കാനായ നേട്ടം എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

## കെ.എഫ്.സി. വായ്പകൾ

2089. ശ്രീ.പി.സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നാളിതുവരെ കെ.എഫ്.സി യിൽ നിന്ന് ലോൺ ഇനത്തിൽ എത്ര കോടി രൂപ വായ്പ നൽകിയിട്ടുണ്ട് ;

(ബി) ഇതിൽ 25 ലക്ഷത്തിന് മുകളിൽ ലോൺ നല്കിയവരുടെ പേരും അഡ്രസ്സും തുകയും എത്രയെന്ന് വിശദമാക്കാമോ ;

(സി) ഇക്കാലയളവിൽ വൺ ടൈം സെറ്റിൽമെന്റ് പ്രകാരം എത്ര ലോണുകൾ അടച്ചിട്ടുണ്ട് ; ഇവർ/സ്ഥാപനങ്ങൾ എതെല്ലാം ; പൂർണ്ണമായ അഡ്രസ്സ് സഹിതം തുക എത്രയെന്ന് വിശദമാക്കാമോ ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം, ഈ സർക്കാരിന് മുമ്പോ, ഈ സർക്കാരിൽ നിന്നുമോ ലോൺ എടുത്തിട്ട് കുടിശ്ശികയായി വലിയതുക വന്നതിനാൽ പ്രസ്തുത തുക ഇളവുചെയ്ത് ലോൺ തീർക്കുകയോ, ലോൺ പുതുക്കുകയോ ചെയ്യാൻ ഏതെങ്കിലും വ്യക്തികൾക്കോ, സ്ഥാപനങ്ങൾക്കോ ഉത്തരവ് നൽകിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ ആർക്കൊക്കെ, പേരും ഇളവ് തുകയും അടച്ച തുകയും പ്രത്യേകം വിശദമാക്കുമോ ?

## ആസ്തി വികസന ഫണ്ട്

2090. ശ്രീ.എം.ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആസ്തി വികസന ഫണ്ട് ഉപയോഗിച്ചുള്ള പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുന്നതിൽ ഉണ്ടാകുന്നതായി പറയപ്പെടുന്ന കാലതാമസം സംബന്ധിച്ച് വിശദമായ പഠനം നടത്തിയിട്ടുണ്ടോ ; വിശദമാക്കാമോ ;

(ബി) ആസ്തി വികസന ഫണ്ട് ഉപയോഗിച്ചുള്ള പ്രവൃത്തികൾ ദ്രുതഗതിയിലാക്കുന്നതിന് ധനകാര്യ പൊതുഭരണ വകുപ്പുകളുടെ ഏകോപനമില്ലായ്മ കാരണമാണെന്ന് കണ്ടെത്തിയിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ എം.എൽ.എ. മാരുടെ പ്രത്യേക വികസനനിധി മാതൃകയിൽ ആസ്തി വികസന ഫണ്ടിന്റെ വിനിയോഗവും നടത്തുന്ന കാര്യം പരിഗണിക്കുമോ ; വിശദമാക്കാമോ ?

## ആസ്തി വികസന ഫണ്ട് പ്രവർത്തികൾക്കുള്ള അനുമതി

2091. **ശ്രീ.പി.കെ.ബഷീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആസ്തി വികസന ഫണ്ട് പ്രവർത്തികൾക്ക് ധനകാര്യ വകുപ്പിന്റെ അനുമതി ലഭിക്കുന്നതിന് കാലതാമസം ഒഴിവാക്കുന്നതിന് മാർഗരേഖ അനുസരിച്ച് വരുന്ന ചെറിയ തുകയുള്ള പ്രവർത്തികൾക്ക് അനുമതി നൽകുന്നതിന് നോഡൽ ഓഫീസർക്കും ഒരു കോടി വരെയുള്ള പ്രവർത്തികൾക്ക് ധനകാര്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിക്കും അതിനു മുകളിലുള്ള ഫയലുകൾ, പ്രത്യേക അനുമതി ആവശ്യമുള്ള ഫയലുകൾ എന്നിവ ധനമന്ത്രി കാണുന്നതിനും വ്യവസ്ഥ ചെയ്ത് ഫയൽ റൂട്ടിങ്ങിൽ മാറ്റംവരുത്തുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) ആസ്തി വികസന പദ്ധതിക്കു ഇപ്പോൾ പല വകുപ്പുകൾക്കും പ്രത്യേക ഹെഡ് ഓഫ് അക്കൗണ്ട് ഇല്ലാത്തതുമൂലം കാലതാമസം നേരിടുന്നത് പരിഹരിക്കുന്നതിന് ഓരോ ഭരണ വകുപ്പിനും ഹെഡ് ഓഫ് അക്കൗണ്ട് കൂടി അനുവദിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

## ആസ്തി വികസന പദ്ധതിക്ക് മതിയായ തുക അനുവദിക്കാൻ നടപടി

2092. **ശ്രീ.ജി.സുധാകരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി പ്രവൃത്തികൾ ടെണ്ടർ ചെയ്യുന്നതിന് തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും പൊതുമരാമത്ത് വകുപ്പിലേക്ക് ഡെപ്പോസിറ്റ് ചെയ്യുന്നതിനുള്ള ബില്ല് ട്രഷറികളിൽ ഫണ്ടില്ലാതെ ഒബ്ജക്ഷനാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇത്തരം ബില്ലുകൾക്ക് ധനകാര്യ (വെയ്സ് ആന്റ് മീൻസ്) വകുപ്പിന്റെ ക്ലിയറൻസ് വാങ്ങേണ്ടി വരുന്നതിനാൽ പ്രവൃത്തികൾ ടെണ്ടർ ചെയ്ത് സമയബന്ധിതമായി പണി ആരംഭിക്കുവാൻ കഴിയുന്നില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) എങ്കിൽ ഇതു പരിഹരിക്കാൻ എന്തു നടപടി സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നത് ; വിശദമാക്കാമോ ?

## സ്വയം സംരംഭക വികസന മിഷൻ

2093. ശ്രീ.ബെന്നി ബെഹനാൻ

**,,** കെ.അച്ചുതൻ

**,,** ജോസഫ് വാഴയ്ക്കൻ

**,,** വി.ഡി.സതീശൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കെ.എഫ്.സി.യുടെ നേതൃത്വത്തിൽ സ്വയം സംരംഭക വികസന മിഷൻ രൂപീകരിച്ചിട്ടുണ്ടോ;എങ്കിൽ ഇതിന്റെ പ്രവർത്തനങ്ങൾ എന്തെല്ലാം;

(ബി) പ്രസ്തുത മിഷൻ സാമ്പത്തിക സഹായം നൽകുന്നത് ഏതെല്ലാം മേഖലകളിലുള്ളവർക്കാണ്;

(സി) ജനങ്ങളിൽ സംരംഭക ശീലം വളർത്തുവാൻ എന്തെല്ലാം കർമ്മ പരിപാടികളാണ് മിഷൻ കൈക്കൊണ്ടിട്ടുള്ളത്; വിശദമാക്കുമോ?

<u>ശമ്പള പരിഷ്കരണ കമ്മിഷൻ</u>

2094. **ശ്രീ.കെ.രാധാകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ കമ്മീഷന്റെ കാലാവധി എത്ര തവണ നീട്ടി നൽകിയെന്നും അതിന്റെ വിശദാംശങ്ങളും ലഭ്യമാക്കാമോ;

(ബി) കമ്മീഷൻ എപ്പോൾ റിപ്പോർട്ട് സർക്കാരിന് സമർപ്പിക്കുമെന്ന് പറഞ്ഞിട്ടുണ്ടോ;

(സി) ശമ്പള പരിഷ്കരണ നടപടികൾ പൂർത്തിയാക്കുന്നതിലുള്ള കാലതാമസം ഒഴിവാക്കി എന്ന് സർക്കാർ ഉത്തരവിറക്കുമെന്നും പറയാമോ?

<u>ശമ്പള പരിഷ്കരണം</u>

2095. **ശ്രീമതി.കെ.എസ്.സലീഖ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ശമ്പള പരിഷ്കരണ പ്രവർത്തനവുമായി ബന്ധപ്പെട്ട് നാളിതുവരെ ഉദ്യോഗസ്ഥ പ്രവർത്തനങ്ങൾക്കും മറ്റു പ്രവൃത്തികൾക്കുമായി കമ്മീഷൻ പ്രഖ്യാപനത്തിനുശേഷം ഓരോ വർഷവും സർക്കാർ ഖജനാവിൽ നിന്നും ചെലവായ തുക എത്ര ; വിശദാംശം ലഭ്യമാക്കുമോ ;

(ബി) ശമ്പള കമ്മീഷൻ ചെയർമാൻ ഇക്കാലയളവിൽ ഓരോവർഷവും ശമ്പളകമ്മീഷൻ, മറ്റു ഔദ്യോഗിക പ്രവർത്തനങ്ങൾ എന്നിവയിൽ നിന്നും സ്വീകരിച്ച സാമ്പത്തിക ആനുകൂല്യങ്ങൾ എത്ര എന്നു വ്യക്തമാക്കുമോ ;

(സി) നാളിതുവരെയുള്ള ശമ്പള കമ്മീഷൻ പ്രവർത്തനം എന്തെല്ലാം എന്നും പ്രസ്തുത കമ്മീഷൻ ഓഫീസ് എവിടെയെല്ലാം പ്രവർത്തിച്ചു എന്നും സ്ഥിരമായ ഒരു ഓഫീസ് കമ്മീഷന് ലഭിക്കാത്തതുമൂലം റിപ്പോർട്ട് അവതരണത്തിന് എന്തെങ്കിലും തടസ്സമുണ്ടായോ എന്നും അതിനു കാരണക്കാർ ആരെല്ലാം എന്നു വ്യക്തമാക്കുമോ ;

(ഡി) കമ്മീഷൻ പ്രവർത്തനങ്ങൾക്ക് ആവശ്യമായ സഹായസഹകരണങ്ങൾ ഗവൺമെന്റും ധനവകുപ്പും യഥാസമയം നൽകിയോ എന്നും ഇല്ലെങ്കിൽ ഇതിനു കാരണക്കാരായ ഉദ്യോഗസ്ഥർ ആരെല്ലാം എന്നും വ്യക്തമാക്കുമോ ?

<u>വിവിധ വകുപ്പുകൾക്കായി ബഡ്ജറ്റിൽ വകയിരുത്തിയ തുക</u>

2096. **ശ്രീ.ജി.സുധാകരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2014-2015 സാമ്പത്തിക വർഷം വിവിധ വകുപ്പുകൾക്കായി ബഡ്ജറ്റിൽ വകയിരുത്തിയ തുക എത്ര; പ്ലാൻ, നോൺ പ്ലാൻ, ഉപധനാഭ്യർത്ഥന ഉൾപ്പെടെ വകുപ്പ് തിരിച്ച് വ്യക്തമാക്കാമോ;

(ബി) 2014-2015 സാമ്പത്തിക വർഷം ബഡ്ജറ്റ് വിഹിതത്തിന്റെ എത്ര ശതമാനം വീതം ഓരോ വകുപ്പും ചെലവഴിച്ചു; വിശദമാക്കാമോ;

(സി) 2014-2015 സാമ്പത്തിക വർഷം വിവിധ പദ്ധതികൾക്കായി ലഭിച്ച കേന്ദ്ര വിഹിതം എത്ര; അതിൽ നിന്നും വിവിധ പദ്ധതികൾക്കായി എന്തു തുക ചെലവഴിച്ചു; വിശദമാക്കോമോ?

## പദ്ധതി പ്രവൃത്തികൾ പൂർത്തിയാക്കുന്നതിനുള്ള കാലതാമസം

2097. ശ്രീ.എളമരം കരീം
ഡോ.ടി.എം.തോമസ് ഐസക്
ശ്രീ.കെ.രാധാകൃഷ്ണൻ
,, കെ.കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പദ്ധതി പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനായി, വർഷാന്ത്യം തിടുക്കപ്പെട്ട് കാര്യങ്ങൾ ചെയ്യുന്നത് ഒഴിവാക്കാൻ നൽകിയ നിർദ്ദേശങ്ങൾ പാലിക്കപ്പെടുന്നുണ്ടോയെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) സാമ്പത്തികനഷ്ടം സംഭവിക്കാതിരിക്കാനുള്ള പ്രസ്തുത നിർദ്ദേശങ്ങൾ പ്രാവർത്തികമാകാത്തതിനുള്ള കാരണങ്ങൾ വ്യക്തമാക്കാമോ;

(സി) പദ്ധതി പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കാതെ വർഷാന്ത്യം തിടുക്കപ്പെട്ട് നടത്തേണ്ടിവരുന്നതിന് സർക്കാരിന്റെ ഭാഗത്തുനിന്നുള്ള വീഴ്ചകൾ കാരണമാകുന്നുണ്ടോ; വ്യക്തമാക്കാമോ?

## കാരുണ്യ ബനവലന്റ് ഫണ്ട്

2098. ശ്രീ.സാജു പോൾ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാരുണ്യ ബനവലന്റ് ഫണ്ട് വിനിയോഗം വിലയിരുത്തിയിട്ടുണ്ടോ ;

(ബി) അനുവദിക്കുന്ന പരമാവധി തുക വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കുമോ ;

(സി) അവയവം ദാനം നൽകുന്നവരുടെ മുഴുവൻ ചികിത്സാച്ചെലവും ഫണ്ടിൽ നിന്നും അനുവദിക്കുവാൻ തയ്യാറാകുമോ ?

## ആഭ്യന്തര കടം

T 2099. ശ്രീ.മുല്ലക്കര രത്നാകരൻ **:** താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011 -12 -ൽ സംസ്ഥാനത്തിന്റെ ആഭ്യന്തര കടം എത്രയായിരുന്നുവെന്ന് വ്യക്തമാക്കാമോ ?

<u>ബജറ്റിൽ തുക വകയിരുത്തിയ പദ്ധതികൾ</u>

2100. ശ്രീമതി.പി. അയിഷാ പോറ്റി
ഡോ.കെ.ടി.ജലീൽ
ശ്രീ.റ്റി.വി.രാജേഷ്
,, എ.എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബജറ്റിൽ തുക വകയിരുത്തിയ പദ്ധതികൾ നടപ്പാക്കാത്തതിന് അതത് വകുപ്പുകളുടെ വീഴ്ച കാരണമാകുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ ;

(ബി) 2014-15-ലെ ബജറ്റിൽ പ്രഖ്യാപിച്ചതും തുക വകയിരുത്തിയതുമായ പദ്ധതികളിൽ ഏതൊക്കെ പ്രാബല്യത്തിൽ വരുത്തുന്നതിന് അതത് വകുപ്പുകളുടെ വീഴ്ച തടസ്സമായി എന്ന് വ്യക്തമാക്കാമോ ;

(സി) ബജറ്റിൽ തുക വകയിരുത്തിയ പദ്ധതികൾ നടപ്പിലാക്കുന്നതിന് അതത് വകുപ്പുകൾ നടപടി സ്വീകരിക്കുന്നുണ്ടോയെന്ന് പരിശോധിക്കാനുള്ള നിലവിലെ സംവിധാനങ്ങൾ എന്തൊക്കെയാണ് ; പദ്ധതി തുക യഥാസമയം അനുവദിക്കുന്നതിൽ ധനകാര്യ വകുപ്പിന് വീഴ്ചകൾ ഉണ്ടായിട്ടുണ്ടോ;വിശദമാക്കാമോ?

<u>പൊതുചെലവ് അവലോകന സമിതിയുടെ ശുപാർശ</u>

2101. ശ്രീ.പി.കെ.ഗുരുദാസൻ
,, സി.കെ സദാശിവൻ
,, ബാബു എം. പാലിശ്ശേരി
,, കെ.കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പൊതുചെലവ് അവലോകന സമിതിയുടെ ശുപാർശകൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ ;

(ബി) സമിതിയുടെ എല്ലാ ശുപാർശകളും അംഗീകരിച്ചിട്ടുണ്ടോ ;

(സി) ആയത് നടപ്പാക്കുമ്പോൾ വിവിധ മേഖലകളിൽ ഉണ്ടാകാവുന്ന പ്രതിബന്ധങ്ങൾ വിലയിരുത്തിയിട്ടുണ്ടോ ;

(ഡി) സമിതി ഇത്തരം ശുപാർശ സമർപ്പിക്കുന്നതിനുണ്ടായ അടിസ്ഥാന കാരണങ്ങൾ വ്യക്തമാക്കാമോ ?

<u>ബജറ്റിൽ പ്രാമുഖ്യം നൽകിയിരിക്കുന്ന മേഖലകൾ</u>

2102. ശ്രീ.എം.വി.ശ്രേയാംസ് കുമാർ

,, റോഷി അഗസ്റ്റിൻ

ഡോ.എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നടപ്പുസാമ്പത്തിക വർഷത്തെ ബജറ്റിൽ ഏതെല്ലാം മേഖലകൾക്കാണ് പ്രാമുഖ്യം നൽകിയിരിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) ഓരോ മേഖലയിലും നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത പദ്ധതികൾക്ക് ആവശ്യമായ ധനസമാഹരണം എപ്രകാരമെന്ന് വ്യക്തമാക്കുമോ;

കാഞ്ഞങ്ങാട് നിയോജകമണ്ഡലത്തിലെ ആസ്തി വികസന പദ്ധതികൾ

2103. ശ്രീ.ഇ.ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി കാഞ്ഞങ്ങാട് നിയോജക മണ്ഡലത്തിൽ നിന്നും ഏതൊക്കെ പ്രവൃത്തികളാണ് നിർദ്ദേശിച്ചതെന്ന് വ്യക്തമാക്കാമോ ;

(ബി) നിർദ്ദേശിച്ച പദ്ധതികളിൽ ഭരണാനുമതി, സാങ്കേതികാനുമതി എന്നിവ ലഭ്യമായത്, ടെണ്ടർ ചെയ്തവ എന്നിവ തരം തിരിച്ച് വിശദമാക്കാമോ ;

(സി) പ്രസ്തുത പദ്ധതികളിൽ ഏതൊക്കെ പ്രവൃത്തികളാണ് പൂർത്തീകരിച്ചതെന്ന് വിശദമാക്കാമോ ?

നിയോജകമണ്ഡലം ആസ്തി വികസന പദ്ധതി പ്രവൃത്തികളുടെ സേവിംഗ്സ്

2104. ശ്രീ.ബി.സത്യൻ : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിയോജകമണ്ഡലം ആസ്തി വികസന പദ്ധതി പ്രകാരം ഭരണാനുമതി ലഭിക്കുന്ന പ്രവൃത്തികൾ ടെൻഡർ ചെയ്യുമ്പോൾ കരാറുകാർ ഭരണാനുമതി തുകയിൽ താഴ്ത്തി പ്രവൃത്തിയുടെ നിർമ്മാണം ഏറ്റെടുക്കുമ്പോഴുണ്ടാകുന്ന സേവിംഗ്സ് പുതിയ പ്രവൃത്തികൾക്കായി വിനിയോഗിക്കുവാൻ കഴിയുമോ ; ഇത് സംബന്ധിച്ച വിശദവിവരം ലഭ്യമാക്കാമോ ?

വകുപ്പുകളുടെ ബഡ്ജറ്റ് വിഹിതവും ചെലവും

T 2105. ശ്രീ.ജി.സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2014-2015 സാമ്പത്തിക വർഷം ഓരോ വകുപ്പിന്റെയും ബഡ്ജറ്റ് വിഹിതം (പ്ലാൻ, നോൺ പ്ളാൻ ഉപധനാഭ്യർത്ഥന ഉൾപ്പടെ) എത്രയായിരുന്നു. ഓരോ വകുപ്പും എന്തു തുക 2015 മാർച്ച് 31 നുള്ളിൽ ചെലവഴിച്ചു ; ഓരോ വകുപ്പും ബഡ്ജറ്റ് വിഹിതത്തിന്റെ എത്ര ശതമാനം ചെലവഴിച്ചു ; വിശദാംശം നൽകാമോ ;

(ബി) 2014-2015 സാമ്പത്തിക വർഷം വിവിധ കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായി എന്തു തുക

ഓരോ വകുപ്പിനും ലഭിച്ചു ; അതിൽ നിന്നും ഓരോ വകുപ്പും 2015 മാർച്ച് 31 വരെ എന്തു തുക ചെലവഴിച്ചു ; കേന്ദ്രത്തിൽ നിന്നും ലഭിച്ച തുകയുടെ എത്ര ശതമാനം വീതം ഓരോ വകുപ്പും ചെലവഴിച്ചു ; വിശദാംശം നൽകുമോ ;

(സി) 2014-2015 ബഡ്ജറ്റ് വിഹിതത്തിൽ നിന്നും ചെലവഴിക്കാൻ കഴിയാത്ത തുക 2015-2016 സാമ്പത്തിക വർഷം ചെലവഴിക്കാൻ അനുമതി നൽകിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ?

<u>കരാറുകാർക്കുള്ള കുടിശ്ശിക</u>

2106. **ശ്രീ.രാജു എബ്രഹാം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ധനക്കമ്മി ഏതെങ്കിലും നിർമ്മാണ പ്രവർത്തനങ്ങൾക്ക് തടസ്സമായിട്ടുണ്ടോ;

(ബി) വിവിധ വകുപ്പുകൾക്ക് എത്ര രൂപവീതം കരാർ കുടിശ്ശിക വരുത്തിയിട്ടുണ്ട് എന്ന് വകുപ്പുകൾ തിരിച്ച് വ്യക്തമാക്കാമോ;

(സി) കരാറുകാർക്കുള്ള കുടിശ്ശിക പ്രശ്നം എങ്ങനെ പരിഹരിക്കാനാണ് ഉദ്ദേശിക്കുന്നത്;പ്രസ്തുത കരാറുകാരുമായി ചർച്ച നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്ന്; ചർച്ചയിൽ എന്തൊക്കെ ഉറപ്പുകളാണ് കരാറുകാർക്ക് നൽകിയത്;

(ഡി) പ്രസ്തുത ഉറപ്പുകൾ പാലിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ; പ്രസ്തുത ഉറപ്പുകൾ നടപ്പാക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ ?

<u>**24** മണിക്കൂർ പോസ്റ്റ്മോർട്ടം നടപ്പാക്കുന്നതിന് പുതിയ തസ്തികകൾ</u>

2107. **ശ്രീ. എൻ .എ.നെല്ലിക്കുന്ന് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രി നിയമസഭയിൽ ഉറപ്പുകൊടുത്തതും മന്ത്രിസഭ അംഗീകരിച്ചതുമായ 24 മണിക്കൂർ പോസ്റ്റ്മോർട്ടം നടപ്പാക്കുന്നതിന് പുതിയ തസ്തികകൾ ആവശ്യമാണെന്ന് ആരോഗ്യവകുപ്പ് ധനകാര്യവകുപ്പിനെ അറിയിച്ചിട്ടുണ്ടോ ; എങ്കിൽ എത്ര പുതിയ തസ്തികകൾ സൃഷ്ടിക്കുവാനുള്ള അനുമതിയാണ് ആരോഗ്യ വകുപ്പ് ആവശ്യപ്പെട്ടിരിക്കുന്നത് ; ഇതിനു വേണ്ടിവരുന്ന സാമ്പത്തിക ബാധ്യത എത്രയാണ് ;

(ബി) ഈ തസ്തികകൾ ധനകാര്യ വകുപ്പ് അനുവദിക്കാത്തതാണ് 24 മണിക്കൂർ പോസ്റ്റ്മോർട്ടം നടപ്പാക്കാക്കുന്നതിനുള്ള തടസ്സം എന്ന് പറയപ്പെടുന്നത് ശരിയാണോ ; എങ്കിൽ പുതിയ തസ്തികകൾ അനുവദിച്ച് ഇക്കാര്യം നടപ്പാക്കുന്നതിന് ധനകാര്യ വകുപ്പിൽ നിന്ന് എപ്പോൾ അനുകൂല നടപടിയുണ്ടാകും എന്ന് വിശദമാക്കാമോ ?

<u>നാഷണൽ സേവിംഗ്സ് വകുപ്പിൽ ഡി.ഡി.മാരുടെ പ്രമോഷൻ</u>

2108. **പ്രൊഫ. സി.രവീന്ദ്രനാഥ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാഷണൽ സേവിംഗ്സ് വകുപ്പിൽ ഡി.ഡി മാരുടെ തസ്തികകൾ ഒഴിഞ്ഞുകിടക്കുന്ന വിവരം അറിയുമോ;

(ബി) ജില്ലാ ഓഫീസർമാരില്ലാത്തത് കാരണം പല പ്രധാന കാര്യങ്ങളിലും തീരുമാനം എടുക്കാൻ കാലതാമസം വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഡി.ഡി.മാരുടെ പ്രമോഷൻ അടിയന്തരമായി നടത്തുവാൻ നടപടി സ്വീകരിക്കുമോ?

## സേവന നികുതി

T 2109. ശ്രീ.കെ.കെ.നാരായണൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സേവന നികുതി ഇനത്തിൽ സംസ്ഥാനത്തിന് കഴിഞ്ഞ 5 വർഷങ്ങളിൽ ഓരോ വർഷവും ലഭിച്ച വരുമാനം എത്ര വീതമായിരുന്നു ;

(ബി) 2015 ജൂൺ 1 മുതൽ 14 ശതമാനമായി സേവന നികുതി വർദ്ധിപ്പിച്ചതുമുഖേന തന്നാണ്ടിലെ പ്രസ്തുത ഇനത്തിലുള്ള വരുമാനം എത്രയായി വർദ്ധിക്കുമെന്ന് കണക്കാക്കിയിട്ടുണ്ടോ ; വിശദമാക്കാമോ ?

## അധിക നികുതിയും നികുതി ഇളവും

2110. ശ്രീ.പി.സി. ജോർജ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011-12 സാമ്പത്തിക വർഷം മുതൽ 2015-16 വരെയുള്ള ബജറ്റുകളിൽ ഏതെല്ലാം വസ്തുക്കൾക്കാണ് നികുതി കൂട്ടിയത് ; വിശദമാക്കുമോ ; ഓരോ വസ്തുക്കൾക്കും മുമ്പ് ഉണ്ടായിരുന്ന നികുതിയും കൂട്ടുതൽ നിർദ്ദേശിക്കപ്പെട്ട നികുതിയും എത്ര ;

(ബി) ഇത്തരത്തിൽ 2015-16ൽ നാളിതുവരെ എത്ര തുക അധിക നികുതിയായി പിരിഞ്ഞു കിട്ടി ;

(സി) ഓരോ വസ്തുക്കൾക്കും 2011-12 മുതൽ 2015-16 വരെയുള്ള കാലഘട്ടത്തിൽ മുമ്പ് ഉണ്ടായിരുന്ന നികുതിയേക്കാൾ കുറഞ്ഞ നിരക്ക് ശുപാർശ ചെയ്തിട്ടുണ്ടോ ; എങ്കിൽ ഏതെല്ലാം വസ്തുക്കൾക്ക് എത്ര ശതമാനത്തിൽ നിന്ന് എത്ര ശതമാനമായിട്ടാണ് ഇളവ് നൽകിയത് ;

(ഡി) ഇങ്ങനെ ഇളവ് നൽകിയതുമൂലം മേൽപ്പറഞ്ഞ സാമ്പത്തിക വർഷം ഓരോന്നിലും എത്ര നികുതി നഷ്ടം ഉണ്ടായിട്ടുണ്ട് ?

## നികുതി വരവ്

2111. ശ്രീമതി.കെ.എസ്.സലീഖ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011-12 മുതൽ 2015-16 വരെ ഓരോ വർഷവും നികുതി വരവിനങ്ങളിലെ ബജറ്റ് എസ്റ്റിമേറ്റ്, നികുതി പിരിവ് , അക്കൗണ്ട് ജനറലിന്റെ കണക്കുകൾ എന്നിവ സംബന്ധിച്ച സ്റ്റേറ്റ്മെന്റ് ലഭ്യമാക്കുമോ;

(ബി) ഇവയിൽ കാർഷികാദായ നികുതി, ഭൂനികുതി, കൃഷിഭൂമി ഒഴികെ സ്ഥാവര വസ്തു നികുതി, സംസ്ഥാന എക്സൈസ് , വില്പന നികുതി, വാഹന നികുതി, വൈദ്യുത നികുതി, ക്രയവിക്രയ സേവനം തുടങ്ങി മറ്റു നികുതികൾ (തരം തിരിച്ച്) സർക്കാരിന് 2011-12 മുതൽ 2015-16 വരെ ലഭിച്ചത് വർഷം തിരിച്ച് വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്തിനകത്ത് പോലീസ് വേണ്ടത്ര പരിശോധനയില്ലാതെ ചരക്കു വാഹനങ്ങൾ കടത്തിവിടുന്നതിലൂടെ ഉണ്ടാകുന്ന സാമ്പത്തിക നഷ്ടം ഓരോ വർഷവും എത്ര എന്നു കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ ഇതു തടയുവാൻ എന്തു നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(ഡി) റയിൽവേ, തുറമുഖം, ടൂറിസ്റ്റ് വാഹനങ്ങൾ, പാർസൽ, കുറിയർ എന്നിവയിലൂടെയും വിമാനങ്ങൾ വഴിയും നികുതി വെട്ടിപ്പ് നടത്തുന്നതു ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എത്ര തുകയുടെ നികുതി വെട്ടിപ്പ് 2011-12മുതൽ സംസ്ഥാനത്തു നടന്നുവരുന്നുവെന്നും ഇതു തടയുവാൻ ഈ സർക്കാർ ഓരോ വർഷവും എന്തു നടപടി സ്വീകരിച്ചു എന്നും ജില്ല തിരിച്ച് വിശദാംശം ലഭ്യമാക്കുമോ?

## വാറ്റ് ഇനത്തിൽ നൽകിയ ഇളവ്

2112. **ശ്രീ.പി.സി. ജോർജ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാറ്റ് ഇനത്തിലുള്ള പിരിവിൽ നിന്ന് ഏതെങ്കിലും വ്യക്തികൾക്കോ വ്യാപാരികൾക്കോ ഇളവ് നൽകിയിട്ടുണ്ടോ ; എങ്കിൽ ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ഏതെല്ലാം വ്യാപാരികൾക്ക് എത്ര തുക വീതം നൽകി ;

(ബി) ഓരോ വർഷവും ഓരോ വ്യാപാരികൾക്ക് ഇളവ് നൽകിയ തുകയുടെ വിശദാംശങ്ങളും ഇവരുടെ പേരും വെളിപ്പെടുത്തുമോ ?

## വിൽപ്പന നികുതി

2113. **ശ്രീ.കെ.എൻ.എ.ഖാദർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സാമ്പത്തിക വർഷം നികുതിയിനത്തിൽ പ്രതീക്ഷിച്ചതിനേക്കാൾ എത്ര രൂപയുടെ കുറവാണ് ഉണ്ടായത്;

(ബി) സ്വർണ്ണം, റബ്ബർ, വാഹനം എന്നീ ഇനങ്ങളിലെ നികുതി വരുമാനത്തിൽ കാര്യമായ കുറവുണ്ടായ സാഹചര്യം വിലയിരുത്തിയിട്ടുണ്ടോ ;

(സി) ചെറുകിട വ്യാപാര സ്ഥാപനങ്ങൾ ഉൾപ്പെടെയുള്ളവർ ബിൽ നൽകാത്തത് മൂലമുള്ള നികുതി ചോർച്ച തടയുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ;

(ഡി) വ്യാപാര സ്ഥാപനങ്ങളിൽ നിന്നും വാങ്ങുന്ന എല്ലാ സാധനങ്ങൾക്കും ബിൽ നിർബന്ധമാക്കുവാനും ബിൽ നൽകാത്ത സ്ഥാപനങ്ങൾക്കെതിരെ നടപടി സ്വീകരിക്കുവാനും നിർദ്ദേശം നല്കുമോ ?

## സ്വർണ്ണ വ്യാപാര മേഖലയിൽ നിന്നുള്ള നികുതി

2114. **ശ്രീ.കെ.രാജു :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വർണ്ണ വ്യാപാര മേഖലയിൽ പ്രതിവർഷം എത്ര ടൺ സ്വർണ്ണം വിൽക്കപ്പെടുന്നു എന്നുള്ള കണക്കുകൾ ലഭ്യമാക്കുമോ ; വിശദമാക്കുമോ ;

(ബി) ആയതിൻ പ്രകാരം ചുമത്തപ്പെട്ടിട്ടുള്ള നികുതി എത്രയെന്നും ഇതിൽ സർക്കാരിന് ലഭിക്കേണ്ട നികുതി തുക എത്രയാണെന്നും കഴിഞ്ഞ സാമ്പത്തികവർഷം ഈ ഇനത്തിൽ പിരിഞ്ഞുകിട്ടിയ തുക എത്രയെന്നും വ്യക്തമാക്കുമോ ;

(സി) ഇതിൽ കുറവുണ്ടായത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ; ആയതിന്റെ കാരണം വ്യക്തമാക്കുമോ ; കഴിഞ്ഞ സാമ്പത്തിക വർഷം സ്വർണ വ്യാപാരികൾക്ക് ഏതെല്ലാം ഇനത്തിലുള്ള നികുതി ഇളവുകളാണ് അനുവദിച്ചതെന്ന് വിശദമാക്കുമോ ; ആയതിൻ പ്രകാരം സംഭവിച്ച നഷ്ടം പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ?

## ഓൺലൈൻ വ്യാപാരം

2115. **ശ്രീ.കെ.എൻ.എ.ഖാദർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നടക്കുന്ന വ്യാപാരത്തിൽ ഓൺലൈൻ വ്യാപാരത്തിന്റെ പങ്ക് എത്ര ശതമാനമാണെന്ന് വ്യക്തമാക്കുമോ ;

(ബി) ഓൺലൈൻ വ്യാപാരത്തിലൂടെയുള്ള നികുതി നഷ്ടം ഒഴിവാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ ;

(സി) ഓൺലൈൻ വ്യാപാരത്തിന്റെ വർദ്ധനവ് ആഭ്യന്തരവിപണിയെയും ചെറുകിട സംരംഭകരെയും ദോഷകരമായി ബാധിച്ചിട്ടുണ്ടെന്ന കാര്യം വിലയിരുത്തിയിട്ടുണ്ടോ ;

(ഡി) ചരക്കുസേവന നികുതി (ജി.എസ്.ടി) ഏർപ്പെടുത്തുന്നതോടെ ഓൺലൈൻ വ്യാപാരത്തെയും ഇതുവഴിയുള്ള നികുതി നഷ്ടത്തെയും നിയന്ത്രിക്കുവാൻ കഴിയുമോയെന്ന് വിലയിരുത്തിയിട്ടുണ്ടോ ; വിശദാംശം നൽകാമോ?

## നികുതിയിളവുകൾ

2116. **ശ്രീ.കെ.വി.വിജയദാസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഏതെല്ലാം ഇനങ്ങളിൽ നികുതിയിളവുകൾ നൽകിയിട്ടുണ്ട്; വിശദവിവരം നൽകുമോ;

(ബി) പ്രസ്തുത ഇനങ്ങൾക്ക് 2011 മെയ് മാസത്തിന് മുൻപുണ്ടായിരുന്ന നികുതിയും ഈ സർക്കാർ നൽകിയ ഇളവുകൾ ഉൾപ്പെടെയുള്ള വിശദവിവരം നൽകുമോ?

## നായരമ്പലം സബ്ട്രഷറി

2117. ശ്രീ.എസ്.ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നായരമ്പലം സബ്ട്രഷറിയുടെ നിർമ്മാണം പൂർത്തിയാക്കിയിട്ടും ഇതുവരെ തുറന്ന് പ്രവർത്തിക്കാത്തത് എന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) ഈ പ്രവൃത്തിക്ക് അനുവദിച്ച തുക എത്രയെന്ന് വ്യക്തമാക്കാമോ ;

(സി) പുതിയ കെട്ടിടത്തിൽ സബ്ട്രഷറിയുടെ പ്രവർത്തനം സമയബന്ധിതമായി ആരംഭിക്കുന്നതിന് സ്വീകരിച്ച നടപടി വിശദീകരിക്കാമോ ?

## സ്വന്തമായി കെട്ടിടം ഇല്ലാത്ത ട്രഷറികൾ

2118. ശ്രീ.സി.കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര ട്രഷറികൾക്കാണ് സ്വന്തമായി കെട്ടിടം ഇല്ലാത്തതെന്നും അവ ഏതൊക്കെയാണെന്നും വിശദമാക്കാമോ;

(ബി) പ്രസ്തുത ട്രഷറികൾക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

## അന്യ സംസ്ഥാന ലോട്ടറികൾ

2119. ശ്രീ.എ.പി.അബ്ദുള്ളക്കുട്ടി
,, വർക്കല കഹാർ
,, സി.പി.മുഹമ്മദ്
,, ടി.എൻ. പ്രതാപൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ സിക്കിം ലോട്ടറി ഉൾപ്പെടെയുള്ള അന്യസംസ്ഥാനലോട്ടറികൾ അനിയന്ത്രിതമായി പ്രവർത്തിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിശദാംശം നൽകാമോ ;

(ബി) പ്രസ്തുത ലോട്ടറികൾ തട്ടിപ്പ് നടത്തുന്നതായി കണ്ടെത്തിയിട്ടുണ്ടോ ;

(സി) പ്രസ്തുത തട്ടിപ്പുകൾ നിയന്ത്രിക്കുവാൻ നിലവിലുള്ള നിയമങ്ങൾ പര്യാപ്തമാണോ; വിശദീകരിക്കുമോ?

## കരൾ മാറ്റിവയ്ക്കുന്നതിന് സഹായം

2120. ശ്രീ.സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ കരൾ മാറ്റിവയ്ക്കുന്നതിന് വിധേയരാവുന്നവരുടെ എണ്ണംകൂടി വരുന്നത് ശ്രദ്ധിച്ചിട്ടുണ്ടോ ;

(ബി) പ്രസ്തുത ചികിത്സയുടെ ഭാരിച്ച ചെലവ് കണക്കിലെടുത്ത് കാരുണ്യ ബെനവലന്റ് ഫണ്ടിൽ നിന്ന് സഹായധനം അനുവദിക്കാൻ നടപടി സ്വീകരിക്കുമോ ;

(സി) കരൾ മാറ്റിവയ്ക്കുന്നവർക്ക് സർക്കാർ സർവീസിൽ ജോലി നല്കാൻ നടപടി സ്വീകരിക്കുമോ ;

(ഡി) കരൾദാതാക്കൾക്ക് എല്ലാ മാസവും ധനസഹായം വിതരണം ചെയ്യുന്നതിന് പദ്ധതി ആവിഷ്കരിക്കുമോ ?

<u>കാരുണ്യ ചികിത്സാ ധനസഹായം</u>

2121. **ശ്രീ.അബ്ദുറഹിമാൻ രണ്ടത്താണി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാരുണ്യ ബെനവലന്റ് ഫണ്ടിൽ നിന്നും 2015 ഏപ്രിൽ 30 വരെ ഓരോ ജില്ലയ്ക്കും അനുവദിച്ച ചികിത്സാ ധനസഹായം എത്ര തുകയാണെന്ന് വ്യക്തമാക്കാമോ ;

(ബി) ഓരോ ജില്ലയിലും ധനസഹായത്തിനായി ലഭിച്ച അപേക്ഷകളിൽ ഇനിയും തുക അനുവദിക്കാത്തവ എത്രയാണെന്ന് വിശദമാക്കാമോ ?

<u>കാരുണ്യ ബനവലന്റ് ഫണ്ട്</u>

2122. **ശ്രീമതി.കെ.എസ്.സലീഖ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാരുണ്യ ബനവലന്റ് ഫണ്ട് തുടങ്ങിയ ശേഷം ഓരോ വർഷവും എത്ര രൂപ പ്രസ്തുത ഫണ്ടിലേക്ക് പിരിഞ്ഞു കിട്ടിയിട്ടുണ്ട്;

(ബി) പ്രസ്തുത ഫണ്ട് ശേഖരിക്കാനായി എന്തെല്ലാം പ്രവർത്തനങ്ങൾ നടത്തുന്നു എന്നും ഇതിനായി നടത്തുന്ന ലോട്ടറികളിൽ നിന്നും ഓരോ വർഷവും ( ഈ സർക്കാർ കാലയളവിൽ) എത്ര തുക പിരിഞ്ഞു കിട്ടിയിട്ടുണ്ട് എന്നും വ്യക്തമാക്കുമോ ;

(സി) പ്രസ്തുത ഫണ്ടിൽ നിന്നും സഹായത്തിനായി ഓരോ വർഷവും എത്ര അപേക്ഷകൾ ലഭിച്ചു, എത്ര പേർക്ക് സഹായം നൽകി, എത്ര അപേക്ഷകൾ നിരസിച്ചു, എത്ര തുക ഇതിനായി ചെലവായി ; ജില്ല തിരിച്ച് വിശദാംശം വ്യക്തമാക്കുമോ;

(ഡി) ഇതിൽ ഏതെല്ലാം ആശുപത്രികൾക്കു നൽകിയ ചെക്കുകൾ നഷ്ടപ്പെട്ടിട്ടുണ്ട് എന്നും ഇത് എത്ര തുകയുടെ ചെക്കുകൾ ഏതെല്ലാം ആശുപത്രികളുടേത് എന്നും വ്യക്തമാക്കുമോ ;

(ഇ) ഇത് സംബന്ധിച്ച് സംസ്ഥാന ഭാഗ്യക്കുറി വകുപ്പ് അന്വേഷണം നടത്തിയോ ; എങ്കിൽ റിപ്പോർട്ട് ചെയ്ത വിവരം എന്ത് എന്ന് പകർപ്പ് സഹിതം വ്യക്തമാക്കുമോ ?

<u>കാരുണ്യ ബനവലന്റ് സ്കീം എറണാകുളം ജില്ല</u>

2123. ശ്രീ.എസ്.ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാരുണ്യ ബനവലന്റ് സ്കീം പ്രകാരം അക്രഡിറ്റേഷൻ ലഭിച്ചിട്ടുള്ള എറണാകുളം ജില്ലയിലെ സ്വകാര്യ ആശുപത്രികൾ ഏതൊക്കെയെന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത ആശുപത്രികളിൽ നിശ്ചിത രോഗങ്ങൾ മാത്രമായി നിജപ്പെടുത്തിയിരിക്കുന്നത് മൂലം അർഹരായ നിരവധി സാധാരണക്കാർക്ക് പദ്ധതിയുടെ പ്രയോജനം ലഭിക്കാതെ പോകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ജില്ലയിലെ കൂടുതൽ ആശുപത്രികൾക്ക് അക്രഡിറ്റേഷൻ നൽകുന്നതിനും എല്ലാ മാരക രോഗങ്ങളെയും പട്ടികയിൽ ഉൾപ്പെടുത്തുന്നതിനും സർക്കാർ നടപടി സ്വീകരിക്കുമോ ?

## കാരുണ്യ ബനവലന്റ് ഫണ്ട് സ്കീമിലെ ജീവനക്കാർ

2124. ശ്രീ.കെ.രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാരുണ്യ ബനവലന്റ് ഫണ്ട് സ്കീമിൽ ഇപ്പോൾ ആകെ എത്ര പേർ സേവനമനുഷ്ഠിക്കുന്നുണ്ടെന്നും അവരുടെ തസ്തികകളും വേതനവും ഉൾപ്പെടെയുള്ള വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) സംസ്ഥാന ഭാഗ്യക്കുറി വകുപ്പിൽ നിന്നുള്ള ഫണ്ട് വിനിയോഗിച്ച് പ്രവർത്തിക്കുന്ന പദ്ധതിയെന്ന നിലയിൽ ജീവനക്കാരെ പൂർണ്ണമായും പി.എസ്.സി. വഴി നിയമിക്കാതിരിക്കാനുള്ള കാരണങ്ങൾ പറയാമോ;

(സി) ഈ സ്കീമിലെ ആഫീസുകളിൽ ഇപ്പോൾ ജോലിചെയ്യുന്ന ജില്ലാ കോ-ഓർഡിനേറ്റർമാരെയോ മറ്റേതെങ്കിലും ജീവനക്കാരെയോ സ്ഥിരപ്പെടുത്തുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് പറയാമോ;

(ഇ) ഈ സ്കീമിൽ ജോലി ചെയ്യുന്ന കരാർ/ദിവസവേതനക്കാരെ ഒഴിവാക്കി പബ്ലിക് സർവ്വീസ് കമ്മീഷൻ വഴി ചട്ട പ്രകാരം ജീവനക്കാരെ നിയമിക്കുവാൻ നടപടികൾ സ്വീകരിക്കുമോ?

## കാരുണ്യാ ഫണ്ട്

2125. ശ്രീ.പി.സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കാരുണ്യാ ഫണ്ടിൽ നിന്നും എത്ര രൂപ ചെലവഴിച്ചിട്ടുണ്ട് ; ഓരോ വർഷവും എത്ര വീതമെന്ന് വിശദമാക്കുമോ ;

(ബി) ഇതിൽ ഓരോ ജില്ലയിലും ചെലവഴിച്ച തുകയെത്ര ; വിശദമാക്കുമോ ;

(സി) ഓരോ നിയോജകമണ്ഡലത്തിലും ചെലവഴിച്ച തുക എത്ര വീതമെന്ന് വിശദമാക്കുമോ ?

## ഭാഗ്യക്കുറിയിൽ നിന്നുള്ള വരുമാനം

2126. ശ്രീ.എം.എ. വാഹീദ്

,, ഡൊമിനിക് പ്രസന്റേഷൻ

,, എ.റ്റി.ജോർജ്

,, ടി.എൻ. പ്രതാപൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് സംസ്ഥാന ഭാഗ്യക്കുറിയിൽ നിന്നുള്ള വരുമാനത്തിൽ എത്ര വർദ്ധനവ് ഉണ്ടായിട്ടുണ്ട്;

(ബി) ലോട്ടറി നടത്തിപ്പിൽ ഈ കാലയളവിൽ എത്ര ലാഭം ഉണ്ടായിട്ടുണ്ട്;

(സി) ഈ നേട്ടങ്ങൾക്കായി എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തിയത്;

(ഡി) ലോട്ടറി ടിക്കറ്റ് വിൽപനയിൽ റെക്കോർഡ് നേട്ടം കൈവരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

<u>കെ.എസ്.എഫ്.ഇ.യിലെ പെൻഷൻ</u>

2127. ശ്രീ.പി.ടി.എ. റഹീം : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.എഫ്.ഇ.യിൽ പെൻഷൻ പ്രായം വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച് ജീവനക്കാർ കോടതിയെ സമീപിച്ചിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിലുള്ള സർക്കാർ നയം വിശദമാക്കാമോ?

<u>പാലക്കാട് ജില്ലയിലെ സർക്കാർ കേസ് നടത്തിപ്പിലെ കാര്യക്ഷമത</u>

2128. ശ്രീ.എം.ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിലെ വിവിധ വകുപ്പുകളിലായി എത്ര സർക്കാർ കേസുകൾ നിലവിലുണ്ടെന്നു അറിയിക്കുമോ;

(ബി) സർക്കാർ കേസുകൾ കാര്യക്ഷമമായി നടത്തുന്നതിന് കൃത്യമായ അവലോകന യോഗം ചേരാറുണ്ടോയെന്നു വ്യക്തമാക്കുമോ;

(സി) കഴിഞ്ഞ 6 മാസത്തിനിടയിൽ സർക്കാരിനെതിരായി ഏതെങ്കിലും പരാമർശങ്ങൾ കോടതിയിൽ നിന്നും വന്നിട്ടുണ്ടോയെന്നു വ്യക്തമാക്കുമോ ;

(ഡി) സർക്കാർ കേസുകൾ വാദിക്കുന്നതിന് വിവിധ കോടതികളിൽ ആവശ്യത്തിനു സർക്കാർ വക്കീലന്മാരുണ്ടോയെന്നു വെളിപ്പെടുത്തുമോ;

(ഇ) സർക്കാർ അഭിഭാഷകരുടെ അഭാവംമൂലം കേസ് നടത്തിപ്പിൽ വീഴ്ച വന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്നു വ്യക്തമാക്കാമോ?

<u>നിയമ വകുപ്പിലെ **LIMS** സംവിധാനം</u>

T 2129. ശ്രീ.ചിറ്റയം ഗോപകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിയമവകുപ്പിൽ നടപ്പിലാക്കി വരുന്ന LIMS (Law Information Management System) സംവിധാനത്തിനായി നാളിതുവരെ എത്ര തുക ചെലവഴിച്ചുവെന്ന് അറിയിക്കുമോ ;

(ബി) പ്രസ്തുത തുക ഏതെല്ലാമിനത്തിലാണെന്നുള്ള വിവരം വാർഷിക ചെലവടിസ്ഥാനത്തിൽ ലഭ്യമാക്കുമോ ;

(സി) ഏതെല്ലാം ഏജൻസി മുഖാന്തിരമാണ് പ്രസ്തുത പ്രവർത്തനം നടത്തിവരുന്നത് എന്നറിയിക്കുമോ ?

ഭവന നിർമ്മാണ പദ്ധതികൾ

2130. ശ്രീ.കെ.കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദുർബല ജനവിഭാഗങ്ങൾക്ക് സ്വന്തമായി വീട് നിർമ്മിക്കാൻ ഭവന നിർമ്മാണ ബോർഡ് എന്തെങ്കിലും പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടോ ;

(ബി) ഈ പദ്ധതി പ്രകാരം എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ?

മദ്രാസ് ഐ.ഐ.ടി യുടെ ചെലവുകുറഞ്ഞ ഗൃഹനിർമ്മാണ മാതൃക

T 2131. ശ്രീ.എം.പി.വിൻസെൻറ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) മദ്രാസ് ഐ.ഐ.ടി രൂപകൽപ്പന ചെയ്ത ചെലവു കുറഞ്ഞ ഗൃഹനിർമ്മാണ മാതൃക ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇത്തരം മാതൃകകൾ നടപ്പിലാക്കാൻ മുൻകൈയെടുക്കുമോ ; വിശദമാക്കുമോ ?

സങ്കേതം ഭവനപദ്ധതി

2132. ശ്രീ.പി.എ.മാധവൻ
,, ടി.എൻ. പ്രതാപൻ
,, പാലോട് രവി
,, ലൂഡി ലൂയിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സങ്കേതം ഭവനപദ്ധതിക്ക് അംഗീകാരം നൽകിയിട്ടുണ്ടോ ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് പ്രസ്തുത പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്നത് ; വിശദമാക്കുമോ ;

(സി) വരുമാനം കുറഞ്ഞവർക്കായി, സർക്കാർ സബ്സിഡിയോടുകൂടി ഫ്ലാറ്റ് സമുച്ചയങ്ങൾ നിർമ്മിച്ച് നൽകുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ഡി) പ്രസ്തുത പദ്ധതി നടത്തിപ്പിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ

സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ?

<u>ചാലക്കുടി ടൗണിലെ വർക്കിംഗ് വിമൺസ് ഹോസ്റ്റൽ നിർമ്മാണം</u>

2133. ശ്രീ.ബി.ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി ടൗണിൽ ഹൗസിംഗ് ബോർഡ് വക സ്ഥലത്ത് അനുവദിച്ചിട്ടുള്ള വർക്കിംഗ് വിമൺസ് ഹോസ്റ്റലിന്റെ നിർമ്മാണം ഏതു ഘട്ടത്തിലാണെന്ന് അറിയിക്കാമോ ;

(ബി) പ്രസ്തുത നിർമ്മാണം ഇനിയും ആരംഭിച്ചിട്ടില്ലെങ്കിൽ ആരംഭിക്കുന്നതിനാവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കുമോ ?

<u>ചാലക്കുടി ഹൗസിംഗ് അക്കോമഡേഷൻ സ്കീം തീറാധാരം</u>

2134. ശ്രീ.ബി.ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി ഹൗസിംഗ് അക്കോമഡേഷൻ സ്കീമിൽ 25 വർഷം മുമ്പ് വീടും സ്ഥലവും വാങ്ങിയവർക്കുള്ള തീറാധാരം ഇനിയും നൽകാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഭൂമി സംബന്ധിച്ച കേസ്സുകളെല്ലാം തീർപ്പാക്കിയ സാഹചര്യത്തിൽ ഇവർക്കുള്ള എന്നേക്ക് നൽകാനാവുമെന്ന് അറിയിക്കാമോ?

<u>മാവേലിക്കരയിൽ ഭവന നിർമ്മാണ വകുപ്പിന്റെ പ്രവൃത്തികൾ</u>

2135. ശ്രീ.ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം ഭവന നിർമ്മാണ വകുപ്പ് മാവേലിക്കര മണ്ഡലത്തിൽ ഏറ്റെടുത്തു നടപ്പിലാക്കിയ പ്രവൃത്തികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

<u>യുവ സംരംഭകർക്ക് പ്രോത്സാഹനം</u>

2136. ശ്രീ.തോമസ് ഉണ്ണിയാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) യുവ സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാം ;

(ബി) ഇതിലൂടെ നടപ്പാക്കാൻ കഴിഞ്ഞ പദ്ധതികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ?

<u>യെസ് പദ്ധതി</u>

2137. ശ്രീ.കെ.വി.വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) YES (Young Entrepreneurs Summit) പദ്ധതി പ്രകാരം വ്യവസായ മേഖലയ്ക്ക് എന്തെല്ലാം നേട്ടങ്ങൾ ഉണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ട്; വിശദവിവരം നൽകുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി കേരളത്തിൽ എത്ര കോടിയുടെ നിക്ഷേപം വന്നിട്ടുണ്ട്; വിശദവിവരം നൽകുമോ?

## കേരള സംസ്ഥാന സംരംഭക മിഷൻ

2138. **ശ്രീ.റ്റി.വി.രാജേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാന സംരംഭക മിഷന്റെ പ്രവർത്തനം ആരംഭിച്ചത് എപ്പോഴാണ് ;

(ബി) കേരള സംസ്ഥാന സംരംഭക മിഷന്റെ ആഭിമുഖ്യത്തിൽ ഇതുവരെയായി എത്ര സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ട്; എത്രപേർക്ക് ഇതിന്റെ ആനുകൂല്യം കിട്ടി ; എത്ര തുക ഇതുവരെ ചെലവഴിച്ചു ; ജില്ലതിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ ?

## പുതിയ വ്യവസായ സംരഭകർ

2139. **ശ്രീ.കെ.രാധാകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം പുതിയ വ്യവസായ സംരഭകരെ സംസ്ഥാനത്തേക്ക് ആകർഷിക്കുവാൻ സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ നല്കാമോ ;

(ബി) തത്ഫലമായി എത്ര വ്യവസായികൾ കേരളത്തിൽ നിക്ഷേപം നടത്തിയെന്നും അവർ ആരെല്ലാമാണെന്നും അവർ ആരംഭിച്ച വ്യവസായ സംരഭങ്ങളുടെ വിശദാംശങ്ങളും ലഭ്യമാക്കാമോ?

## കൊല്ലം ജില്ലാ സഹകരണ സ്പിന്നിംഗ് മിൽ

2140. **ശ്രീ.ജി.എസ്.ജയലാൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലാ സഹകരണ സ്പിന്നിംഗ് മിൽ, ലേ ഓഫിലേക്ക് നീങ്ങുകയും, തൊഴിലാളികൾക്ക് ജോലിയും ശമ്പളവും ലഭിക്കാത്ത സാഹചര്യം ഉണ്ടായതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിശദാംശം അറിയിക്കുമോ ;

(ബി) പ്രസ്തുത മിൽ നവീകരിക്കുന്നതിനും തൊഴിലാളികളെ പുനരധിവസിപ്പിക്കുന്നതിനുമായി എൻ.സി.ഡി.സി.യുമായി ചേർന്ന് തയ്യാറാക്കിയ പദ്ധതി പ്രകാരം എൻ.സി.ഡി.സി.യിൽ നിന്നും 51.66 കോടി രൂപ ലഭിച്ചിരുന്നുവോ ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ ;

(സി) പ്രസ്തുത പദ്ധതി പ്രകാരം നൽകേണ്ട 5.74 കോടി രൂപ മില്ലിന് നൽകിയോ; ഇല്ലെങ്കിൽ എന്നത്തേയ്ക്ക് ലഭ്യമാക്കുമെന്ന് അറിയിക്കുമോ ; തുക നൽകുന്നതിന് എന്തെങ്കിലും തടസ്സമുണ്ടോ ; വിശദാംശം നൽകുമോ ;

(ഡി) തൊഴിലാളികൾക്ക് സർക്കാർ വിഹിതമായി നൽകേണ്ടുന്നതും, തൊഴിലാളികളിൽ നിന്നും

ശേഖരിച്ചതുമായ ഇ.എസ്.ഐ., എൽ.ഐ.സി., പ്രോവിഡണ്ട് ഫണ്ട് എന്നീ തുകകൾ യഥാസമയം ബന്ധപ്പെട്ട ഏജൻസികൾക്ക് നൽകാത്ത വിവരം ശ്രദ്ധിച്ചിരുന്നോ ; എങ്കിൽ ഓരോ ഇനത്തിലും അടയ്ക്കുവാനുള്ള തുക എത്രയാണെന്നും, ആയത് ഏതൊക്കെ കാലയളവിലേതാണെന്നും അറിയിക്കുമോ ;

(ഇ) മില്ലിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി സ്വീകരിക്കുന്ന നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ ;

(എഫ്) മിൽ പൂർണതോതിൽ പ്രവർത്തിപ്പിക്കുവാൻ എന്നത്തേയ്ക്ക് കഴിയുമെന്ന് അറിയിക്കുമോ ?

## കൊച്ചി - മംഗലാപുരം വാതക പൈപ്പ് ലൈൻ

2141. **ശ്രീ.ബാബു എം. പാലിശ്ശേരി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി - മംഗലാപുരം വാതക പൈപ്പ് ലൈൻ പ്രവൃത്തി പുനരാരംഭിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കുമോ ;

(ബി) ജനവാസ കേന്ദ്രങ്ങളിലൂടെ ഗെയിലിന്റെ വാതക പൈപ്പ് ലൈൻ കടന്നു പോകുന്നു എന്ന കാരണത്താൽ നിരവധി മേഖലകളിൽ ജനകീയ പ്രതിഷേധങ്ങൾ ഉയർന്നുവരുന്നതു ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ജനങ്ങളെ വിശ്വാസത്തിലെടുത്ത്, മതിയായ നഷ്ട പരിഹാരം നൽകി പരാതികളില്ലാത്തവിധം പൈപ്പ് ലൈൻ പ്രവൃത്തി പൂർത്തികരിക്കുന്നതിന് എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; വിശദാംശം വ്യക്തമാക്കുമോ ?

## ഗെയ്ൽ പൈപ്പ് ലൈൻ

2142. **ശ്രീ. എൻ .എ.നെല്ലിക്കുന്ന് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ഏതെല്ലാം ജില്ലകളിലൂടെയാണ് ഗെയ്ൽ പൈപ്പ് ലൈൻ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നത് ;

(ബി) പ്രസ്തുത പൈപ്പ് ലൈൻ കടന്നുപോകുന്ന എല്ലാ പ്രദേശങ്ങളിലും എതിർപ്പുകൾ ഉണ്ടോ ; ഇതിനകം ഏതെല്ലാം പ്രദേശങ്ങളിലാണ് ഗെയ്ൽ പൈപ്പ് ലൈൻ സ്ഥാപിച്ചിട്ടുളളത് ;

(സി) ഗെയ്ൽ പൈപ്പ് ലൈൻ പദ്ധതിക്കെതിരെ സമരം ചെയ്യുന്നവരെ അറസ്റ്റ് ചെയ്ത് ജയിലിൽ അടയ്ക്കുണമെന്ന ചീഫ് സെക്രട്ടറിയുടെ പ്രസ്താവന ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇതിന്മേൽ നിലപാടുവ്യക്തമാക്കുമോ ;

(ഡി) പ്രസ്തുത വിഷയത്തിൽ ജനങ്ങളുടെ ആശങ്ക അകറ്റുവാൻ എന്ത് നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ ?

## വരവൂർ വ്യവസായ പാർക്കിൽ വ്യവസായ സംരംഭങ്ങൾ

2143. ശ്രീ.കെ.രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചേലക്കര മണ്ഡലത്തിലെ വരവൂർ വ്യവസായ പാർക്കിൽ വ്യവസായ സംരംഭങ്ങൾ നടപ്പിലാക്കുവാൻ കേന്ദ്ര സർക്കാരിന് പദ്ധതി സമർപ്പിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) ഈ പദ്ധതി അംഗീകരിച്ചുവെങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ഡി) സംസ്ഥാന വ്യവസായ വകുപ്പിന്റെ ഏതെങ്കിലും പദ്ധതിയിൽ ഉൾപ്പെടുത്തി ഇവിടെ അടിസ്ഥാന സൗകര്യ വികസനത്തിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ഇ) എങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(എഫ്) 2011 -ൽ സർക്കാർ വ്യവസായ സംരംഭത്തിനുവേണ്ടി ഏറ്റെടുത്ത ഭൂമി അന്യാധീനപ്പെടാതെ വ്യവസായങ്ങൾ ആരംഭിക്കുവാൻ നടപടികൾ സ്വീകരിക്കുമോ?

<u>വ്യവസായ മേഖലയിലെ നിക്ഷേപം</u>

2144. ശ്രീ.കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേററശേഷം ഇതുവരെ വ്യവസായ മേഖലയിലെ വിവിധ പദ്ധതികൾക്കായി ഏതെല്ലാം സർക്കാർ, സർക്കാരിതര ഏജൻസികൾ എത്ര തുക വീതം നിക്ഷേപിച്ചെന്ന് വിശമദാക്കാമോ?

<u>വ്യവസായ വകുപ്പിൽ പ്രൊമോഷൻ ലഭിക്കാത്ത ജീവനക്കാർ</u>

2145. പ്രൊഫ. സി.രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ വകുപ്പിൽ ഡി.പി.സി. ലിസ്റ്റ് ഇല്ലെന്ന കാരണത്താൽ 2014- ൽ വിവിധ തസ്തികകളിൽ ജോലി ചെയ്തിരുന്ന ജീവനക്കാരിൽ പ്രൊമോഷൻ ലഭിക്കാതെ പിരിഞ്ഞുപോയവർ എത്രയാണെന്ന് തസ്തിക തിരിച്ച് വിവരം നൽകാമോ?

<u>റൈഡിംഗ് കേരള പദ്ധതി</u>

2146. ശ്രീ.ടി.എൻ. പ്രതാപൻ

,, അൻവർ സാദത്ത്

,, തേറമ്പിൽ രാമകൃഷ്ണൻ

,, സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റൈഡിംഗ് കേരള പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദമാക്കാമോ;

(സി) സംസ്ഥാനത്തിന്റെ വിഭവശേഷി വികസനം പരമാവധി പ്രയോജനപ്പെടുത്തി സംരംഭകത്വം എന്ന ലക്ഷ്യം കൈവരിക്കുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; വിശദമാക്കുമോ;

(ഡി) പ്രസ്തുത പദ്ധതി നടത്തിപ്പിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

<u>കോമളപുരം സഹകരണ സ്പിന്നിങ്ങ് മില്ലിന്റെ അവസ്ഥ</u>

2147. ശ്രീ.എ.എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോമളപുരം സഹകരണ സ്പിന്നിങ്ങ് മില്ലിന്റെ ഇപ്പോഴത്തെ അവസ്ഥ പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) സ്പിന്നിങ്ങ് മില്ലിന്റെ പ്രവർത്തനം പുനരാരംഭിക്കുന്നതിനും ഉദ്ദേശ്യ ലക്ഷ്യം കൈവരിക്കുന്നതിനും ഉതകുന്ന പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പാക്കാൻ നടപടി സ്വീകരിക്കുമോ?

<u>കശുവണ്ടി വികസന കോർപ്പറേഷനിലെ തൊഴിലാളികളുടെ പി.എഫ്.കുടിശ്ശിക</u>

2148. ശ്രീ.പി.കെ.ഗുരുദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കശുവണ്ടി വികസന കോർപ്പറേഷനിലെ തൊഴിലാളികളുടെ പി.എഫ്.കുടിശ്ശിക അടച്ച് തീർക്കാത്തതിനുള്ള കാരണം വിശദമാക്കുമോ ;

(ബി) എന്ന് മുതലുള്ള പി.എഫ്. കുടിശ്ശികയാണ് അടയ്ക്കാനുള്ളത് എന്നറിയിക്കാമോ ;

(സി) പ്രസ്തുത കുടിശ്ശിക അടയ്ക്കുന്നതിന് എത്ര തുകയാണ് വേണ്ടത് എന്നറിയിക്കാമോ;

(ഡി) പ്രസ്തുത കുടിശ്ശിക അടച്ച് തീർക്കാൻ സ്വീകരിച്ച നടപടി വിശദമാക്കുമോ ;നക്ഷത്രചിഹ്നമിടാത്ത ചോദ്യമായി അനുവദിക്കാവുന്നതാണ്.

(ഇ) ഇ.പി.എഫ്., ഇ.എസ്.ഐ. വിഹിതമിനത്തിൽ കശുവണ്ടി വികസന കോർപ്പറേഷൻ ബന്ധപ്പെട്ട സ്ഥാപനങ്ങൾക്ക് അടയ്ക്കാനുള്ള തുകയെത്രയെന്ന് വിശദമാക്കുമോ ?

<u>മാവൂരിൽ പുതിയ വ്യവസായ സംരംഭം</u>

2149. ശ്രീ.പി.ടി.എ. റഹീം : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ മാവൂരിൽ പുതിയ വ്യവസായ സംരംഭം ആരംഭിക്കുന്നതിന് സർക്കാർ സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ ?

<u>സംരംഭകത്വ സംസ്കാരവികസനം</u>

2150. ശ്രീ.തോമസ് ഉണ്ണിയാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സംരംഭകത്വ സംസ്കാരം വളർത്തിയെടുക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ സംരംഭകത്വ വികസന ക്ലബുകൾ അനുവദിച്ചിട്ടുണ്ടോ ; എങ്കിൽ പ്രസ്തുത ക്ലബുകളുടെ പ്രവർത്തനം സംബന്ധിച്ച മാർഗ്ഗ രേഖകൾ വ്യക്തമാക്കാമോ ?

പൊതുമേഖലാ സ്ഥാപനങ്ങളിലെ ക്രമക്കേടുകൾ

2151. ശ്രീ.കെ.കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പൊതുമേഖലാ സ്ഥാപനങ്ങളിലെ ക്രമക്കേടുകളെ സംബന്ധിച്ച് വിജിലൻസ് നടത്തിയ അന്വേഷണത്തിന്റെ അടിസ്ഥാനത്തിൽ ഏതൊക്കെ സ്ഥാപനങ്ങളിലെ എം. ഡി. മാരെ സസ്പെൻഡ് ചെയ്യണമെന്നാവശ്യപ്പെട്ട് വിജിലൻസ് ഡയറക്ടർ റിപ്പോർട്ട് നൽകിയിട്ടുണ്ട് ; വിശദാംശങ്ങൾ അറിയിക്കാമോ ;

(ബി) പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടിയുടെ വിശദാംശങ്ങൾ അറിയിക്കാമോ ?

പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നും ലഭിക്കാനുള്ള ഗ്യാരന്റി കമ്മീഷൻ

2152. പ്രൊഫ. സി.രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ വകുപ്പിനു കീഴിലെ പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്ന് ഗ്യാരന്റി കമ്മീഷൻ ഇനത്തിൽ സർക്കാരിന് എത്ര തുക ലഭിക്കാനുണ്ടെന്ന് വിശദമാക്കാമോ ;

(ബി) കൃത്യമായി ഗ്യാരന്റി കമ്മീഷൻ അടയ്ക്കുന്ന എത്ര പൊതുമേഖലാ സ്ഥാപനങ്ങളുണ്ടെന്നും അവ എതെല്ലാമെന്നും വിശദമാക്കാമോ ?

ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിലെ വ്യവസായ വികസനം

2153. ശ്രീ.എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിലെ വ്യവസായ വികസനത്തിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ;

(ബി) വിദേശമലയാളികളുടെ സഹകരണത്താൽ വ്യവസായ വികസനത്തിനായി എന്തെല്ലാം കർമ്മപദ്ധതികൾ ആണ് ആവിഷ്കരിച്ച് നടപ്പിലാക്കുന്നത് എന്ന് വ്യക്തമാക്കാമോ;

(സി) 2006 - 2011 കാലത്തും 2011-2015 കാലത്തും നഷ്ടത്തിലും ലാഭത്തിലും പ്രവർത്തിച്ച വ്യവസായ സ്ഥാപനങ്ങളുടെ ലിസ്റ്റ് പ്രസിദ്ധീകരിക്കുമോ;

(ഡി) സംസ്ഥാനത്തെ വൻകിട/ ചെറുകിട വ്യവസായ സ്ഥാപനങ്ങൾ നഷ്ടത്തിലാവാൻ എന്താണ് കാരണം എന്ന് വ്യക്തമാക്കുമോ;

(ഇ) നഷ്ടത്തിലായിട്ടുള്ള വ്യവസായ സ്ഥാപനങ്ങളെ ലാഭകരമാക്കാനുള്ള പദ്ധതികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

<u>ഗെയിലിന്റെ പൈപ്പ്ലൈൻ പദ്ധതി</u>

2154. ശ്രീ.എ.കെ.ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗെയിലിന്റെ പൈപ്പ്ലൈൻ പദ്ധതിയുടെ പ്രവർത്തന പുരോഗതി വിശദമാക്കുമോ;

(ബി) എത്ര കിലോമീറ്റർ പൈപ്പ്ലൈൻ സ്ഥാപിക്കുന്നതിനാണ് പദ്ധതിയിൽ വിഭാവനം ചെയ്തിട്ടുള്ളത് എന്നും കേരളത്തിൽ എത്ര കിലോമീറ്റർ പൈപ്പ്ലൈൻ സ്ഥാപിക്കുമെന്നും ഏതെല്ലാം ജില്ലകളിലൂടെയാണ് പൈപ്പ്ലൈൻ കടന്നു പോകുന്നതെന്നും വിശദമാക്കുമോ;

(സി) കേരളത്തിൽ എവിടെ മുതൽ എവിടെ വരെ എത്ര കിലോമീറ്റർ പൈപ്പ്ലൈൻ ഇതിനകം സ്ഥാപിച്ചുകഴിഞ്ഞുവെന്നു വ്യക്തമാകുമോ;

(ഡി) പ്രസ്തുത പൈപ്പ്ലൈൻ സ്ഥാപിക്കുന്നതിനെതിരെ പല സ്ഥലത്തും ഉണ്ടായ ജനങ്ങളുടെ പ്രതിഷേധവും ആശങ്കകളും ഇതിനകം പരിഹരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നല്കുമോ ;

(ഇ) പൈപ്പ്ലൈൻ സ്ഥാപിക്കുന്നതിന് ഭൂമി വിട്ടു നൽകുന്നവർക്ക് നഷ്ടപരിഹാരം നൽകുന്നത് സംബന്ധിച്ച് ഭൂവുടമകളുമായുള്ള തർക്കങ്ങൾ പരിഹരിച്ചോയെന്നും എവിടെയെല്ലാമാണ് തർക്കങ്ങൾ നിലനിൽക്കുന്നതെന്നും വിശദീകരിക്കുമോ;

(എഫ്) തർക്കങ്ങൾ പരിഹരിച്ച സ്ഥലത്ത് നടപ്പാക്കിയ പാക്കേജിന്റെ വിശദാംശങ്ങൾ വ്യക്തമാക്കുമോ?

<u>മാവേലിക്കര മണ്ഡലത്തിൽ നടപ്പിലാക്കിയ പ്രവൃത്തികൾ</u>

2155. ശ്രീ.ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം വ്യവസായ വകുപ്പ് മാവേലിക്കര മണ്ഡലത്തിൽ നടപ്പിലാക്കിയ പ്രവൃത്തികളുടെ വിശദവിവരം ലഭ്യമാക്കുമോ ;

(ബി) മാവേലിക്കര മണ്ഡലത്തിൽ വകുപ്പിന്റെ ഉടമസ്ഥതയിലുള്ള സ്ഥലത്തിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

<u>പൊതുമേഖലാ സ്ഥാപനങ്ങളിലെ റേറ്റിംഗ് സമ്പ്രദായം</u>

2156. ശ്രീ.വർക്കല കഹാർ

,, ടി.എൻ. പ്രതാപൻ

,, തേറമ്പിൽ രാമകൃഷ്ണൻ

,, അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും

വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തന മികവ് വിലയിരുത്താൻ റേറ്റിംഗ് സമ്പ്രദായം നടപ്പിലാക്കുന്ന കാര്യം പരിഗണനയിലുണ്ടോയെന്ന് വിശദമാക്കാമോ; എങ്കിൽ ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളും പ്രവർത്തനരീതിയും വിശദമാക്കുമോ;

(ബി) ഏതെല്ലാം ഏജൻസികളാണ് ഇതിനായി സഹകരിക്കുന്നത്;

(സി) ഇതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

## കാസർകോട്-തിരുവനന്തപുരം അതിവേഗ റെയിൽ ഇടനാഴി

2157. **ശ്രീ.ഇ.ചന്ദ്രശേഖരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർകോട്-തിരുവനന്തപുരം അതിവേഗ റെയിൽ ഇടനാഴി പദ്ധതി നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചതെന്ന് വിശദമാക്കാമോ?

## നഷ്ടത്തിൽ പ്രവർത്തിക്കുന്ന വ്യവസായങ്ങൾ

2158. **ശ്രീ.കെ.കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) :** താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ലാഭത്തിൽ പ്രവർത്തിച്ചു വന്ന വ്യവസായങ്ങളിൽ എത്ര എണ്ണം നഷ്ടത്തിലായിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

## അന്തർദേശീയ ഫർണിച്ചർ ഹബ്

2159. **ശ്രീ.വി.ശിവൻകുട്ടി :** താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം നഗരത്തിൽ അന്തർദേശീയ ഫർണിച്ചർ ഹബ് സ്ഥാപിക്കുന്നതിനായി 2014-15 വർഷത്തെ ബഡ്ജറ്റിൽ 6.50 കോടി രൂപ വകയിരുത്തിയിരുന്നതു വിനിയോഗിച്ച് പ്രസ്തുത പദ്ധതി നടപ്പിലാക്കിയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

## യുവസംരംഭകർക്കുള്ള ധനസഹായം

2160. **ശ്രീ.ഇ.പി.ജയരാജൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ മേഖലയിൽ നൂതന ആശയങ്ങൾ നടപ്പിലാക്കുന്നതിനും പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നതിനും ധനസഹായം നൽകുന്നതിനുമായി 2014-2015 ബഡ്ജറ്റിൽ പ്രഖ്യാപിച്ച പദ്ധതി ആരംഭിക്കുകയുണ്ടായോ;

(ബി) പ്രസ്തുത പദ്ധതി ഏത് ഏജൻസി മുഖേനയാണ് നടപ്പിലാക്കുന്നതെന്നു വ്യക്തമാക്കുമോ;

(സി) പ്രസ്തുത പദ്ധതിക്കായി 2014-2015 ൽ എത്ര തുക നീക്കിവയ്ക്കുകയുണ്ടായിയെന്നും ഇതുവരെ എത്ര തുക ചെലവഴിക്കുകയുണ്ടായിയെന്നും അറിയിക്കുമോ;

(ഡി) ആകെ എത്ര യുവസംരംഭകർക്ക് ധനസഹായം നൽകുകയുണ്ടായിയെന്ന് ജില്ല തിരിച്ചുള്ള വിശദാംശം ലഭ്യമാക്കുമോ;

(ഇ) പ്രസ്തുത പദ്ധതിയുടെ മാർഗ്ഗനിർദ്ദേശങ്ങൾ സംബന്ധിച്ച ഉത്തരവുകൾ ലഭ്യമാക്കുമോ?

## പൊതുമേഖലാസ്ഥാപനങ്ങളിലെ സാങ്കേതിക വിദ്യാ ഉപയോഗം

2161. ശ്രീ.ഇ.പി.ജയരാജൻ

,, കെ. ദാസൻ

,, എം. ഹംസ

പ്രൊഫ. സി.രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമേഖലാസ്ഥാപനങ്ങളെ സ്വകാര്യമേഖലയുമായി മത്സരിക്കാൻ സജ്ജമാക്കത്തക്കവിധം ഉയർന്ന സാങ്കേതിക വിദ്യകൾ ഫലവത്തായി ഉപയോഗപ്പെടുത്താൻ സാധിക്കുന്നുണ്ടോയെന്ന് വിലയിരുത്തിയിട്ടുണ്ടോ ; വിശദമാക്കാമോ ;

(ബി) സ്വകാര്യമേഖലയിലെ വ്യവസായ അഭിവൃദ്ധിക്കായി നടപ്പാക്കുന്ന പദ്ധതികൾ പോലെ പൊതുമേഖലയിൽ നടപ്പാക്കാത്തതിനാൽ പൊതുമേഖലാസ്ഥാപനങ്ങൾക്ക് പുരോഗതി കൈവരിക്കാൻ സാധിക്കുന്നില്ല എന്ന ആക്ഷേപം വിലയിരുത്തിയിട്ടുണ്ടോ ;

(സി) സാങ്കേതിക വിദ്യ പുരോഗമിക്കുന്നതിനനുസൃതമായി പൊതുമേഖലാ സ്ഥാപനങ്ങളിൽ അവ പ്രാവർത്തികമാക്കുന്നതിന് എന്ത് സംവിധാനമാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കാമോ ?

## ചില്ലറ വിപണന രംഗത്തെ വിദേശ നിക്ഷേപം

T 2162. ശ്രീ.ഇ.പി.ജയരാജൻ

പ്രൊഫ. സി.രവീന്ദ്രനാഥ്

ശ്രീ.ബാബു എം. പാലിശ്ശേരി

,, കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചില്ലറ വിപണന രംഗത്തെ വിദേശ നിക്ഷേപം സംബന്ധിച്ച നിലപാട് വ്യക്തമാക്കാമോ ;

(ബി) മുൻ കേന്ദ്ര സർക്കാരിന്റെ നയം തന്നെ ഇപ്പോഴത്തെ കേന്ദ്രസർക്കാരും പിന്തുടരുന്നതായുള്ള കേന്ദ്ര സർക്കാരിന്റെ നയരേഖ പുറത്തുവന്നിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) എഫ്.ഡി.ഐ സംസ്ഥാനത്ത് വേണ്ട എന്ന നിലപാട് ഇപ്പോഴത്തെ കേന്ദ്ര സർക്കാരിനെ എഴുതി അറിയിച്ചിട്ടുണ്ടോ ; വിശദമാക്കാമോ ?

## ക്വാറികളുടെ സ്ഥിതിവിവര കണക്കുകൾ

T 2163. ഡോ.ടി.എം.തോമസ് ഐസക് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അഞ്ച് ഹെക്ടറിൽ താഴെ വിസ്തൃതിയുള്ള, ലൈസൻസോടുകൂടി പ്രവർത്തിക്കുന്ന എത്ര ക്വാറികളുണ്ടെന്ന് വിശദമാക്കാമോ ; ജില്ല തിരിച്ച് എണ്ണം വെളിപ്പെടുത്താമോ ;

(ബി) അഞ്ച് ഹെക്ടറിന് മുകളിൽ ലൈസൻസോടുകൂടി പ്രവർത്തിക്കുന്നവ എത്ര ;

(സി) ലൈസൻസില്ലാതെ പ്രവർത്തിക്കുന്നതായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ളവ എത്ര ;

(ഡി) പാരിസ്ഥിതിക അനുമതി ഇല്ലാതെ പ്രവർത്തിച്ചുവരുന്ന എത്ര ക്വാറികളുടെ പ്രവർത്തനം നിർത്തിവെച്ചിട്ടുണ്ട് ; ജില്ല തിരിച്ചുള്ള കണക്കുകൾ വ്യക്തമാക്കാമോ ;

(ഇ) ഈ സർക്കാറിന്റെ കാലത്ത് എത്ര ക്വാറികൾക്ക് ലൈസൻസ് നൽകുകയുണ്ടായിട്ടുണ്ട് ; ജില്ല തിരിച്ചുള്ള കണക്കുകൾ വ്യക്തമാക്കാമോ ?

<u>കാസർഗോഡ് ജില്ലയിലെ ചെങ്കൽ, കരിങ്കൽ ക്വാറികൾ</u>

T 2164. ശ്രീ.ഇ.ചന്ദ്രശേഖരൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ എത്ര ചെങ്കൽ, കരിങ്കൽ ക്വാറികളാണ് നിലവിലുള്ളതെന്ന് പഞ്ചായത്ത് തിരിച്ച് കണക്ക് നൽകാമോ ;

(ബി) ഇതിൽ എക്സ്പ്ലോസീവ് ലൈസൻസ് ലഭിച്ചിട്ടുള്ള ക്വാറികൾ ഉണ്ടോ ;

(സി) എങ്കിൽ ക്വാറി, സ്ഥലം , ലൈസൻസ് കാലാവധി എന്നിവ സംബന്ധിച്ച വിവരങ്ങൾ നൽകാമോ ?

<u>കൈത്തറി ഉല്പന്നങ്ങളുടെ വിപണനം</u>

2165. ശ്രീ.തോമസ് ഉണ്ണിയാടൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൈത്തറി ഉല്പന്നങ്ങളുടെ വിപണനത്തിന്റെ പ്രചരണത്തിനായി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ;

(ബി) പ്രസ്തുത മേഖലയിലുള്ള തൊഴിലാളികൾക്ക് ഇൻഷ്വറൻസ് ഏർപ്പെടുത്തിയിട്ടുണ്ടോ ;

(സി) അവരുടെ ക്ഷേമത്തിനായി സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വ്യക്തമാക്കാമോ?

<u>ഇ-ഫയൽ സമ്പ്രദായം</u>

2166. പ്രൊഫ. സി.രവീന്ദ്രനാഥ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇ-ഫയൽ സമ്പ്രദായം എല്ലാ വകുപ്പുകളിലും നടപ്പിലാക്കിക്കഴിഞ്ഞിട്ടുണ്ടോയെന്ന് വിശദമാക്കാമോ;

(ബി) ഇ-ഫയലിംഗ് പ്രായോഗികതലത്തിൽ കൊണ്ടുവന്നപ്പോൾ ഉണ്ടായ ബുദ്ധിമുട്ടുകളെക്കുറിച്ച് പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

<u>ഇ-പെയ്മെന്റ് ഗേറ്റ് വേ</u>

2167. ശ്രീ.പി.എ.മാധവൻ

,, എ.പി.അബ്ദുള്ളക്കുട്ടി

,, ബെന്നി ബെഹനാൻ

,, വി.ഡി.സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇ-പെയ്മെന്റ് ഗേറ്റ് വേ നിലവിൽ വന്നിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ ലക്ഷ്യങ്ങൾ വിശദമാക്കുമോ;

(ബി) സർക്കാർ സേവനങ്ങൾക്കാവശ്യമായി വരുന്ന പണമിടപാടുകൾ ഓൺലൈനായി നടത്താൻ എന്തെല്ലാം സൗകര്യങ്ങളാണ് പ്രസ്തുത സംവിധാനത്തിലുള്ളത് ;വിശദമാക്കുമോ?

(സി) പ്രസ്തുത സംവിധാനം നടപ്പിലാക്കുന്നതിനു സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

<u>ഇ-ഡിസ്ട്രിക്ട് പബ്ലിക് പോർട്ടൽ സംവിധാനം</u>

2168. ശ്രീ.ഡൊമിനിക് പ്രസന്റേഷൻ

,, എ.റ്റി.ജോർജ്

,, സണ്ണി ജോസഫ്

,, എം.പി.വിൻസെൻറ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇ-ഡിസ്ട്രിക്ട് പബ്ലിക് പോർട്ടൽ സംവിധാനത്തിന് തുടക്കം കുറിച്ചിട്ടുണ്ടോ ;

(ബി) പ്രസ്തുത സംവിധാനത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണ് ; വിശദമാക്കുമോ ;

(സി) സർക്കാർ സേവനങ്ങൾ ഓൺലൈനിലൂടെ ലഭിക്കാൻ എന്തെല്ലാം സംവിധാനങ്ങളാണ് ഇതിൽ ഒരുക്കിയിരിക്കുന്നത് ;

(ഡി) പ്രസ്തുത സംവിധാനം വഴി എന്തെല്ലാം സേവനങ്ങളാണ് ലഭിക്കുന്നതെന്ന് വിശദമാക്കാമോ ?

<u>ഐ.ടി. വികസനം</u>

2169. ശ്രീ.ടി.എൻ. പ്രതാപൻ

,, തേറമ്പിൽ രാമകൃഷ്ണൻ

,, എം.പി.വിൻസെൻറ്

,, ലൂഡി ലൂയിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഐ.ടി വികസനം നഗരങ്ങളിലും ഗ്രാമങ്ങളിലും എത്തിക്കുവാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാം;

(ബി) ഏതെല്ലാം പദ്ധതികളാണ് ഇതിനായി പ്രയോജനപ്പെടുത്തുന്നതെന്ന് വിശദമാക്കുമോ;

(സി) പദ്ധതി നടത്തിപ്പിനായി ഭരണതലത്തിൽ സ്വീകരിച്ച നടപടി വ്യക്തമാക്കാമോ;

(ഡി) ആരുടെയൊക്കെ സഹായമാണ് പദ്ധതി നടത്തിപ്പിനായി സ്വീകരിച്ചിട്ടുള്ളത് ;വിശദമാക്കുമോ?

## വെബ് സൈറ്റ് സംയോജനം

2170. ശ്രീ.ബെന്നി ബെഹനാൻ

,, കെ.മുരളീധരൻ

,, ജോസഫ് വാഴയ്ക്കൻ

,, വി.ഡി.സതീശൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ സേവനങ്ങൾ ലഭ്യമാക്കുന്ന നിലവിലുള്ള വിവിധ വെബ് സൈറ്റുകളെ സംയോജിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി ആരുടെ സഹായത്തോടുകൂടിയാണ് പ്രാവർത്തികമാക്കുന്നത്;വിശദമാക്കാമോ ;

(സി) പ്രസ്തുത പദ്ധതിക്കായി ഐ.ടി. വകുപ്പ് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ ?

## ലേൺ ടു കോർഡ് പദ്ധതി

2171. ശ്രീ.ലൂഡി ലൂയിസ്

,, കെ.ശിവദാസൻ നായർ

,, വർക്കല കഹാർ

,, എ.പി.അബ്ദുള്ളക്കുട്ടി **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലേൺ ടു കോർഡ് പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ ;

(സി) പുതുതലമുറയ്ക്ക് ഐ.റ്റി.വിദ്യാഭ്യാസം സുഗമമായും ചെലവ് കുറഞ്ഞ വിധത്തിലും നേടുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് പ്രസ്തുത പദ്ധതിയിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത് ;

(ഡി) പദ്ധതി നടത്തിപ്പിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

## അക്ഷയ കേന്ദ്രങ്ങൾക്ക് നൽകാനുള്ള കുടിശ്ശിക

2172. ശ്രീ.കെ.എൻ.എ.ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അക്ഷയ കേന്ദ്രങ്ങൾക്ക് വിവിധ പദ്ധതികൾ നടപ്പിലാക്കിയതിന് ഭീമമായ കുടിശ്ശിക നൽകാനുണ്ടെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇത് അവയുടെ പ്രവർത്തനത്തെ ദോഷകരമായി ബാധിക്കുന്നുവെന്നും പ്രസ്തുത കേന്ദ്രങ്ങൾ അടച്ചുപൂട്ടൽ ഭീഷണിയിലാണെന്നുമുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) പ്രസ്തുത കേന്ദ്രങ്ങൾ വഴിയുള്ള സേവനങ്ങൾക്ക് ഈടാക്കുന്ന സർവ്വീസ് ചാർജ്ജ് വെട്ടിക്കുറയ്ക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ ;

(ഡി) എങ്കിൽ പ്രസ്തുത തീരുമാനം അക്ഷയ കേന്ദ്രങ്ങളുടെ പ്രവർത്തനത്തെ ദോഷകരമായി ബാധിക്കുവാൻ ഇടയാക്കുന്നതാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) പ്രസ്തുത കേന്ദ്രങ്ങൾക്ക് നൽകാനുള്ള കുടിശ്ശിക അടിയന്തിരമായി കൊടുത്തു തീർത്തും സർവ്വീസ് ചാർജ്ജ് വെട്ടിക്കുറച്ച തീരുമാനം പുനപരിശോധിച്ചും ഇവയെ പ്രതിസന്ധിയിൽ നിന്നും രക്ഷിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

## കൊരട്ടി ഇൻഫോപാർക്കിന്റെ മൂന്നാം ഘട്ട വികസനം

2173. ശ്രീ.ബി.ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊരട്ടി ഇൻഫോപാർക്കിന്റെ മൂന്നാം ഘട്ട വികസന പ്രവർത്തന പുരോഗതി അറിയിക്കുമോ ;

(ബി) നിർമ്മാണം എന്നേക്ക് പൂർത്തിയാകുമെന്നും പുതിയ കമ്പനികളുൾപ്പെടെയുള്ളവയുടെ പ്രവർത്തനം എന്നത്തേക്ക് ആരംഭിക്കാൻ കഴിയുമെന്നും വ്യക്തമാക്കാമോ ?

## പതിനായിരം സ്കൂൾ വിദ്യാർത്ഥികൾക്ക് റാസ്ബറി പൈ കമ്പ്യൂട്ടറുകൾ നൽകുന്ന പദ്ധതി

2174. ശ്രീ.ഇ.പി.ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പതിനായിരം സ്കൂൾ വിദ്യാർത്ഥികൾക്ക് റാസ്ബറി പൈ കമ്പ്യൂട്ടറുകൾ നൽകുന്നതിനായി 2014-2015 ബഡ്ജറ്റിൽ പ്രഖ്യാപിച്ച പദ്ധതി സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ എന്തെല്ലാമാണ്;

(ബി) ഏത് ഏജൻസി മുഖേനയാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്;

(സി) ഇതിനായി എത്ര തുക ബഡ്ജറ്റിൽ നീക്കിവയ്ക്കുകയുണ്ടായി ;

(ഡി) ഗുണഭോക്താക്കളായ വിദ്യാർത്ഥികളെ തെരഞ്ഞെടുക്കുകയുണ്ടായോ ;

(ഇ) എത്ര വിദ്യാർത്ഥികൾ അപേക്ഷ സമർപ്പിച്ചുവെന്നും ഓരോ ജില്ലയിൽ നിന്നും എത്ര വിദ്യാർത്ഥികളെ വീതം തെരഞ്ഞെടുത്തുവെന്നും വ്യക്തമാക്കുമോ ;

(എഫ്) പ്രസ്തുത പദ്ധതി ഇപ്പോൾ ഏതു ഘട്ടത്തിലാണെന്നു വ്യക്തമാക്കുമോ?

<u>പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്കുള്ള ഉന്നമന പദ്ധതികൾ</u>

2175. **ശ്രീ.ബി.സത്യൻ :** താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ഉന്നമനത്തിനായി വിവരസാങ്കേതികവകുപ്പ് ഏതെല്ലാം പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുണ്ടെന്ന് വിശദമാക്കാമോ ?

<u>തലശ്ശേരിയിലെ ഐ.ടി.പാർക്ക്</u>

2176. **ശ്രീ.കോടിയേരി ബാലകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തലശ്ശേരിയിൽ ഐ.ടി. പാർക്ക് സ്ഥാപിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഇതിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ ;

(ബി) ഇതിനായി പണം വകയിരുത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ എത്രയെന്ന് വിശദമാക്കാമോ ?

<u>വെർച്ചൽ ഐ.റ്റി കേഡർ</u>

2177. **ശ്രീ.ജോസഫ് വാഴയ്ക്കൻ**
**,,** ബെന്നി ബെഹനാൻ
**,,** വർക്കല കഹാർ
**,,** കെ.ശിവദാസൻ നായർ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വെർച്ചൽ ഐ.റ്റി കേഡർ സ്ഥാപിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദീകരിക്കാമോ ;

(സി) ഇ-ഗവേണൻസ് പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുന്നതിന് മേൽനോട്ടം വഹിക്കുന്നതിനായി ഇതിൽ ഉൾപ്പെടുത്തിയിട്ടുള്ള കാര്യങ്ങൾ വിശദമാക്കാമോ ;

(ഡി) ആരുടെയെല്ലാം സഹായത്തോടുകൂടിയാണ് ഇത് പ്രവർത്തിക്കുന്നതെന്ന് വിശദമാക്കാമോ ?

<u>അക്ഷയകേന്ദ്രങ്ങളുടെ പ്രവർത്തനവും ഫീസ് നിരക്കുകളും</u>

T 2178. **ശ്രീമതി.ഗീതാ ഗോപി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) താലൂക്ക്/വില്ലേജ് ഓഫീസുകളിൽ നിന്ന് പൊതുജനങ്ങൾക്ക് ലഭിക്കേണ്ട വിവിധതരം സാക്ഷ്യപത്രങ്ങൾ ലഭിക്കുന്നതിന് ചുമതലപ്പെടുത്തിയ അക്ഷയകേന്ദ്രങ്ങൾ ശരിയാംവണ്ണം

പ്രവർത്തിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തിയിട്ടുണ്ടോ ; അതിനുള്ള സംവിധാനങ്ങളും ക്രമീകരണങ്ങളും എന്തെന്ന് വിശദമാക്കുമോ ;

(ബി) ഓരോ സർട്ടിഫിക്കറ്റിനും പൊതുജനങ്ങളിൽ നിന്ന് അക്ഷയകേന്ദ്രങ്ങൾ ഈടാക്കേണ്ട ഫീസ് നിരക്ക് നിശ്ചയിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(സി) ഫീസ് നിരക്കുകൾ അക്ഷയകേന്ദ്രങ്ങളിൽ പട്ടികയായി പ്രസിദ്ധീകരിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ അതിനുള്ള നടപടി സ്വീകരിക്കുമോ ?

## ഹാംലെറ്റ് പദ്ധതി

2179. **ശ്രീ.കെ.കുഞ്ഞിരാമൻ (ഉദുമ) :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഹാംലെറ്റ് പദ്ധതിയുടെ കീഴിൽ എത്ര കോളനികളാണ് ഏറ്റെടുത്ത് നടപ്പിലാക്കുന്നത്;

(ബി) കാസർഗോഡ് ജില്ലയിൽ ഏതൊക്കെ കോളനികളിലാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്;

(സി) ഈ കോളനികളിലെ നിർമ്മാണ പ്രവൃത്തികൾ എന്ന് പൂർത്തിയാക്കാനാണ് നിർവ്വഹണ ഏജൻസിക്ക് നിർദ്ദേശം നൽകിയിട്ടുള്ളത്; വിശദാംശങ്ങൾ അറിയിക്കാമോ;

(ഡി) നിലവിലുള്ള നിർമ്മാണ പുരോഗതി ഏതുവരെയായെന്ന് അറിയിക്കാമോ?

## പി.വി.റ്റി.ജി. പദ്ധതി പൂർത്തിയാക്കിയ സങ്കേതങ്ങൾ

2180. **ശ്രീ.വി.ശശി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.വി.റ്റി.ജി. പദ്ധതിയുടെ ഭാഗമായി ഭവനനിർമ്മാണം, മണ്ണ്, ജലസംരക്ഷണം, റോഡുകൾ എന്നിവയ്ക്ക് ഓരോന്നിനും ചെലവഴിച്ച തുകയുടെ ജില്ലയും ഊരും തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ ;

(ബി) വൈദ്യുതീകരണം പൂർത്തിയാക്കിയ സങ്കേതങ്ങളുടെ പട്ടികയും ചെലവാക്കിയ തുകയും സങ്കേതങ്ങൾ തിരിച്ച് ലഭ്യമാക്കാമോ ;

(സി) കുടിവെള്ള പദ്ധതി നടപ്പാക്കുന്ന സങ്കേതങ്ങളുടെ പട്ടികയും നീക്കിവച്ച തുകയെത്രയെന്നും വ്യക്തമാക്കാമോ ; പദ്ധതി പൂർത്തിയാക്കിയ സങ്കേതങ്ങളുടെ പേരും ചെലവഴിച്ച തുകയെത്രയെന്നും വ്യക്തമാക്കാമോ ?

## എൻ ഊര് പദ്ധതി

2181. **ശ്രീ.വി.ശശി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട്ടിലെ 'എൻ ഊര് 'പദ്ധതിക്ക് ഇതുവരെ എത്ര രൂപ ചെലവഴിച്ചു ; ഇതിൽ എന്തെല്ലാം പ്രവർത്തനങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്;

(ബി) ഇതിൽ എന്തെല്ലാം പ്രവർത്തനങ്ങൾ നടപ്പാക്കി ; വിശദാംശം ലഭ്യമാക്കാമോ ; നാളിതുവരെ എത്ര രൂപ ഈ പ്രവർത്തനങ്ങൾക്കായി വിനിയോഗിച്ചുവെന്നും പറയാമോ ;

(സി) പ്രസ്തുത പദ്ധതിക്കായി എത്ര ഏക്കർ വനഭൂമി ഏറ്റെടുത്തു ; ഇതിന് പരിസ്ഥിതി വനം മന്ത്രാലയത്തിന്റെ അനുമതി ലഭിച്ചിട്ടുണ്ടോ ?

<u>മാതൃകാ പട്ടികവർഗ്ഗ കോളനികൾ</u>

2182. **ശ്രീ.പി.കെ.ബഷീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏതെല്ലാം ആദിവാസി കോളനികളെയാണ് മാതൃകാ പട്ടികവർഗ്ഗ കോളനി പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത് വിശദമാക്കുമോ ;

(ബി) ഏതെല്ലാം ഏജൻസികളാണ് പ്രസ്തുത പദ്ധതിയുമായി സഹകരിക്കുന്നതെന്നും ആയത് ഇപ്പോൾ ഏത് ഘട്ടത്തിലാണെന്നും വിശദമാക്കുമോ ?

<u>ആദിവാസി സംരക്ഷണം .</u>

2183. **ശ്രീ.എം.ചന്ദ്രൻ**

**,, കെ.രാധാകൃഷ്ണൻ**

**,, കെ.കെ.ജയചന്ദ്രൻ**

**,, കെ.കുഞ്ഞിരാമൻ (ഉദുമ) :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആദിവാസികളെ മുഖ്യധാരയിലെത്തിക്കുന്നതിന് സർക്കാരിന്റെ പ്രവർത്തനങ്ങളിലൂടെ സാദ്ധ്യമായിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ ;

(ബി) ആദിവാസികളെ ചൂഷണം ചെയ്യുന്നത് തടയാൻ എന്തു പുതിയ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്നു വ്യക്തമാക്കാമോ ;

(സി) ആദിവാസികളെ ചൂഷണത്തിൽനിന്ന് സംരക്ഷിക്കുന്നതിന് ഉത്തരവാദപ്പെട്ട അധികാരികളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ ; വിശദമാക്കുമോ ?

<u>ആദിവാസി മേഖലയിലെ അവിവാഹിതരായ അമ്മമാർ</u>

2184. **പ്രൊഫ. സി.രവീന്ദ്രനാഥ്**

**ശ്രീ.കെ.കുഞ്ഞിരാമൻ (ഉദുമ)**

**ശ്രീമതി.കെ.എസ്.സലീഖ**

**,, കെ.കെ.ലതിക :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആദിവാസി മേഖലയിൽ അവിവാഹിതരായ അമ്മമാരുടെ എണ്ണം വർദ്ധിക്കുന്നതായ ആക്ഷേപത്തിൽ അന്വേഷണം നടത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ആദിവാസി മേഖലയിൽ സ്ത്രീകളെ ശാരീരികമായ ചൂഷണം ചെയ്യപ്പെടുന്നതിൽ നിന്നും സംരക്ഷണം നൽകുന്നതിന് എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ;

(സി) ആദിവാസികളെ ചൂഷണത്തിൽ നിന്നും സംരക്ഷിക്കുന്നതിന് നടപടി സ്വീകരിക്കേണ്ട അധികാരികളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) ആദിവാസി പെൺകുട്ടികളെ പുറത്തുനിന്നുള്ളവർ വിവാഹം ചെയ്ത് അവിടെ താമസിക്കുകയും പ്രദേശത്തെ മറ്റ് പെൺകുട്ടികളെ പീഡിപ്പിക്കുകയും ചെയ്യുന്നതായ വാർത്തകളിൽ അന്വേഷണം നടത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

## <u>ആദിവാസി കോളനികളിലെ രോഗങ്ങൾ</u>

2185. **ശ്രീ.എ.കെ.ബാലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആദിവാസി കോളനികളിൽ നിന്നും ഗുരുതരമായ പല രോഗങ്ങളും റിപ്പോർട്ട് ചെയ്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതെല്ലാം കോളനികളിൽ നിന്നും ഏതെല്ലാം രോഗങ്ങളാണ് റിപ്പോർട്ട് ചെയ്തിട്ടുള്ളത്;

(ബി) പ്രസ്തുത കോളനികളിൽ നിന്നും രോഗങ്ങൾ മൂലമുള്ള മരണങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര മരണങ്ങൾ ഏതെല്ലാം കോളനികളിൽ നിന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത കോളനികളിൽ രോഗപരിചരണത്തിനും രോഗപ്രതിരോധത്തിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത കോളനികളിൽ ഏതെല്ലാം കോളനികളിലാണ് പ്രാക്തന ഗോത്രവർഗ്ഗ ക്ഷേമത്തിനായുള്ള കേന്ദ്ര ഫണ്ട് വിനിയോഗിച്ചത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

## <u>ആശിക്കും ഭൂമി ആദിവാസിക്ക് എന്ന പദ്ധതി</u>

2186. **ശ്രീ.എം.വി.ശ്രേയാംസ് കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആശിക്കും ഭൂമി ആദിവാസിക്ക് എന്ന പദ്ധതി പ്രകാരം കല്പ്പറ്റ നിയോജക മണ്ഡലത്തിലെ എത്ര കുടുംബങ്ങൾക്ക് ഭൂമി വാങ്ങിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) ഓരോ കുടുംബത്തിനും എത്ര ഏക്കർ ഭൂമി വീതം ലഭിച്ചിട്ടുണ്ട് എന്നതിന്റെ വിശദാംശം ലഭ്യമാക്കുമോ ;

(സി) ഇതിനായി എത്ര തുക ചെലവഴിച്ചുവെന്ന് വ്യക്തമാക്കുമോ ?

## <u>ഹാംലറ്റ് ഡെവലപ്മെൻറ് പദ്ധതി</u>

2187. **ശ്രീ.വി.പി.സജീന്ദ്രൻ**

**,, ഐ.സി.ബാലകൃഷ്ണൻ**

**,, ബെന്നി ബെഹനാൻ**

,, കെ.മുരളീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തെരഞ്ഞെടുത്ത ഗോത്രവർഗ്ഗ ഗ്രാമങ്ങളിൽ ഹാംലറ്റ് ഡെവലപ്മെൻറ് പദ്ധതി ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ വിശദമാക്കാമോ ;

(സി) പ്രസ്തുത പദ്ധതി വഴി എന്തെല്ലാം ആനുകൂല്യങ്ങളും സേവനങ്ങളുമാണ് ലഭ്യമാക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(ഡി) പദ്ധതി രൂപീകരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ?

## താനയനംകുടി ആദിവാസികോളനിയിലെ പ്രശ്നങ്ങൾ

2188. ശ്രീ.എസ്.രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മറയൂർ ഗ്രാമപഞ്ചായത്ത് തായനംകുടിയിൽ ആദിവാസികളായ പുരുഷൻമാർ കുടിയിൽ നിന്നും ഒരു മാസകാലത്തോളം ഒളിവിൽപ്പോയ വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ എന്ത് നടപടിയാണ് സ്വീകരിച്ചത് ;

(സി) ആദിവാസികളെ കരുവാക്കി നായാട്ട്, കഞ്ചാവ് കൃഷി തുടങ്ങിയവ നടത്തിയതിന് തെളിവുകൾ ലഭിച്ചിട്ടും ആയത് പരിശോധിക്കാതെ കേസുകൾ ഒതുക്കി തീർക്കുകയും ആദിവാസികളെ തിരികെ കുടിയിൽ കൊണ്ടുവരാമെന്ന് ചിന്നാർ അസിസ്റ്റന്റ് വൈൽഡ് ലൈഫ് വാർഡൻ, മറയൂർ സബ് ഇൻസ്പെക്ടർ എന്നിവർ എം.എൽ.എ യുടെ സാന്നിധ്യത്തിൽ സമ്മതിക്കുകയും എന്നാൽ ഇവർ പിന്നീട് എം.എൽ.എ. യോടൊപ്പം കുടി സന്ദർശിക്കാതെ ഇരിക്കുകയും തെറ്റായ റിപ്പോർട്ട് നൽകുകയും ചെയ്ത നടപടി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇവർക്കെതിരെ എന്ത് നടപടികൾ ആണ് സ്വീകരിച്ചിട്ടുള്ളത് ?

## അട്ടപ്പാടി മേഖലയിലെ കേന്ദ്രാവിഷ്കൃത പദ്ധതികൾ

2189. ശ്രീ.എ.കെ.ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അട്ടപ്പാടി മേഖലയിൽ കഴിഞ്ഞ നാലു വർഷത്തിനിടയിൽ ആദിവാസികളുടെ ക്ഷേമത്തിനായി അനുവദിച്ചിട്ടുള്ള കേന്ദ്രാവിഷ്കൃത പദ്ധതികൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) ഓരോ പദ്ധതിക്കും അനുവദിച്ച തുക, ചെലവഴിച്ചതിന്റെ വിശദാംശങ്ങൾ എന്നിവ വിശദമാക്കുമോ;

(സി) ഏതെങ്കിലും കേന്ദ്രാവിഷ്കൃത പദ്ധതി നടപ്പിലാക്കാതെ പോയിട്ടുണ്ടോ; എങ്കിൽ ആയതിന്റെ കാരണം വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത പദ്ധതിക്കുള്ള ഫണ്ട് യഥാസമയം ലഭിക്കാത്ത സാഹചര്യം ഉണ്ടായിട്ടുണ്ടോ; എങ്കിൽ തടസ്സങ്ങൾ എന്തെല്ലാമായിരുന്നു എന്നു വ്യക്തമാക്കുമോ?

ഭവനരഹിതരായ പട്ടികവർഗ്ഗ കുടുംബങ്ങൾ

2190. **ശ്രീ.കെ.കുഞ്ഞിരാമൻ (ഉദുമ) :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭവനരഹിതരായ പട്ടികവർഗ്ഗ കുടുംബങ്ങൾ എത്രയാണെന്ന് ജില്ലാടിസ്ഥാനത്തിലുള്ള കണക്ക് വിശദമാക്കാമോ ;

(ബി) പ്രസ്തുത കുടുംബങ്ങൾക്കെല്ലാം ഭവനം നിർമ്മിച്ചുകൊടുക്കുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ അറിയിക്കാമോ ;

(സി) ഒരു വീടിന് എത്ര തുകയാണ് നൽകുന്നത് ; ഇത്തരത്തിൽ എല്ലാവീടിനും കൂടി എത്ര തുക വേണ്ടിവരും ;

(ഡി) ഇതിനായി 2015-16 വർഷത്തെ ബജറ്റിൽ എത്ര രൂപയാണ് വകയിരുത്തിയിട്ടുള്ളത് ; വിശദാംശങ്ങൾ അറിയിക്കാമോ ?

മലക്കപ്പാറ ആരോഗ്യകേന്ദ്രത്തിലെ ഡോക്ടറുടെ വേതനം

2191. **ശ്രീ.ബി.ഡി. ദേവസ്സി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി മണ്ഡലത്തിലെ മലക്കപ്പാറയിൽ പ്രവർത്തിച്ചു വരുന്ന പട്ടികവർഗ്ഗ ക്ഷേമവകുപ്പിനു കീഴിലുള്ള ആരോഗ്യകേന്ദ്രത്തിലെ ഡോക്ടറുടെ വേതനം കാലാനുസൃതമായി പുതുക്കുന്നതു സംബന്ധിച്ച അപേക്ഷയിൽ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ;

(ബി) വർഷങ്ങൾക്കുമുൻപ് നിശ്ചയിച്ച വളരെ പരിമിതമായ വേതനം സർക്കാർ ഡേക്ടർമാരുടെ മിനിമം വേതനത്തിനു തുല്യമായി പുതുക്കി നൽകാൻ അടിയന്തര നടപടി സ്വീകരിക്കുമോ ?

ഗോത്രജ്യോതി പദ്ധതി

2192. **ശ്രീ.ഐ.സി.ബാലകൃഷ്ണൻ**

**,,** വി.പി.സജീന്ദ്രൻ

**,,** എം.പി.വിൻസെൻറ്

**,,** എ.പി.അബ്ദുള്ളക്കുട്ടി **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗോത്രജ്യോതി പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ;

(സി) പ്രസ്തുത പദ്ധതിയുമായി ഏതെല്ലാം ഏജൻസികളാണ് സഹകരിക്കുന്നതെന്ന് വിശദമാക്കുമോ;

(ഡി) പട്ടികവർഗ്ഗ യുവാക്കൾക്ക് തൊഴിൽ നൈപുണ്യത്തിന് എന്തെല്ലാം കാര്യങ്ങളാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വിശദീകരിക്കാമോ?

## പട്ടികവർഗ്ഗ മേഖലയിലെ പുതിയ പദ്ധതികൾ

2193. ശ്രീ.കെ.വി.വിജയദാസ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പട്ടികവർഗ്ഗ മേഖലയിൽ കൊണ്ടുവന്ന പുതിയ പദ്ധതികൾ എന്തെല്ലാം; ഓരോ പദ്ധതിക്കുമായി ബജറ്റിൽ നീക്കിവച്ച തുകയുടെയും ചെലവഴിച്ച തുകയുടേയും വിശദാംശങ്ങൾ നൽകുമോ;

(ബി) അപ്രകാരം നടപ്പിലാക്കിയ ഓരോ പദ്ധതിയുടെയും ഇപ്പോഴത്തെ സ്ഥിതിവിവരം നൽകുമോ?

## പട്ടികവർഗ്ഗ മേഖലകളുടെ സുസ്ഥിര വികസനം

2194. ശ്രീ.വി.പി.സജീന്ദ്രൻ

,, ഐ.സി.ബാലകൃഷ്ണൻ

,, ഡൊമിനിക് പ്രസന്റേഷൻ

,, തേറമ്പിൽ രാമകൃഷ്ണൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗ മേഖലകളുടെ സുസ്ഥിര വികസനത്തിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; എങ്കിൽ എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(ബി) പട്ടികവർഗ്ഗ കേന്ദ്രങ്ങളെ മാതൃകാ വികസന ഗ്രാമങ്ങളാക്കി മാറ്റുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്;

(സി) പദ്ധതി നടത്തിപ്പിനായി ഭരണതലത്തിൽ ഏർപ്പെടുത്തിയിട്ടുള്ള സംവിധാനങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ;

## സ്വയംപര്യാപ്ത ഗ്രാമങ്ങൾ

2195. ശ്രീ. എൻ .എ.നെല്ലിക്കുന്ന് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗക്ഷേമ വകുപ്പിന്റെ കീഴിൽ സ്വയംപര്യാപ്ത ഗ്രാമങ്ങൾ പദ്ധതി നടപ്പിലാ ക്കിയിട്ടുണ്ടോ ; അവയുടെ നിർമ്മാണം പൂർത്തിയായിട്ടുണ്ടോ; ഇതിനായി ഓരോ ജില്ലയിലും അനുവദിച്ച തുക എത്ര;

(ബി) കാസർകോട് ജില്ലയിൽ സ്വയംപര്യാപ്തഗ്രാമത്തിന്റെ നിർമ്മാണം നടക്കുന്നുണ്ടോ; ഉണ്ടെങ്കിൽ ആർക്കാണ് ഇതിന്റെ കരാർ നൽകിയത്; നിർമ്മാണം എപ്പോൾ പൂർത്തിയാകും; അനുവദിച്ച തുക, നാളിതുവരെ ചെലവായ തുകയുൾപ്പെടെയുള്ള കണക്ക് പട്ടിക തിരിച്ച് നൽകാമോ?

## പട്ടികവർഗ്ഗ സങ്കേതങ്ങളിലെ അടിസ്ഥാന സൗകര്യ വികസന പദ്ധതി

2196. ശ്രീ.രാജു എബ്രഹാം **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗ സങ്കേതങ്ങളിലെ അടിസ്ഥാന സൗകര്യ വികസന പദ്ധതിയിൽ റാന്നി നിയോജകമണ്ഡലത്തിലെ ഏതൊക്കെ കോളനികളെയാണ് ഉൾപ്പെടുത്തിയിരിക്കുന്നത് ; ഓരോ കോളനിയിലും എന്തൊക്കെ വികസന പ്രവർത്തനങ്ങൾ നടത്താനാണ് നിശ്ചയിച്ചിരുന്നത് ; ഓരോന്നിലും ചെലവാകുന്ന തുക എത്രയെന്ന് വിശദമാക്കാമോ ;

(ബി) ഈ പദ്ധതി പ്രകാരം നിയോജക മണ്ഡലത്തിൽ തെരഞ്ഞെടുക്കപ്പെട്ട ഏതൊക്കെ കോളനികളിൽ എന്തൊക്കെ പണികളാണ് പൂർത്തിയായിട്ടുള്ളത് ; പൂർത്തിയാകാത്ത വികസന പ്രവർത്തനങ്ങൾ ഏതൊക്കെയെന്നും നിർമ്മാണം ഏതു ഘട്ടത്തിലാണെന്നും വിശദീകരിക്കാമോ ;

(സി) ഏതെങ്കിലും പദ്ധതിയിൽ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കാൻ ബാക്കിയുണ്ടോ ; ഉണ്ടെങ്കിൽ ഏതൊക്കെ ; നിർമ്മാണം വൈകാനുണ്ടായ കാരണം വ്യക്തമാക്കാമോ ;

(ഡി) ഓരോ കോളനിയിലേയും പ്രവൃത്തികൾ എന്ന് പൂർത്തിയാകുമെന്ന് അറിയിക്കുമോ ?

<u>പട്ടികവർഗ്ഗ സങ്കേതങ്ങളുടെ സാംസ്കാരിക മൂല്യങ്ങൾ പരിപോഷിപ്പിക്കുന്നതിനുള്ള പദ്ധതി</u>

2197. ശ്രീ.ഐ.സി.ബാലകൃഷ്ണൻ

,, വി.പി.സജീന്ദ്രൻ

,, ജോസഫ് വാഴയ്ക്കൻ

,, വി.ഡി.സതീശൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തെരഞ്ഞെടുക്കപ്പെട്ട പട്ടികവർഗ്ഗ സങ്കേതങ്ങളുടെ സാംസ്കാരിക മൂല്യങ്ങളും പ്രവർത്തനങ്ങളും സംരക്ഷിക്കുകയും പരിപോഷിപ്പിക്കുകയും ചെയ്യുവാൻ എന്തെല്ലാം കാര്യങ്ങളാണ് പട്ടികവർഗ്ഗ സങ്കേതങ്ങൾക്കായുള്ള പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്;

(ബി) പ്രസ്തുത പദ്ധതി നടത്തിപ്പിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

<u>അട്ടപ്പാടിയിൽ പട്ടികവർഗ്ഗ വികസന വകുപ്പിന് ഒരു ജില്ലാതല ഓഫീസ്</u>

2198. ശ്രീ.കെ.വി.വിജയദാസ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അട്ടപ്പാടിയിൽ പട്ടികവർഗ്ഗ വികസന വകുപ്പിന് സ്വന്തമായി ഒരു ഓഫീസില്ലെന്നും ആയത് ഇപ്പോൾ ഗ്രാമവികസന വകുപ്പിനു കീഴിലാണ് പ്രവർത്തിക്കുന്നതെന്നും വകുപ്പിനുവേണ്ടി ബഡ്ജറ്റ് തയ്യാറാക്കുന്നതു പോലും ഗ്രാമവികസന വകുപ്പിലെ ITDP ഉദ്യോഗസ്ഥരാണെന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇപ്പോഴും പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ശിശുക്കൾ മരണപ്പെട്ടുകൊണ്ടിരിക്കുന്ന പശ്ചാത്തലത്തിൽ വകുപ്പിനു സ്വന്തമായി ഒരു ഓഫീസ് ആരംഭിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ സമയബന്ധിതമായി നടപടി സ്വീകരിക്കുമോ ?

ആദിവാസികൾക്കുള്ള ഭൂമി വിതരണം

2199. ശ്രീ.ഇ.ചന്ദ്രശേഖരൻ

,, വി.എസ്.സുനിൽ കുമാർ

ശ്രീമതി.ഗീതാ ഗോപി

ശ്രീ.ചിറ്റയം ഗോപകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആദിവാസികൾക്ക് അവകാശപ്പെട്ട ഭൂമി വിതരണം ചെയ്യുന്നുണ്ടോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഭൂമിക്കുവേണ്ടി എത്ര ആദിവാസികളിൽ നിന്ന് അപേക്ഷ ലഭിച്ചു ; ഇതിൽ എത്ര അപേക്ഷകൾ തീർപ്പാക്കി ; എത്ര അപേക്ഷകൾ തീർപ്പാക്കാനുണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) തീർപ്പാക്കിയ അപേക്ഷകൾ പ്രകാരം ഭൂമി വിതരണം ചെയ്തിട്ടുണ്ടോ ; ഇല്ലെങ്കിൽ ഇനി എത്ര പേർക്ക് ഭൂമി വിതരണം ചെയ്യാനുണ്ടെന്ന് വെളിപ്പെടുത്തുമോ ?

(ഡി)

പട്ടികവർഗ്ഗക്ഷേമ വകുപ്പിനെ സംബന്ധിച്ച് വർക്ക് സ്റ്റഡി

2200. ശ്രീ.കെ.വി.വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗക്ഷേമ വകുപ്പിനെ സംബന്ധിച്ച് വർക്ക് സ്റ്റഡി നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ബി) പ്രസ്തുത വർക്ക് സ്റ്റഡി നടപ്പിലാക്കിയിട്ടുണ്ടോ; എന്നാണ് പ്രസ്തുത വർക്ക് സ്റ്റഡി റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളത്; ആയത് നടപ്പിലാക്കുവാൻ കാലതാമസം വരുത്തിയതിന്റെ കാരണം വ്യക്തമാക്കുമോ?

യുവജന ബോർഡിന്റെ നേതൃത്വത്തിൽ സൗജന്യ കോച്ചിംഗ്

2201. ശ്രീ.വി.റ്റി.ബൽറാം

,, ഹൈബി ഈഡൻ

,, ഷാഫി പറമ്പിൽ

,, പി.സി വിഷ്ണുനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) യുവജന ബോർഡിന്റെ നേതൃത്വത്തിൽ ഉദ്യോഗാർത്ഥികൾക്ക് മത്സര പരീക്ഷകൾക്കായി സൗജന്യ കോച്ചിംഗ് ക്ലാസ്സുകൾ നൽകുന്ന പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പദ്ധതി വഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത് ;

(സി) ഏതൊക്കെ പരീക്ഷകൾക്കാണ് കോച്ചിംഗ് നൽകുന്നത്;

(ഡി) പദ്ധതിയെക്കുറിച്ച് ഉദ്യോഗാർത്ഥികളുടെയിടയിൽ പ്രചാരം നൽകുന്ന കാര്യം പരിഗണിക്കുമോ?

<u>യുവസംരംഭക സംഗമം</u>

2202. ശ്രീ.ഷാഫി പറമ്പിൽ

,, പി.സി വിഷ്ണുനാഥ്

,, വി.റ്റി.ബൽറാം

,, ഹൈബി ഈഡൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) യുവജന ബോർഡിന്റെ നേതൃത്വത്തിൽ യുവസംരംഭക സംഗമം സംഘടിപ്പിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത സംഗമം മുഖേന എന്തെല്ലാം ഉദ്ദേശലക്ഷ്യങ്ങളാണ് കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) എന്തെല്ലാം കാര്യങ്ങളാണ് പ്രസ്തുത സംഗമത്തിൽ ചർച്ച ചെയ്തത്;

(ഡി) ഇതിന്മേൽ എന്തെല്ലാം തുടർനടപടികളാണ് കൈക്കൊള്ളാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

<u>യുവജനക്ഷേമ ബോർഡ് മുഖേന നടപ്പിലാക്കി വരുന്ന പദ്ധതികൾ</u>

2203. ശ്രീ.പി.ടി.എ. റഹീം **:** താഴെ കാണുന്ന ചോദ്യത്തിന് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) യുവജനക്ഷേമ ബോർഡ് മുഖേന എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കി വരുന്നതെന്ന് വിശദമാക്കാമോ?

<u>കാസർഗോഡ് ജില്ലയിൽ യുവജനകാര്യ വകുപ്പിന്റെ പ്രവർത്തനങ്ങൾ</u>

2204. ശ്രീ.ഇ.ചന്ദ്രശേഖരൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം കാസർഗോഡ് ജില്ലയിൽ യുവജനകാര്യ വകുപ്പ് നടപ്പിലാക്കിയ പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

(ബി) യുവജന ബോർഡ് മുഖാന്തിരം ജില്ലയിൽ നടപ്പിലാക്കിയ പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് നിയോജകമണ്ഡലം തിരിച്ച് വ്യക്തമാക്കാമോ ;

(സി) 2015-16 വർഷത്തിൽ യുവജനകാര്യ വകുപ്പ് കാസർഗോഡ് ജില്ലയിൽ നടപ്പിലാക്കുന്ന പദ്ധതികൾ ഏതൊക്കെയാണെന്ന് വിശദീകരിക്കാമോ ?

<u>സ്റ്റുഡന്റ് ഹെൽത്ത് എഡ്യുക്കേഷൻ പ്രൊമോട്ടർ പദ്ധതി</u>

2205. ശ്രീ.ഹൈബി ഈഡൻ
,, ഷാഫി പറമ്പിൽ
,, പി.സി വിഷ്ണുനാഥ്
,, വി.റ്റി.ബൽറാം **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്റ്റുഡന്റ് ഹെൽത്ത് എഡ്യുക്കേഷൻ പ്രൊമോട്ടർ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ ;

(ബി) പട്ടിക വർഗ്ഗ കോളനികളിലും ആദിവാസി വിദ്യാർത്ഥികൾക്കിടയിലും ആരോഗ്യ ശുചിത്വ ബോധവൽക്കരണം നടത്തുവാൻ പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്ന കാര്യങ്ങൾ വിശദമാക്കാമോ ;

(സി) പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിൽ സഹകരിക്കുന്ന ഏജൻസികളുടെ വിവരം അറിയിക്കുമോ;

(ഡി) പദ്ധതിനടത്തിപ്പിനായി ആരെയൊക്കെയാണ് ചുമതലപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നത് ;വിശദാംശങ്ങൾ നല്കാമോ ;

(ഇ) പ്രസ്തുത പദ്ധതി എന്നുമുതൽ നടപ്പാക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

<u>കേരളോൽസവങ്ങളുടെ പങ്കാളിത്ത കുറവ്</u>

2206. ശ്രീ.സാജു പോൾ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളോൽസവങ്ങളിലെ പങ്കാളിത്ത കുറവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ജില്ലാ-സംസ്ഥാനതല കേരളോൽസവ വിജയികൾക്ക് സംസ്ഥാന സർക്കാർ ജോലികളിലും ഉന്നത വിദ്യാഭ്യാസ രംഗത്തും ഗ്രേസ് മാർക്ക് നൽകാൻ നടപടി സ്വീകരിക്കുമോ ;

(സി) ഈ സർക്കാർ അധികാരമേറ്റശേഷം ഓരോ വർഷവും കേരളോൽസവത്തിൽ പങ്കാളികളായവരുടെ എണ്ണം ജില്ല തിരിച്ച് വ്യക്തമാക്കുമോ?

<u>വനഭൂമി ആദിവാസികൾക്ക് തിരിച്ച് നൽകാൻ നടപടി</u>

2207. ശ്രീ.വി.ശശി **:** താഴെ കാണുന്ന ചോദ്യത്തിന് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വെറ്ററനറി സർവ്വകലാശാലയ്ക്ക് വേണ്ടി ഏറ്റെടുത്ത വനഭൂമി ആദിവാസികൾക്ക് തിരിച്ച് നൽകാൻപട്ടികവർഗ്ഗ വകുപ്പ് നടപടി സ്വീകരിക്കുമോ?

<u>തിരുവനന്തപുരം മൃഗശാലാ നവീകരണം</u>

2208. ശ്രീ.കെ.കുഞ്ഞമ്മത് മാസ്റ്റർ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം മൃഗശാല നവീകരിക്കുന്നതിന്റെ ഭാഗമായി എന്തെല്ലാം പ്രവൃത്തികളാണ് നടത്തിവരുന്നത് ;

(ബി) പ്രസ്തുത മൃഗശാലയ്ക്കുള്ളിലെ ജലാശയങ്ങൾ വൃത്തിയാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത് ; വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

കേരള നിയമസഭാ
സെക്രട്ടേറിയറ്റ്,
തിരുവനന്തപുരം,
null

പി.ഡി.ശാരംഗധരൻ,
സെക്രട്ടറി.

---

<u>പ്രത്യേക ശ്രദ്ധയ്ക്ക്:</u> നിയമസഭാ ചോദ്യങ്ങളുടെ മറുപടി അവ സഭയിൽ ഉന്നയിക്കുന്നതിൻറെ തലേദിവസം വൈകുന്നേരം 5 മണിക്ക് മുമ്പായി ലഭ്യമാക്കേണ്ടതാണ് [ചട്ടം 47(1)].
"T" ഇന്നത്തേക്ക് മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.